# ആത്മകഥകളിലെ സ്ത്രീ ആഖ്യാനവൈവിധ്യം

സെന്റ് . തെരേസാസ് കോളേജ് (സ്വയംഭരണം)
മലയാളം ബിരുദാനന്തരബിരുദത്തിന്റെ ഭാഗികപൂരണത്തിനായി
സമർപ്പിക്കുന്ന പ്രബന്ധം


**മരിയ മോഹൻ**

**രജിസ്റ്റർ നമ്പർ : SM23MAL003**


Valued
6/5/25


**സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം)**

**എറണാകുളം**

**2025**



ST. TERESA'S COLLEGE AUTONOMOUS * ERNAKULAM-682 011 *

# ST.TERESA'S COLLEGE (AUTONOMOUS)
# ERNAKULAM

## Certificate of Plagiarism Check for Dissertation

| | |
|---|---|
| Author Name | മരിയ മോഹൻ |
| Course of Study | എം. എ. മലയാളം |
| Name of Guide | ഡോ. ലില്ലി സി. ഒ. |
| Department | മലയാളം ബിരുദാനന്തരബിരുദ വിഭാഗം |
| Acceptable Maximum Limit | 20 |
| Submitted By | library@teresas.ac.in |
| Paper Title | ആത്മകഥകളിലെ സ്ത്രീ ആഖ്യാനവൈവിധ്യം |
| Similarity | 0% AI - N.A. |
| Paper ID | 3573986 |
| Total Pages | 61 |
| Submission Date | 2025-05-04 15:12:53 |

**Signature of Student** **Signature of Guide**

**Checked By**
**College Librarian**

ST. TERESA'S COLLEGE LIBRARY ERNAKULAM

* This report has been generated by DrillBit Anti-Plagiarism Software

## പ്രതിജ്ഞാപത്രം

ഈ പ്രബന്ധം ഇതിനു മുൻപ് ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് സമർപ്പിച്ചിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു.

മരിയ മോഹൻ

എറണാകുളം

03.05.2025

രണ്ടാംവർഷ മലയാളം

ബിരുദാനന്തരബിരുദം

# സാക്ഷ്യപത്രം

**ഡോ. ലില്ലി സി.ഒ.**

കോഴ്സ് കോർഡിനേറ്റർ

മലയാള വിഭാഗം

സെന്റ് തെരേസാസ് കോളേജ് (സ്വയംഭരണം)

എറണാകുളം

സെന്റ് തെരേസാസ് കോളേജ് (സ്വയംഭരണം) മലയാളം ബിരുദാനന്തര ബിരുദത്തിന്റെ ഭാഗികപൂരണത്തിനായി മരിയ മോഹൻ സമർപ്പിക്കുന്ന ' ആത്മകഥകളിലെ സ്ത്രീ ആഖ്യാന വൈവിധ്യം 'എന്ന പ്രബന്ധം എന്റെ ശിക്ഷണത്തിൽ തയ്യാറാക്കിയിട്ടുള്ളതാണെന്നും ഈ പ്രബന്ധം ഇതിനു മുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഡിപ്ലോമയ്ക്കോ വേണ്ടി സമർപ്പിച്ചിട്ടുള്ള തല്ലെന്നും ഇതു പൂർണമായോ ഭാഗികമായോ മുൻപ് പ്രസിദ്ധപ്പെടുത്തിയിട്ടുളതല്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

എറണാകുളം

03.05.2025

**ഡോ. ലില്ലി സി.ഒ.**

# കൃതജ്ഞത

ഈ പ്രബന്ധരചനയ്ക്ക് വേണ്ട മാർഗനിർദ്ദേശം നൽകി എന്നെ സഹായിച്ച സെന്റ്. തെരേസാസ് കോളേജ്, മലയാളവിഭാഗം അദ്ധ്യാപിക ഡോ. ലില്ലി സി.ഒ. യ്ക്കും, പ്രബന്ധരചനയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ നൽകി സഹായിച്ച ലൈബ്രറി ഉദ്യോഗസ്ഥർക്കും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.


എറണാകുളം

05.05.2025

മരിയ മോഹൻ

രണ്ടാംവർഷ മലയാളം
ബിരുദാനന്തരബിരുദം

# ഉള്ളടക്കം

**ആമുഖം** : I-III

പഠനലക്ഷ്യം

പഠനത്തിന്റെ പ്രസക്തി

പരികല്പന

പഠനമേഖല

പഠനരീതി

പ്രബന്ധസ്വരൂപം

**അധ്യായം ഒന്ന്** : 1-7
**ആത്മകഥയിലെ പെൺസാന്നിധ്യം**

1.1 ആത്മകഥ : ചരിത്രം

1.2 ആത്മകഥ : വിഭാഗങ്ങൾ

1.2.1 സ്മരണകൾ

1.2.2 കത്തുകൾ

1.2.3 പൂർണ്ണ ആത്മകഥകൾ

1.2.4 ഡയറികൾ

1.3 ആത്മകഥയിലെ സ്ത്രീയാഖ്യാനം

1.4 ആത്മകഥ ഇന്ന്

**അധ്യായം രണ്ട്  :  8-27**

**'ഞാൻ ലൈംഗികത്തൊഴിലാളി' -**
**തെരുവുജീവിതത്തിന്റെ ആത്മകഥാഖ്യാനം**

2.1'ഞാൻ ലൈംഗികത്തൊഴിലാളി' - ആത്മകഥാസംഗ്രഹം

2.2 ശീർഷകത്തിന്റെ സവിശേഷത

2.3 ആത്മകഥയുടെ ഘടന

2.4 ദുരിതംപേറുന്ന ബാല്യവും വൈവാഹിക ജീവിതവും

2.5 തൊഴിലിടങ്ങളിലെ ദുരനുഭവങ്ങൾ

2.6 വിവാഹം

2.7 ലൈംഗികവൃത്തി - സാഹചര്യങ്ങളുടെ സമ്മർദ്ദം

2.8 കമ്പനി വീട്

2.9 രണ്ടാം വിവാഹവും താളപ്പിഴകളും

2.10 നളിനി ജമീലയാകുന്നു

2.11 വീണ്ടും ലൈംഗികവൃത്തിയിലേക്ക്

2.12 ജ്വാലാമുഖി

2.13 ദു:ഖത്തിലാഴ്ത്തിയ മരണങ്ങൾ

2.14 സംഘടനാപ്രവർത്തനങ്ങൾ

2.15 കൂടെ നിന്നവർ

2.16 പുതുവെളിച്ചം

2.17 മകൾ

2.18 ബംഗ്ലാദേശ് കോളനി

2.19 പുനരധിവാസം

2.20 മാധ്യമബന്ധം

**അധ്യായം മൂന്ന്** : 28-42

**'ആമേൻ' - ആഖ്യാനവും അനുഭവസത്തയും**

3.1 ശീർഷകത്തിന്റെ പ്രസക്തി

3.2 കുട്ടിക്കാലം

3.3 കന്യാസ്ത്രീ മഠത്തിലേക്ക്

3.4 സഹപ്രവർത്തകരുമായുള്ള അഭിപ്രായവ്യത്യാസം

3.5 അവസരങ്ങൾ നഷ്ടപ്പെടുന്നു

3.6 പ്രതിഷേധം

3.7 രക്ഷപ്പെടൽ

3.8 പ്രതിരോധം

**ഉപസംഹാരം** : 43-44

**ഗ്രന്ഥസൂചി** : 45

# ആമുഖം

# ആമുഖം

ഒരു വ്യക്തി തന്റെ ജീവിതാനുഭവങ്ങളെ വിവരിച്ചെഴുതുന്ന സാഹിത്യശാഖയാണ് ആത്മകഥ. ആദ്യകാലങ്ങളിൽ സാമൂഹികപദവികളിൽ ഉൾപ്പെട്ടവർ മാത്രമാണ് ആത്മകഥാരചനയിൽ സജീവമായിരുന്നതെങ്കിലും കാലക്രമേണ ഇതിനു മാറ്റം സംഭവിക്കുകയും അതോടൊപ്പം എഴുത്തിൽ ആഴത്തിലുള്ള ജ്ഞാനം ഉള്ളവർക്ക് മാത്രമേ ഇത് സാധിക്കൂ എന്ന ധാരണകൂടിയും പൊളിച്ചെഴുതപ്പെട്ടു. അതിലൂടെ രചയിതാവിന്റെ സ്വന്തം ജീവിതാനുഭവങ്ങളോടൊപ്പം സാമൂഹിക കാഴ്ചപ്പാടുകളും ചട്ടങ്ങളും അനീതികളും ചർച്ചചെയ്യപ്പെടുന്നുണ്ട്. മുഖ്യമായും വ്യക്തിയുടെ വീക്ഷണത്തിലൂടെ അവരുടെ ജീവിതത്തെയും സാമൂഹിക ചുറ്റുപാടുകളെയും വിലയിരുത്തുകയും അവ ജീവിതത്തിൽ ഏതൊക്കെ തരത്തിൽ സ്വാധീനിച്ചുവെന്നും കണ്ടെത്താൻ സഹായിക്കുന്നു. ആധുനികാനന്തര കാലഘട്ടത്തിലാണ് പുരുഷകേന്ദ്രീകൃത സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടതും അടിച്ചമർത്തപ്പെട്ടതുമായ ആളുകളുടെ ജീവിതത്തെ പ്രതിനിധീകരിക്കുന്നതിന് ആത്മകഥ ശക്തമായ ഒരു മാധ്യമമായി മാറിയത്. അവരുടെ ജീവിതാനുഭവങ്ങളും പോരാട്ടങ്ങളും ആവിഷ്ക്കരിക്കാനും സാമൂഹിക അനീതികളെയും അസമത്വങ്ങളേയും ചോദ്യം ചെയ്യാനും ആത്മകഥയെക്കാൾ മികച്ച ഉപാധിയില്ല. അടിച്ചമർത്തൽ, പ്രതിഷേധം, പ്രതിരോധം എന്നിവയാണ് ഇത്തരം ആത്മകഥകളിലെ മുഖ്യപ്രമേയമായി വരുന്നത്.

സ്ത്രീ ആത്മകഥകൾ പുരുഷാധിപത്യസമൂഹത്തിലെ എതിർപ്പുകളെയും നീതിനിഷേധങ്ങളെയും പോരാട്ടങ്ങളെയുമാണ് വെളിവാക്കുന്നത്. സമൂഹത്തിന്റെ രണ്ടു ധ്രുവങ്ങളിൽ നിന്നുകൊണ്ട് തന്റെ ചുറ്റുപാടിൽ നടക്കുന്ന അസമത്വങ്ങളെയും നീതിനിഷേധങ്ങളെയും ചോദ്യംചെയ്ത സിസ്റ്റർ ജെസ്മിയുടെ 'ആമേൻ ' , നളിനി ജമീല 'ഞാൻ ലൈംഗികത്തൊഴിലാളി ' എന്നീ ആത്മകഥകളിലെ ആഖ്യാനവൈവിധ്യമാണ് 'ആത്മകഥകളിലെ സ്ത്രീ ആഖ്യാനവൈവിധ്യം' എന്ന പ്രബന്ധം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

കേരളത്തിലെ ഒരു ലൈംഗികത്തൊഴിലാളിയും സാമൂഹികപ്രവർത്തകയുമായ നളിനി ജമീലയുടെ ആത്മകഥയാണ് 'ഞാൻ ലൈംഗികത്തൊഴിലാളി '. ഒരു ലൈംഗികതൊഴിലാളി എന്ന നിലയിലും സ്ത്രീ എന്ന നിലയിലും സമൂഹം എങ്ങനെ കാണുന്നുവെന്നും വേശ്യാവൃത്തി എന്ന തന്റെ തൊഴിലിനെയും താൻ അനുഭവിച്ച ചൂഷണങ്ങളെയും അതിനെതിരെ ഉണ്ടായ പോരാട്ടങ്ങളെയും സംഘടനാ പ്രവർത്തനങ്ങളെയും തന്റെ ആത്മകഥയിലൂടെ നളിനി പങ്കുവെക്കുന്നു .

സമൂഹം പവിത്രതയോടും ബഹുമാനത്തോടും നോക്കിക്കാണുന്ന ആത്മീയതയുടെ പ്രതീകമായ കന്യാസ്ത്രീമഠങ്ങൾക്കുള്ളിലെ നീതിനിഷേധങ്ങളെയും എതിർപ്പുകളെയുമാണ് സിസ്റ്റർ ജെസ്മി 'ആമേൻ ' എന്ന തന്റെ ആത്മകഥയിലൂടെ വിവരിക്കുന്നത്. കത്തോലിക്കാസഭയ്ക്ക് ഉള്ളിലും കന്യാസ്ത്രീമഠങ്ങൾക്കുള്ളിലും നിലനിന്ന അനീതികളും സ്ത്രീവിരുദ്ധതയും അതോടൊപ്പം മാനേജ്മെന്റിന്റെ ഇരട്ടത്താപ്പുനയവും അവർ വ്യക്തമാക്കുന്നുണ്ട്. ജെസ്മി കടന്നുപോയ ജീവിതസാഹചര്യങ്ങളെയും അവർ നേരിട്ട വെല്ലുവിളികളെയും അനീതികളെയും ആണ് 'ആമേൻ ' എന്ന ആത്മകഥ ആവിഷ്കരിക്കുന്നത് .

**1 .പഠനലക്ഷ്യം**

സ്ത്രീ ആഖ്യാന വൈവിധ്യം ആത്മകഥകളിൽ എപ്രകാരമാണ് ആവിഷ്ക്കരിച്ചിരിക്കുന്നത് എന്ന് സിസ്റ്റർ ജെസ്മിയുടെയും നളിനി ജമീലയുടെയും ആത്മകഥകളെ മുൻനിർത്തി വിശകലനം ചെയ്യുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം

**2 . പഠനത്തിന്റെ പ്രസക്തി**

പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീകൾ നേരിട്ടുള്ള പ്രശ്നങ്ങളെ കുറിച്ച് എഴുത്തിലൂടെ തുറന്നു കാണിച്ച നളിനി ജമീല , സിസ്റ്റർ ജെസ്മി എന്നിവരുടെ ആത്മകഥകളെ മുൻനിർത്തിയുള്ള പഠനമാണിത്. പഠനത്തിനായി നളിനി ജമീലയുടെ 'ഞാൻ ലൈംഗികത്തൊഴിലാളി' , സിസ്റ്റർ ജെസ്മിയുടെ 'ആമേൻ' എന്നീ ആത്മകഥകൾ ആണ് തിരഞ്ഞെടുത്തിരിക്കുന്നത് . ഇരു കൃതികളെയും മുൻ നിർത്തി ഗവേഷണാത്മകമായ പഠനം ഇതുവരെ ഉണ്ടായിട്ടില്ല എന്നതാണ് ഈ പഠനത്തിന്റെ പ്രസക്തി.

**3 .പരികൽപ്പന**

ലൈംഗികത്തൊഴിലാളികൾ പൊതു സമൂഹത്തിൽ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളെ നളിനി ജമീല തന്റെ ആത്മകഥയിലൂടെ ആവിഷ്ക്കരിക്കുന്ന രീതികളെയും സന്യാസ സമൂഹത്തിൽ കന്യാസ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ തന്റെ ആത്മകഥകളിലൂടെ സിസ്റ്റർ ജെസ്മി അവിഷ്ക്കരിക്കുന്ന രീതികളെയും അപഗ്രഥിക്കുന്നു എന്നതാണ് ഈ പഠനത്തിന് ആധാരമായുള്ള പരികൽപ്പന.

**4. പഠനമേഖല**

'ആത്മകഥകളിലെ സ്ത്രീ ആഖ്യാന വൈവിദ്ധ്യം ' എന്ന ഈ പ്രബന്ധത്തിൽ പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ചും ആത്മകഥകളിലെ സ്ത്രീ ആഖ്യാനങ്ങളെ കുറിച്ചു അപഗ്രഥിക്കുന്നു. തുടർന്ന് നളിനി ജമീല,

സിസ്റ്റർ ജെസ്മി എന്നിവരുടെ ജീവിതത്തെ വിശകലനം ചെയ്യുകയും സ്ത്രീ ആത്മ കഥകളുടെ പ്രത്യേകതക്കളക്കുറിച്ച് സവിശേഷമായി അപഗ്രഥിക്കുകയും ചെയ്യുന്നു.

**5. പഠനരീതി**

സ്ത്രീവാദ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീ ആത്മകഥകളെ വിശകലനം ചെയ്യുകയും അവ മുന്നോട്ടു വയ്ക്കുന്ന ആശയങ്ങളെ പരിശോധിക്കുകയും ചെയ്യുന്ന രീതിയാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്.

**6. പ്രബന്ധസ്വരൂപം**

ആമുഖം, ഉപസംഹാരം എന്നിവ കൂടാതെ മൂന്ന് അധ്യായങ്ങളാണ് ഈ പ്രബന്ധത്തിൽ . ഒന്നാം അധ്യായം 'ആത്മകഥയിലെ പെൺസാന്നിധ്യം 'എന്നതാണ്. ആത്മകഥാസാഹിത്യം ,നിർവചനം ,സവിശേഷത , മലയാളത്തിലെ സ്ത്രീ ആഖ്യാനങ്ങൾ തുടങ്ങിയവ ഒന്നാം അധ്യായത്തിൽ വിശകലനവിധേയമാക്കുന്നുണ്ട്.മൂന്നാം അധ്യായം ആമേൻ : ആഖ്യാനവും അനുഭവസത്തയും എന്നതാണ് . സിസ്റ്റർ ജെസ്മിയുടെ ആത്മകഥയിൽ സന്യാസസമൂഹത്തിനകത്തുള്ള നീതിനിഷേധങ്ങളെയും സ്ത്രീവിരുദ്ധതയുടെയും വീക്ഷണങ്ങളെ ആഖ്യാനരീതിയുടെ അടിസ്ഥാനത്തിൽ അപഗ്രഥിച്ചു പഠിക്കുകയാണ് മൂന്നാം അധ്യായം . ഉപസംഹാരത്തിൽ പ്രബന്ധത്തിൽ നിന്നുള്ള കണ്ടെത്തലുകൾ ക്രോഡീകരിച്ചിരിക്കുന്നു.

# അധ്യായം ഒന്ന്
# ആത്മകഥയിലെ പെൺസാന്നിധ്യം

# അധ്യായം ഒന്ന്

# ആത്മകഥയിലെ പെൺസാന്നിധ്യം

ഒരു വ്യക്തിയുടെ ജീവിതാനുഭവങ്ങൾ വിവരിക്കുന്ന സാഹിത്യശാഖയാണ് ആത്മകഥ. എന്നാൽ അവ ജീവിതത്തെ പൂർണ്ണമായി ആവിഷ്ക്കരിക്കുന്നില്ല. ഓർമ്മ വെച്ചതിനു ശേഷവും മരിക്കുന്നതിനു മുമ്പുമുള്ള കാലഘട്ടത്തെ മാത്രമേ അതു പ്ര തിനിധാനം ചെയ്യുന്നുള്ളൂ. അതിനാൽത്തന്നെ ജീവിതത്തിന്റെ തുടക്കം മുതൽ ഒടു ക്കം വരെ ആത്മകഥകൾ സ്പർശിക്കുന്നിലെങ്കിലും , മധ്യകാല വിവരണത്തിലൂടെ രചയിതാവിന്റെ വ്യക്തിത്വത്തിലേക്കു വെളിച്ചം വീശുന്ന സമഗ്രജീവിതത്തെ ആവി ഷ്ക്കരിക്കാൻ കഴിയുന്നതാണ് ആത്മകഥയുടെ ധർമ്മം.ആത്മകഥയുടെ ഉത്ഭവം പാശ്ചാത്യസാഹിത്യത്തിലാണ് എന്നു പറയപ്പെടുന്നു. ഇംഗ്ലീഷിൽ ആത്മകഥയ്ക്ക് ഓട്ടോബയോഗ്രഫി എന്ന വാക്കാണ് ഉപയോഗിക്കുന്നത്. ' വ്യക്തിയുടെ ജീവിതവും ആ ജീവിതത്തെ സ്വാധീനിച്ച ചുറ്റുപാടുകളെയും പരമാവധി സത്യസന്ധമായി ആവി ഷ്ക്കരിക്കുന്ന സാഹിത്യരൂപമാണ് ആത്മകഥ എന്നു മനശാസ്ത്രജ്ഞർ പറയുന്നു. വ്യത്യസ്തമായ ആഖ്യാനരീതി വ്യക്തിയുടെ സാമൂഹിക സാംസ്ക്കാരിക കാഴ്ചപ്പാടു കളെ കൂടെയാണ് നിർണ്ണയിക്കുന്നത്. അതോടൊപ്പം ആത്മകഥകളിൽ ലിംഗഭേദം വരുത്തുന്ന സ്വാധീനവും വ്യത്യസ്തമാണ്.

ആത്മകഥ എന്തിനുവേണ്ടി രചിക്കുന്നു എന്ന ചോദ്യത്തിനു കെ.പി. കേശവ മേനോൻ ഇങ്ങനെ പറയുന്നു: ഒരു വ്യക്തിയെ ആത്മകഥ എഴുതുവാൻ പ്രേരിപ്പിക്കു ന്നത് പല കാരണങ്ങളുമായിരിക്കാം. തന്റെ ജീവിതത്തിലുണ്ടായ പല സംഭവങ്ങളും തന്നെത്തന്നെ ഒരു പുതിയ വീക്ഷണകോണിലൂടെ കാണുന്നതിനു അയാളെ സഹാ യിച്ചെന്നുവരാം .അതേസമയം സ്വന്തം നേട്ടത്തിലുള്ള അഭിമാനവും അത് മറ്റുള്ള വരെ അറിയിക്കാനുള്ള അടക്കാ വയ്യാത്ത ആഗ്രഹവും ആത്മകഥ രചനയ്ക്കു പ്രേരി പ്പിക്കുന്നു( ജീവിതസ്മരണകൾ, അവതരിക 1977).

സാംസ്ക്കാരിക വളർച്ചയുടെ മികച്ച സൃഷ്ടികളിലൊന്നായി ആത്മകഥയെ അം ഗീകരിക്കുന്നുണ്ട്. ആത്മനിവേദനത്തിലുള്ള സന്തോഷവും മറ്റുള്ളവരെ സഹതാപ പൂർവ്വം മനസ്സിലാക്കാനുള്ള അഭിവാഞ്ഛയും ആത്മകഥാരചനയുടെ പിന്നിൽ വർ ത്തിക്കുന്നു. അതിനാൽ ത്തന്നെ ഏതൊരു ഭാഷയുടെയും ജനതയുടെയു അമൂല്യ സമ്പത്താണ് ആത്മകഥകൾ ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ (ആത്മകഥാസാഹി ത്യം മലയാളത്തിൽ,പുറം 2).

## 1.1 ആത്മകഥ : ചരിത്രം

ആത്മകഥാ സാഹിത്യത്തിന് ക്രിസ്ത്വബ്ദാരംഭത്തോളം  പഴക്കമുണ്ട് എന്നത് സെന്റ് അഗസ്റ്റിന്റെ ' കൺഫെഷൻസ് ( കുമ്പസാരങ്ങൾ) എന്ന ആത്മകഥാപരമായ കൃതി യിൽ നിന്നും വ്യക്തമാകുന്നു. എ.ഡി.397 നും 400 നും (4ാം ശതകം) ഇടയിലാണ് ലാ റ്റിൻ ഭാഷയിൽ എഴുതിയത്. സെന്റ് അഗസ്റ്റിനു മുൻപ് ആത്മാവിഷ്ക്കാരം സ്ഫു രിക്കുന്ന ചില കത്തുകളും കവിതകളും ഉണ്ടായിട്ടുണ്ടെങ്കിലും ഒരു പ്രത്യേക സാഹി തരൂപമെന്ന നിലയിൽ സ്വന്തം ജീവിതത്തെ മാത്രം ആവിഷ്ക്കരിച്ച ആദ്യത്തെ കൃ തിയെന്ന ബഹുമതി കൺഫെഷൻസിനു ലഭിക്കുന്നു.പുരാണങ്ങളിലേയും ഇതിഹാ സങ്ങളിലേയും മറ്റും ഇഷ്ടദേവതാസ്തുതികളിൽ കാണുന്ന ആത്മാവിഷ്ക്കാരങ്ങളി ലാണ് ഇന്ത്യയിലെ ആത്മകഥകളുടെ ആദ്യരൂപങ്ങൾ പ്രകടമാകുന്നത്. ആത്മാവി ഷ്ക്കാര പ്രിയരായിരുന്ന വൈഷ്ണവകവികളാണ്  ഇതിനു പിന്നിൽ . എന്നാൽ സം സ്കൃത സാഹിത്യത്തിൽ ലക്ഷണയുക്തങ്ങളായ ആത്മകഥകളൊന്നുമുണ്ടായതായി കാണുന്നില്ല. ഭാരതത്തിൽ ആദ്യമായി ആത്മകഥകൾ എഴുതിയത് മുഗൾ ചക്രവർ ത്തിമാരിൽ ചിലരാണെന്ന അഭിപ്രായവും നിലനിൽക്കുന്നു.

## 1.2 ആത്മകഥ : വിഭാഗങ്ങൾ

ആത്മകഥ എന്ന പേരിൽ  മലയാളത്തിലുണ്ടായ ആദ്യകൃതി  വൈക്കത്തു പാച്ചു മൂ ത്തതിന്റേതാണ് (1875). കേരളത്തിലെ ആദ്യകാല ആത്മകഥകളിൽ വിശാഖം തിരുനാ ൾ ഇംഗ്ലീഷിലെഴുതിയ ആത്മകഥാസംഗ്രഹം (1880) ഉൾപ്പെടുന്നു കരിയാറ്റിൽ മല്പാ നും പാറേമ്മാക്കൽ തോമാക്കത്തനാരും ചേർന്നെഴുതിയ , ആത്മാംശം ധാരാളമുള്ള കൃതിയാണ് 'വർത്തമാന  പുസ്തകം '. എന്നാൽ ആത്മകഥയുടെ ലക്ഷണ ങ്ങളൊത്ത കൃതിയായി അംഗീകരിക്കുന്നത് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ 'എന്റെ നാടുകടത്തൽ ' (1912) ആണ് .

ആത്മകഥകളെ പ്രധാനമായും പല രീതികളിൽ വിഭജിക്കാം. ഉള്ളടക്കത്തിന്റെ സ്വഭാവമനുസരിച്ചും, ആന്തരിക ഭാവത്തെ അടിസ്ഥാനമാക്കിയുമാണ് വിഭജനം സാധ്യമാക്കുന്നത്. ഉള്ളടക്കത്തിന്റെ സ്വഭാവമനുസരിച്ച് ചരിത്രപരം, കുമ്പസാരപരം, സംഭവാഖ്യാനപരം എന്നീ രീതികളിൽ തിരിക്കുന്നു. ഒരു ചരിത്രരേഖ പോലെ കാല ക്രമമനുസരിച്ച് ഒരാളുടെ ജീവിതാനുഭവങ്ങളെ വിവരിക്കുന്ന രീതിയാണ് ചരിത്രപര മായ ആത്മകഥകളിൽ കാണുന്നത്.കെ .പി മേനോൻ , ജവാഹർലാൽ നെഹ്റു, എ ച്ച് ജി വെൽസ് തുടങ്ങിയവരുടെ ആത്മകഥകൾ ഇതിനു ഉദാഹരണങ്ങൾ ആണ് .കു മ്പസാരപരമായ ആത്മകഥകളിൽ തന്റെ കുറ്റങ്ങളും കുറവുകളും ദുഃഖപൂർവ്വം ഏ

റ്റുപറയുകയോ ആവിഷ്കരിക്കുകയോ ആണ് ചെയ്യുന്നത്. ലിയോ ടോൾസ്റ്റോയ് ,സെന്റ് അഗസ്റ്റിൻ,റൂസ്സോ തുടങ്ങിയവരുടെ ആത്മകഥകൾ ഈ രീതി പിന്തുടരുന്നു .ജീവിതത്തിൽ നടന്നിട്ടുള്ള സംഭവപരമായ കാര്യങ്ങളുടെ ആഖ്യാനം എന്ന രീതിയിൽ രചിക്കപ്പെട്ടവയാണ് സംഭവാഖ്യാനപരമായ ആത്മകഥകൾ. ചെറുകാട്, എം കെ കെ നായർ തുടങ്ങിയവരുടെ ആത്മകഥകൾ ഇതിനു ഉദാഹരണമായി പറയാം .ആത്മകഥയുടെ ആന്തരിക ഭാവത്തെ അടിസ്ഥാനമാക്കി അഞ്ചായി തിരിക്കുന്നു. സാഹിത്യപരം,ദാർശനികപരം ,സാമൂഹികപരം ,കലാപരം,രാഷ്ട്രീയപരം എന്നിവയാണ് അവ.

സാഹിത്യത്തിൽ ഊന്നി നിൽക്കുന്ന എഴുത്തുകാരുടെ ആത്മകഥകളായി സാഹിത്യപരമായ ആത്മകഥകൾ നിലനിൽക്കുന്നു. പി. കുഞ്ഞിരാമൻ നായർ, മാധവിക്കുട്ടി , ജി. ശങ്കരക്കുറുപ്പ്, ലിയോ ടോൾസ്റ്റോയി, ലക്ഷ്മിഭായി തിലക് തുടങ്ങിയവരുടെ ആത്മകഥകൾ ഈ വിഭാഗത്തിൽ പെടുന്നു . ജോൺ ബനിയൻ, സെന്റ് അഗസ്റ്റിൻ, മേലൂർ ദാമോദരൻ, നടരാജഗുരു , എന്നിവരുടെ ആത്മകുകളാണ് ദാർശനിക വിഭാഗത്തിൽ പെടുന്നത്.ആത്മകഥയുടെ കേന്ദ്രബിന്ദു വ്യക്തിയുടെ സാമൂഹികാനുഭവങ്ങളാണ് . ആകയാൽ സാമൂഹികം എന്ന വലിയ വിഭാഗത്തിൽ ഏതൊരു ആത്മകഥയേയും ഉൾപ്പെടുത്താം . എന്നിരുന്നാലും സി. കേശവൻ, മന്നത്ത് പത്മനാഭൻ, ഹെ, വി ടി ഭട്ടതിരിപ്പാട് തുടങ്ങിയവരുടെ ആത്മകഥകൾ സാമൂഹിക പ്രാധാന്യമുള്ളവയാണ്. കലാരംഗത്ത് പ്രശൽഭരായ വരുടെ ആത്മകഥകളെ കലാപരമായ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നു. മഞ്ജു വാര്യർ , കെ.പി. എ സി. ലളിത തുടങ്ങിയവരുടെ ആത്മകഥകളാണ് ഇതിനു ഉദാഹരണം.

രാഷ്ട്രീയ പ്രാധാന്യമുള്ള ആത്മകഥകൾ രാഷ്ട്രീയ രംഗത്ത് സജീവമായി ഉണ്ടായിരുന്നവരുടെ രചനകൾ ആണ്. അക്കാമ്മ ചെറിയാൻ, ഇ.എം. എസ് നമ്പൂതിരിപ്പാട് , ഗൗരിയമ്മ, തോപ്പിൽ ഭാസി തുടങ്ങിയവരുടെ ആത്മകഥകൾ ഈ വിഭാഗത്തിൽ പെടുന്നു.

ആത്മകഥകളെ അവയുടെ രൂപഘടനയനുസരിച്ചും വിഭജിക്കാം. അത്തരത്തിൽ സ്മരണകൾ, കത്തുകൾ ,പൂർണ്ണ ആത്മകഥകൾ,ഡയറികൾ എന്നിങ്ങനെ തരംതിരിക്കുന്നു.

### 1.2.1 സ്മരണകൾ

സ്മരണകൾ എന്നത് വ്യക്തിപരമായ അറിവോ പ്രത്യേക വഴികളിലൂടെ ലഭ്യമായ വിവരങ്ങളോ ആധാരമായി എഴുതിയ ചരിത്രമാണ്. ജീവചരിത്ര വിഭാഗത്തിലും ആത്മ

കഥാ വിഭാഗത്തിലും ഉൾപ്പെടുത്താവുന്ന സ്മരണക്കുറിപ്പുകളുണ്ട്. അതിനാൽ ത്തന്നെ സംക്ഷിപ്ത ജീവചരിത്രമെന്നും ഇതിനെ ഏകദേശം വിളിക്കാം . താൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ സംഭവങ്ങളെ ഓർമ്മിക്കുവാനും പ്രധാന ആശയങ്ങളോടും ഓർമ്മിക്കുവാനും പ്രധാന ആശയങ്ങളോടും പ്രവണതകളോടും എങ്ങനെ പ്രതികരിക്കാൻ കഴിഞ്ഞു എന്നും വിശദീകരിക്കുകയാണ് സ്മരണകൾ എഴുതുന്ന ഒരാളുടെ ലക്ഷ്യം. ഇംഗ്ലണ്ടിലാണ് സ്മരണകുറിപ്പ് ഒരു സാഹിത്യ പ്രസ്ഥാനമായി പുഷ്ടിപ്പെട്ടത് . 17ാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിലെ ആഭ്യന്തര കലഹമാണ് ഇതിനു കാരണം . എന്നാൽ ഓർമ്മക്കുറിപ്പുകൾ ഒരു പ്രസ്ഥാനമായി ഉടലെടുത്തത് ഫ്രാൻസിലാണ്.

എന്റെ നാടുകടത്തൽ (1911) സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ള , മായാത്ത സ്മരണകൾ (1956) കെ. വി. എം. , നെടുവീർപ്പ് (1959) സി.എ. കിട്ടുണ്ണി തുടങ്ങിയവ മലയാളത്തിൽ ആത്മകഥയുടെ ഭാഗമായി എഴുതപ്പെട്ടിട്ടുള്ള സ്മരണക്കുറപ്പുകളിൽ ചിലതാണ്.

### 1.2.2 കത്തുകൾ

ആത്മകഥാ സാഹിത്യത്തിലെ മറ്റൊരു വകഭേദമാണ് കത്തുകൾ . പ്രധാനപ്പെട്ട ഏതെങ്കിലും വിഷയത്തെയാണ് കത്തിൽ പ്രാധാന്യം നൽകുന്നത്. ആ വിഷയത്തിനുമേൽ അഖ്യാതാവിന്റെ കാഴ്ചപ്പാട് , മമത , വ്യാഖ്യാനം എന്നിവയിലായിരിക്കും എഴുത്ത് രീതി. ചില കത്തുകൾ ചരിത്രത്തിനു സഹായകമാകാറുമുണ്ട്. മലയാളത്തിൽ ആത്മകഥാപരമോ ചരിത്രപരമോ ആയ കത്തുകൾ വിരളമാണ്. കാവാലം നാരായണപ്പണിക്കർ സമാഹരിച്ചിട്ടുള്ള വള്ളത്തോൾ കത്തുകൾ സമാഹരണം (1970), കുട്ടികൃഷ്ണമാരാരുടെ കത്തുകൾ (1981 ) തുടങ്ങിയവയാണ് കത്തുകളിൽ ചിലത്.

### 1.2.3 പൂർണ്ണ ആത്മകഥകൾ

മലായാളത്തിന്റെ ഗണനീയമായ സാഹിത്യസമ്പത്തുകളായി കണക്കാക്കുന്നത് കെ.പി കേശവമേനോൻ, സി. കേശവൻ, ഇ. എം.എസ് നമ്പൂതിരിപ്പാട്, ചെറുകാട്, സർദാർ കെ. എം പണിക്കർ തുടങ്ങിയവരുടെ ആത്മകഥകളാണ്.

### 1.2.4 ഡയറികൾ

ആത്മകഥാസാഹിത്യത്തിന്റെ ഒരു ഭാഗമായ ദിനസരിക്കുറിപ്പുകളിൽ കവികളുടെയും കലാകാരന്മാരുടെയും ഡയറികൾ സാഹിത്യപഠനത്തിനു വിലയേറിയ കരുക്കളാണ്. പല എഴുത്തുകാരുടെയും ഡയറിക്കുറിപ്പുകൾ പൂർണ്ണ രൂപത്തിൽ അല്ലായിരുന്നതിനാൽ വേണ്ടത്ര 'ദിനസരിക്കുറിപ്പുകൾ' മലയാളത്തിൽ ഇല്ല. സി. അ

ച്യുതമേനോന്റെ പ്രസിദ്ധീകരിച്ച ഡയറിക്കുറിപ്പുകൾ ആത്മകഥാസാഹിത്യത്തിന് ഒ
രു മുതൽകൂട്ടാണ്.

## 1.3 ആത്മകഥയിലെ സ്ത്രീയാഖ്യാനം

പുരുഷ കേന്ദ്രീകൃതമായ ഒരു സമൂഹത്തിന്റെ പൊതുമണ്ഡലത്തിലേക്ക് സ്ത്രീകൾ കടന്നു വന്നതോടെയാണ് അവരുടെ സാമൂഹികപരവും ശക്തവുമായ നിലപാടുക ൾ സമൂഹത്തിൽ പ്രതിഫലിക്കുകയും അവയെല്ലാം ആത്മകഥയിലൂടെ പുറത്തു വരി കയും ചെയ്തത്. മലയാള ആത്മകഥയുടെ ആദ്യകാലത്തു സ്ത്രീ ആഖ്യാനങ്ങൾ വി രളമായിരുന്നു . പുരുഷന്മാർ സൃഷ്ടിച്ച മൂല്യങ്ങൾക്കും ആശയങ്ങൾക്കും അനുസരി ച്ച് ജീവിക്കുന്ന സ്ത്രീയ്ക്ക് സ്വന്തം അനുഭവങ്ങൾക്കും ജീവിതത്തിനും സാഹിത്യത്തി ൽ സ്വതന്ത്രമായ രൂപം കൊടുക്കാൻ കഴിയാത്ത അവസ്ഥയാണ് ഇത് വ്യക്തമാക്കു ന്നത്. എഴുതുന്ന ആൾ അയാളുടെ ചരിത്രമെന്നതുപോലെ കാലത്തിന്റെയും ചരി ത്രത്തിന്റെയും മാറ്റത്തെ തന്റെ കാഴ്ചപ്പാടിലൂടെ വിവരിക്കുന്നു. അതിൽത്തന്നെ സ്ത്രീ ആത്മകഥകളെ കാലാനുക്രമത്തിൽ തിരിക്കുമ്പോൾ കാലഘട്ടമനുസരിച്ചും സാമൂഹികപുരോഗതിയനുസരിച്ചും സ്ത്രീയുടെ അവബോധങ്ങളിൽ വന്ന മാറ്റ ങ്ങളെ തിരിച്ചറിയാൻ സാധിക്കുന്നു.എന്നിരുന്നാലും ചില ആത്മകഥകൾ സ്മരണക ൾക്കപ്പുറത്തേക്ക് പൂർണ്ണ ആത്മകഥകളായ് രൂപം പ്രാപിച്ചില്ല. അവയുടെ പുരുഷനി ർമ്മിതിയായ ഉള്ളടക്കമായിരുന്നു ഇതിനു കാരണം.

ആദ്യകാലത്തുണ്ടായ സ്ത്രീകളുടെ ആത്മകഥകൾ പലപ്പോഴും ഭർതൃചരിതത്തിൽ ഒ തുങ്ങുന്ന പ്രവണതയാണ് ഉണ്ടായിരുന്നത്.മലയാള സാഹിത്യത്തിലെ ആദ്യമായി ഒ രു സ്ത്രീ രചിച്ച ആത്മകഥയായി പറയപ്പെടുന്നത് ബി. കല്യാണിയമ്മയുടെ 'വ്യാഴവ ട്ട സ്മരണ'(1916) കളാണ്. ഭർത്താവായ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ കുറ ച്ച് എഴുതിയ ഓർമ്മക്കുറിപ്പുകൾ ആണിത്.ചന്ദ്രിക ബാലകൃഷ്ണന്റെ ഓർമ്മയുടെ ഓടക്കുഴലുമായ്" (1978).',റോസി തോമസിന്റെ 'ഇവൻ എന്റെ പ്രിയ സി ജെ'(1970) തുടങ്ങിയവ ഈ വിഭാഗത്തിൽപ്പെടുന്നു.അക്കാമ്മ വർക്കിയുടെ '1114ന്റെ കഥ' (1971), ജസ്റ്റിസ് അന്നാചാണ്ടിയുടെ ആത്മകഥ (1973) എന്നിവ ആദ്യഘട്ടത്തിലെ ആ ത്മകഥകളിൽ ശ്രദ്ധേയമായവയാണ്. എന്നാൽ വളരെ വിപ്ലവകരമായ രീതിയിൽ ആ ത്മകഥയിൽ കടന്നുവന്ന കൃതിയാണ് ലളിതാംബിക അന്തർജ്ജനത്തിന്റെ ആത്മകഥ യ്ക്ക് ഒരാമുഖം (1979) .

തന്റെ ജീവിതസാഹചര്യങ്ങളും എഴുത്തും, സാമൂഹിക പ്രവർത്തനങ്ങളും അതോ ടൊപ്പം കുടുംബ ജീവിതത്തിലെ ഉത്തരവാദിത്വങ്ങളും അവർ തന്നെ ആത്മകഥയിൽ

വിശദീകരിക്കുന്നു. അതോടൊപ്പം സാമുദായപരിഷ്കരണവും ദേശീയ പ്രസ്ഥാന വും ലളിതാംബിക അന്തർജ്ജനത്തിന്റെ ആത്മകഥയിലെ ചരിത്രപശ്ചാത്തലമായി ക ടന്നു വരുന്നുണ്ട്. 'വാനമ്പാടി'(1985) എന്ന കൃതിയിൽ സിസ്റ്റർ മേരി ബെനീഞ്ജ യുടെ സാഹിത്യജീവിതമാണ് കടന്നുവരുന്നത് .പുരുഷ കേന്ദ്രീകൃത സമൂഹത്തിലെ സ്ത്രീകളോടുള്ള രണ്ടാംകിട മനോഭാവത്തെയാണ് ആനി തയ്യിലിന്റെ ആത്മകഥയാ യ ' ഇടങ്ങഴിയിലെ കുരിശ് '(1990) ചർച്ചചെയ്യുന്നത്.

മറ്റൊരു പ്രധാനപ്പെട്ട ആത്മകഥയാണ് അറിയപ്പെടുന്നത് നക്സൽ വിപ്ലവകാരിയാ യിരുന്ന അജിതയുടെ ഓർമ്മക്കുറിപ്പുകൾ (1982) ആണ് . നക്സലിസവുമായി ബ ന്ധപ്പെട്ട അനുഭവങ്ങൾ ഈ ആത്മകഥയിൽ ആവിഷ്കരിക്കുന്നു .ഒരു സാധാരണ പെൺകുട്ടിയിൽ നിന്നും അവബോധവും സ്വത്വബോധവുമുള്ള ഒരു സ്ത്രീ യിലേക്കുള്ള യാത്രയാണ് വിനയയുടെ 'എന്റെ കഥ അഥവാ ഒരുമലയാളി യുവതി യുടെ ജീവിതയാത്ര (2003) എന്ന ആത്മകഥ . നിയമങ്ങളും ചട്ടങ്ങളും സ്ത്രീപുരു ഷഭേദമന്യേ തുല്യമായിരിക്കണം എന്ന നിരീക്ഷണം കൂടിയാണ് വിനയയുടെ കൃതി മുന്നോട്ടുവെക്കുന്നത് .

സാഹിത്യലോകത്ത് കോളിളക്കമുണ്ടാക്കിയ ആത്മകഥയാണ് മാധവിക്കുട്ടിയുടെ 'എ ന്റെ കഥ' (1973). കേരളീയ സമൂഹത്തിന്റെ ആദർശദാമ്പത്യ സദാചാര സങ്കല്പത്തെ പൊളിച്ചെഴുതിയ കൃതിയായി ഇതിനെ കണക്കാക്കുന്നു.

**1.4 ആത്മകഥ ഇന്ന്**

വൈവിധ്യപൂർണ്ണമായ ആഖ്യാനങ്ങൾ ഉത്തരാധുനിക കാലഘട്ടത്തിൽ കടന്നുവരു ന്നതോടൊപ്പം അതിന്റെ സ്വാധീനം ആത്മകഥകളിലും ഇടം പിടിച്ചിരിക്കുന്നു. വർഗീ യവും വംശീയപരവുമായ ദേശീയ ന്യൂനപക്ഷങ്ങളെ കുറിച്ചും അവയുടെ സ്വത ന്ത്രത്തെ കുറിച്ചും പഠനങ്ങൾ വന്നു കൊണ്ടിരിക്കുന്നു . സമൂഹത്തിന്റെ ഉന്ന തശ്രേണിയിൽ പെട്ടവർക്കും വിദ്യാഭ്യാസം ഉള്ളവർക്കും മാത്രമേ ആത്മകഥ എഴുതാ ൻ കഴിയൂ എന്ന ധാരണകൾക്കും മാറ്റം സംഭവിച്ചു. .പ്രാന്തവത്ക്കരിക്കപ്പെട്ട ,തമ സ്ക്കരിക്കപ്പെട്ട സമൂഹങ്ങളായ വേശ്യകൾ, ദളിതർ, സ്വവർഗ്ഗാനുരാഗികൾ, കള്ളന്മാ ർ , എഡ്സ് രോഗികൾ ,ട്രാൻസ്ജൻഡർസ് തുടങ്ങിയവരുടെ ആഖ്യാനങ്ങൾ ശക്ത മായി മുന്നോട്ട് വരുന്ന സാമൂഹ്യ സാഹചര്യമാണ് ഉത്തരാധുനിക ആത്മകഥയുടെ പ്രത്യേകതകൾ . ബഹിഷ്കരണം, പീഡനം എന്നിവയുടെ യാഥാർത്ഥ്യത്തിൽ കുടു ങ്ങിയ ഇവരുടെ ജീവിതമാണ് അവരുടെ അഭിപ്രായ-സത്യം തുറന്ന് പറയാനുള്ള മാ ർഗം. ഇത്തരം കൃതികൾ സമകാലിക സമൂഹത്തിലെ നീതിമാറ്റങ്ങളെ ചോദ്യം ചെയ്യു

ന്നു. പലപ്പോഴും കീഴാളപ്രാന്തവത്കൃത രചനകൾ എഴുത്തിന്റെ സ്വഭാവത്തെയും രീതിയെയും മാറ്റിവെക്കാറുണ്ട്. നളിനി ജമീല (ഒരു ലൈംഗിക തൊഴിലാളിയുടെ ആത്മകഥ), സി. കെ. ജാനു (ജീവിതകഥകൾ), മയിലമ്മ (മയിലമ്മ ഒരു ജീവിതം) എന്നിവ ഇത്തരം ഉദാഹരണങ്ങളാണ്.

താൻ കടന്നുപോയ സാഹചര്യങ്ങളെയും ജീവിതാനുഭവങ്ങളെയും നേട്ടങ്ങളെയും അടിച്ചമർത്തലുകളെയുമെല്ലാം സമൂഹത്തിനു മുമ്പിൽ ബോധ്യപ്പെടുത്താനും വ്യക്തി ആത്മകഥ രചിക്കുന്നു. ആത്മരചനയിലൂടെ തന്റെ ജീവിതത്തെയും സമൂഹത്തെ കുറിച്ചുള്ള കാഴ്ചപ്പാടുകളെയും മൊത്തമായി വിലയിരുത്തുകയാണ് ചെയ്യുന്നത് .തന്റെ അനുഭവങ്ങളിലൂടെ വ്യക്തി എന്ന നിലയിൽ സ്വയം എങ്ങനെ മാറി എന്നും ഇതിൽ ചർച്ച ചെയ്യുന്നു.പുതിയ ആത്മകഥകളുടെ മറ്റൊരു പ്രത്യേകത സാഹിത്യേതരതയാണ്. അവ അനുഭവങ്ങളുടെ തെളിവുകൾ നൽകാൻ പ്രധാന്യം നല്കുന്നു. ഇന്ന് ജ്ഞാനമണ്ഡലത്തിൽ നിന്നും അനുഭവങ്ങളും അറിവുകളും വായിക്കുമ്പോൾ, അത് വെറും അറിവായി മാത്രമല്ല, വ്യത്യസ്ത സാമൂഹികസാംസ്കാരിക പരിസരങ്ങളിലേക്കും വായനക്കാരെ നയിക്കുന്നു.

## അധ്യായം രണ്ട്

## 'ഞാൻ ലൈംഗികത്തൊഴിലാളി' - തെരുവുജീവിതത്തിന്റെ ആത്മകഥാഖ്യാനം

# അധ്യായം രണ്ട്

# 'ഞാൻ ലൈംഗികത്തൊഴിലാളി' - തെരുവുജീവിതത്തിന്റെ ആത്മകഥാഖ്യാനം

സമൂഹത്തിലെ മറ്റെല്ലാതലങ്ങൾ പോലെ തന്നെ പുരുഷ കേന്ദ്രീകൃതമാണ് ആത്മകഥ എന്ന രചനാരൂപവും.എന്നാൽ സ്ത്രീകൾ  വൈവാഹിക ജീവിതവും കുടുംബവും കടന്ന് സമൂഹത്തി ലെ വിവിധ മേഖലകളിൽ സജീവമായതോടെയാണ് അവരുടെ സ്വതന്ത്രവാദവും സാന്നിധ്യവും സാഹിത്യലോകത്തും ശക്തമായി പ്രകടമായത്.അനുഭവങ്ങളുടെ വിവിധ അർത്ഥതലങ്ങളും ബന്ധപ്പെട്ട മേഖലകളുടെ വ്യാപനവും പുതിയ അവബോധം സ്ത്രീകളിൽ സൃഷ്ടിച്ചു. തന്റെ അനുഭവങ്ങളിലൂടെയും കാഴ്ചപ്പാടുകളിലൂടെയും സ്വയം കേന്ദ്രീകരിച്ചും രചിച്ചതോടെയാണ് സ്ത്രീകളുടെ എഴുത്തുകൾക്ക് പ്രാധാന്യം ലഭിച്ചത്.അതിനാൽ തന്നെ പുരുഷന്മാരെ പോലെ തങ്ങളുടെ അനുഭവങ്ങളും പങ്കുവയ്ക്കുവാനും അവർ കൂടുതൽ താല്പര്യം പ്രകടിപ്പിച്ചു .ഇതാണ് പെൺആത്മചരിതങ്ങൾക്ക്  പ്രസക്തി ലഭിക്കാൻ കാരണം.

ആദ്യകാലങ്ങളിൽ സമൂഹത്തിലെ ഉന്നത പദവികളിൽ നിന്നവരോ അവരുമായി ബന്ധപ്പെട്ടവരോ രചിച്ച ആത്മകഥകൾ ആണ് രംഗത്ത് വന്നത്.അതിൻറെ എല്ലാം ഉള്ളടക്കത്തിൽ പുരുഷന്റെ മറ പറ്റിയുള്ള സ്ത്രീ എഴുത്തുകൾ ആണ് വന്നിരുന്നത്.ആധുനികാനന്തര സാഹിത്യ പശ്ചാത്തലത്തിലാണ് സാമൂഹിക പദവികളിൽ ഉൾപ്പെടാത്ത മനുഷ്യരുടെ, പ്രത്യേകിച്ച് സ്ത്രീകളുടെ ആത്മകഥ രംഗത്തെത്തുന്നത്.അത്തരം കൃതികൾ പ്രസിദ്ധീകരിക്കാനുള്ള സാമൂഹിക പശ്ചാത്തലം ലഭിക്കുന്നത് ഉത്തരാധുനിക കാലഘട്ടത്തെ സാഹിത്യത്തിന്റെ മേന്മയാണ് .കൂടാതെ ദളിത് പ്രാന്തവത്കൃത സാമൂഹിക അന്തരീക്ഷത്തിൽ നിന്നും കയറിവന്ന ആത്മകഥകൾ മുഖ്യധാര സാഹിത്യത്തോട് സംവദിക്കുകയും ചെയ്യുന്നു.അവർ അനുഭവിക്കുന്ന ചൂഷണങ്ങളും കടന്നു അനുഭവങ്ങളും സാഹചര്യങ്ങളും വ്യക്തമായ പൊതുസമൂഹത്തിൽ എത്തിക്കാൻ ആത്മകഥയെക്കാൾ മികച്ച ഉപാധി ഇല്ല. അതിനാൽത്തന്നെ ഇത്തരം കൃതികളിലൂടെ സമകാലിക സമൂഹത്തിലെ വീക്ഷണങ്ങളെ ഒരർത്ഥത്തിൽ പൊളിച്ചെഴുതുക കൂടിയാണ് ചെയ്യുന്നത്. പൊതുസമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകന്നു നിന്നവരും അകറ്റിനിർത്തിയവരുമായ സ്ത്രീജീവിതത്തിന്റെ ആത്മകഥാഖ്യാനങ്ങൾക്ക് അതുവരെയില്ലാത്ത സ്വീകാര്യതയാണ് ലഭിച്ചത്.അത്തരത്തിൽ ഏറെ ശ്രദ്ധയാകർഷിച്ച ആത്മകഥയാണ് 'ഞാൻ ലൈംഗികതൊഴിലാളി നളിനി ജമീലയുടെ ആത്മകഥ'.

## 2.1'ഞാൻ ലൈംഗികത്തൊഴിലാളി' - ആത്മകഥാസംഗ്രഹം

'ഞാൻ ലൈംഗികത്തൊഴിലാളി' എന്ന നളിനി ജമീലയുടെ ആത്മകഥ വ്യവ സ്ഥാപിത സാമൂഹിക ചട്ടക്കൂടുകളെയും മലയാളിയുടെ സദാചാര ബോധത്തെയും ശക്തമായി ചോദ്യം ചെയ്തുകൊണ്ട് വന്ന കൃതിയാണ് .കേരള ത്തിലെ ഒരു ലൈംഗിക തൊഴിലാളിയും ആക്ടിവിസ്റ്റും സാഹിത്യകാരിയുമായ നളിനി ജമീല തന്റെ ആത്മകഥയിലൂടെ ആദ്യമായി ലൈംഗിക തൊഴിലാളികളുടെ ജീവിതത്തെ മലയാള സാഹിത്യത്തിന് പരിചിതമാക്കി.പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന അടിച്ചമർത്തലുകളെയും ലൈംഗിക തൊഴിലാളികൾ നേരിടു ന്ന ചൂഷണങ്ങളേയും കുറിച്ചുള്ള ശക്തമായ ആഖ്യാനം നളിനിയുടെ ആത്മകഥയിൽ പ്രകടമാണ്.ഒരു കളിമൺ ഖനിയിലെ തൊഴിലാളിയായി ജീവിതം ആരംഭിച്ച് പിന്നീട് ലൈംഗിക തൊഴിലാളിയായി മാറിയ ഒരു സ്ത്രീയുടെ ശക്തവും നിർഭയത്വപൂർണ വുമായ ഓർമ്മക്കുറിപ്പായി ഇതിനെ കാണാൻ സാധിക്കുന്നു.ആദ്യ പ്രസിദ്ധീകരണ ത്തിൽ തന്നെ ഒട്ടേറെ ചർച്ചകൾക്കും വിവാദപ്രസ്താവനകൾക്കും കൃതി വഴിയൊരുക്കിയിരുന്നു.അതിനാൽ തന്നെ മലയാളസാഹിത്യത്തിലെ പ്രസിദ്ധവും വിവാദപൂർണവുമായ കൃതികളിൽ ഒന്നായി നളിനി ജമീലയുടെ ആത്മകഥ അറി യപ്പെട്ടു.

### 2.2 ശീർഷകത്തിന്റെ സവിശേഷത

'ഞാൻ ലൈംഗികത്തൊഴിലാളി' എന്ന ശീർഷകത്തിലൂടെ തൊഴിലിനെയും തന്റെ സ്വത്വത്തെയും ശക്തമായാണ് പൊതുസമൂഹത്തിനു മുൻപിൽ നളിനി ജമീല ഉയർ ത്തിപ്പിടിക്കുന്നത്. വേശ്യവൃത്തിയെ തന്റെ തൊഴിലായി അംഗീകരിച്ചുകൊണ്ട് മല യാളിയുടെ സദാചാരബോധത്തെ എതിർക്കുവാനും അതേസമയം പൊതുബോധത്തെ പൊളിച്ചെഴുതാനുള്ള ഉപാധിയായും ഈ നിലപാട് മാറുന്നു. അതുവരെ കേരളീയർ അറപ്പോടും വെറുപ്പോടുംകൂടി നോക്കിക്കണ്ടിരുന്ന വേശ്യാവൃത്തിയെ തന്റെ കൃതിയിലൂടെ ഉയർത്തിപ്പിടിക്കാൻ നളിനി ജമീല യത്നിക്കു ന്നതായി കാണാം.

### 2.3 ആത്മകഥയുടെ ഘടന

ലൈംഗിക തൊഴിലാളികളുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും അവരുടെ സാഹചര്യവും വ്യക്തമാക്കുന്നതിന് വേണ്ടിയാണ് 2005 ൽ' ഞാൻ ലൈം ഗിക തൊഴിലാളി' എന്ന ആത്മകഥ നളിനി ജമീല പ്രസിദ്ധീകരിക്കുന്നത്.'സ്വന്തമായ

ഒരു ഇടമില്ലാതെ തെരുവിൽ അന്തിയുറങ്ങാൻ വിധിക്കപ്പെട്ട ലൈംഗിക തൊഴിലാളികൾക്ക് 'അവർ തന്റെ ആത്മകഥ സമർപ്പിക്കുന്നു. ഏഴ് അധ്യായങ്ങളിലായി തന്റെ ജീവിത സാഹചര്യങ്ങളെയും സ്ത്രീ എന്ന നിലയിലും ലൈംഗികത്തൊഴിലാളി എന്ന നിലയിലും താൻ അനുഭവിച്ച കാര്യങ്ങളെ അവർ വിവരിക്കുന്നുണ്ട്. മലയാളിയുടെ ലൈംഗിക ദാരിദ്ര്യത്തിന് അപ്പുറത്ത് പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീ അനുഭവിക്കുന്ന ചൂഷണങ്ങളും അവർ ഇതിൽ ചർച്ച ചെയ്യുന്നു.

'എന്റെ എഴുത്തു പരീക്ഷകൾ' എന്ന തലക്കെട്ടിലൂടെ ആത്മകഥ എഴുത്തുവാനുണ്ടായ സാഹചര്യത്തെ കുറിച്ചും അതിൽ പ്രചോദനം നൽകിയവരെ കുറിച്ചും പറഞ്ഞു കൊണ്ടാണ് ആദ്യ അധ്യായത്തിലേക്ക് കൃതി കടക്കുന്നത് .2001ൽ ആത്മകഥ എഴുതുവാൻ തീരുമാനിക്കുന്നുണ്ടെങ്കിലും 2004 ൽ സാമൂഹിക പ്രവർത്തകനായ ഐ. ഗോപിനാഥിന്റെ സഹായത്തോടെയാണ് രചന സാധ്യമാകുന്നത്. താൻ ഉദ്ദേശിക്കുന്ന തരത്തിലും തൻറെ ശൈലിയിലും ആത്മകഥയെ എത്തിച്ച നളിനി ജമീലിയുടെയും സുഹൃത്തുക്കളുടെയും കൂട്ടായ പരിശ്രമം കൂടിയാണ് അവരുടെ ആത്മകഥ.

2005 ൽ ഡിസി ബുക്സ് പ്രസിദ്ധീകരിച്ച കൃതി 10 ദിവസത്തിനുള്ളിൽ 2000 കോപ്പികൾ വിറ്റുപോയി. ലൈംഗിക തൊഴിലാളികൾക്കും അവരുടെ ഉപഭോക്താക്കൾക്കും നേരെയുള്ള പുരുഷകേന്ദ്രിത സമൂഹത്തിന്റെ ഇരട്ട സമീപനത്തെ നളിനി തന്റെ ആത്മകഥയിലൂടെ ശക്തമായി വിമർശിക്കുന്നുണ്ട്.. ലൈംഗിക തൊഴിലാളികളെ വെറുക്കുകയും അതേസമയം ഉപഭോക്താക്കളോട് മൃദുവായ രീതിയിൽ സമീപിക്കുകയും ചെയ്യുന്നത് അവർ എടുത്തു പറയുന്നു .നളിനിയുടെ വാദം ലൈംഗിക തൊഴിലാളികൾ ലൈംഗിക ദാരിദ്ര്യമുള്ള സമൂഹത്തിന് സേവന മുതൽ ചെയ്യുന്നു എന്നതാണ്.

ഇന്ന് ഇന്ത്യയിൽ നടക്കുന്ന ലൈംഗിക വ്യാപാരത്തെയും രാഷ്ട്രീയത്തെയും സംബന്ധിച്ച് വ്യക്തിപരമായ നിലപാട് ജമീല മുന്നോട്ടുവയ്ക്കുന്നുണ്ട്. ഇക്കാര്യം നിരവധി അഭിമുഖങ്ങളിൽ അവർ പറയുന്നു. അതോടൊപ്പം മലയാളിക്ക് ശാസ്ത്രീയമായ ലൈംഗിക വിദ്യാഭ്യാസം ഉറപ്പാക്കണം എന്നുകൂടി കൂട്ടിച്ചേർക്കുന്നു .കൃതിയെ അനുകൂലിച്ചും പ്രതികൂലിച്ചും രൂക്ഷമായി വിമർശിച്ചും കൊണ്ടുള്ള ധാരാളം ലേഖനങ്ങൾ മുന്നോട്ടു വന്നിരുന്നെങ്കിലും ആറോളം ഭാഷകളിൽ ആത്മകഥ മൊഴിമാറ്റം ചെയ്യപ്പെട്ടതോടെ ലൈംഗികതൊഴിലാളികളുടെ ജീവിതയാഥാർത്ഥ്യങ്ങൾ ലോക മെമ്പാടും ചർച്ച ചെയ്യപ്പെട്ടു.

സമൂഹത്തിൽ നിശബ്ദരാക്കപ്പെട്ടവരോ മാറ്റിനിർത്തപ്പെട്ടവരോ ആയവരാണ് ലൈംഗിക തൊഴിലാളികൾ . അവരെ സമീപിക്കുന്നത് സമൂഹത്തിലെ ഉന്നത പദവികളിൽ ഇരിക്കുന്നവർ ആയിരുന്നിട്ടു കൂടി കുറ്റാരോപിതരാകുന്നതും ചൂഷണങ്ങൾക്ക് വിധേയർ ആകുന്നതും ഇവർ മാത്രമാണ് .ഒരു വ്യക്തിയുടെ സ്വത്തായ ശരീരം വരെ വിൽക്കാൻ തയ്യാറാക്കുമ്പോൾ അവരെ അതിലേക്ക് നയിച്ച ദരിദ്ര്യ അവസ്ഥയെയും പ്രാരാബ്ദങ്ങളെയും മനസ്സിലാക്കാതെ അവരുടെ പ്രവർത്തിയെ മാത്രം ചോദ്യം ചെയ്യുന്ന മനുഷ്യരുടെ സദാചാരബോധത്തെ തന്റെ ആത്മകഥയിലൂടെ നളിനി ജമീല വ്യക്തമാക്കുന്നു.

## 2.4 ദുരിതംപേറുന്ന ബാല്യവും വൈവാഹിക ജീവിതവും

തൃശ്ശൂർ ജില്ലയിലെ ആമ്പല്ലൂരിനടുത്തുള്ള കല്ലൂർ എന്ന ഗ്രാമത്തിൽ നെല്ലിപ്പറമ്പിൽ രാഘവന്റെയും പണിക്കപറമ്പിൽ കല്യാണിയുടെയും മകളായി 1954 ആണ് നളിനി ജനിക്കുന്നത്. മൂന്നാം ക്ലാസിൽ പഠനം നിർത്തിയ നളിനി കുടുംബത്തിന്റെ ദാരിദ്ര്യവസ്ഥ കണക്കിലെടുത്താണ് നന്നേ ചെറിയ പ്രായത്തിൽ ജോലിക്ക് ഇറങ്ങുന്നത്.

കുടുംബത്തോടുള്ള പിതാവിന്റെ അവഗണനയും ബന്ധുക്കളുടെ അനാവശ്യ ഇടപെടലുകളും അവരെ ബാധിച്ചിരുന്നു. .അമ്മയ്ക്ക് ജോലി ഉണ്ടായിരുന്നപ്പോൾ ഉള്ള പദവിയും ബഹുമാനവും അവരുടെ ജോലി നഷ്ടപ്പെട്ടതോടെ ഇല്ലാതായത് തിരിച്ചറിഞ്ഞ നളിനിയിൽ ജോലിക്ക് പോയാൽ അധികാരം ഉണ്ടാകുമെന്ന തിരിച്ചറിവ് ഉണ്ടാക്കുന്നുണ്ട് .കുടുംബത്തിന് ദാരിദ്ര്യവസ്ഥയിൽ സഹായിച്ച ബന്ധുക്കൾ അമിതമായി ഭരിക്കുന്നതായിരുന്നു ഒരു കാരണം.ചെറിയ പ്രായത്തിൽ തന്നെ പണമാണ് ഒരു മനുഷ്യന്റെ പദവി അഭിമാനവും നിർണയിക്കുക എന്ന തോന്നൽ അവരിൽ ഉടലെടുത്തിരുന്ന സാഹചര്യത്തിലാണ് ഒമ്പതാം വയസ്സിൽ നളിനി ഓട്ടുകമ്പനിയിൽ ജോലിക്ക് കയറുന്നത്.ഒരു പെൺകുട്ടി ഉപജീവനത്തിനായി നേരിടേണ്ടി വരുന്ന പ്രയാസങ്ങളാണ് ബാല്യകാലത്തെ കുറിച്ചുള്ള നളിനിയുടെ ഓർമ്മ .പണിസ്ഥലത്തേക്ക് പോകുന്ന വഴി അപകടം നിറഞ്ഞതാണെങ്കിലും സ്വയം സൂക്ഷിക്കുക എന്നത് മാത്രമായിരുന്നു ഏക പോം വഴി .ആദ്യമായി കൂലി വാങ്ങി തിരികെ വീട്ടിലെത്തി അമ്മയ്ക്ക് കൊടുക്കുമ്പോൾ നളിനിയ്ക്ക് അഭിമാനമാണെങ്കിലും അമ്മയുടെ മുഖത്ത് കുറ്റബോധമാണ് ഉണ്ടാകുന്നത്. ഓട്ടുകമ്പനിയിൽ നിന്നും മെച്ചപ്പെട്ട ജോലിയിലെത്തിച്ചേരാൻ ശ്രമിക്കുമ്പോഴും അതിനു കഴിയാതെ രണ്ടു വർഷത്തോളം അവിടെത്തന്നെ കഴിച്ചു കൂട്ടേണ്ടതായി വരുന്നുണ്ട്.

## 2.5 തൊഴിലിടങ്ങളിലെ ദുരനുഭവങ്ങൾ

സ്ത്രീകളെ രണ്ടാം തരക്കാരായി കാണുന്ന സമൂഹത്തിൽ സ്ത്രീയായി ജീവിക്കുന്നത്, അതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽ നിന്നുമാകുമ്പോൾ അതൊരു വെല്ലുവിളി തന്നെയാണ് . പൊതു സമൂഹത്തിലെ ജോലിസ്ഥലത്തോ കുടുംബത്തിലോ അർഹിക്കുന്ന പരിഗണനയോ സുരക്ഷിതത്വമോ ലഭിക്കുന്നില്ല. എങ്ങനെയെങ്കിലും പണം സമ്പാദിക്കണം എന്ന ലക്ഷ്യത്തോടെയാണ് നളിനി വീട്ടുജോലിയിലേക്ക് തിരിയുന്നത്. എന്നാൽ അവിടെയും പ്രതീക്ഷകൾക്ക് വിപരീതമായ സംഭവങ്ങളാണ് ഉണ്ടാകുന്നത്. കുട്ടികളെ നോക്കാനായി നിന്ന വീട്ടിലെ ബന്ധുവായ ഇട്ടാമാഷ് എന്ന വ്യക്തിയിൽ നിന്നും നേരിട്ട ശാരീരിക പീഡനത്തെക്കുറിച്ചവർ വ്യക്തമാക്കുന്നുണ്ട്. ഇക്കാര്യം മറ്റുള്ളവരെ അറിയിക്കുമ്പോഴും കുറ്റപ്പെടുത്തൽ മാത്രമാണ് ലഭിക്കുന്നത്. ജോലിസ്ഥലത്തെ ഇത്തരം സംഭവങ്ങളിലും സ്ത്രീകൾ എത്രമാത്രം നിശബ്ദരാക്കപ്പെടുന്നുവെന്ന് വ്യക്തമാകുന്നു. ഈ സംഭവത്തോടെ അവിടുത്തെ മറ്റു പുരുഷന്മാരെയും ഭയത്തോടെ മാത്രമേ അവർക്ക് കാണാൻ സാധിക്കുന്നുള്ളൂ. അതിനാൽ പിന്നീട് വീട്ടുജോലിക്ക് നിൽക്കണ്ട എന്ന് തീരുമാനത്തിൽ നളിനി എത്തിച്ചേരുന്നു.

## 2.6 വിവാഹം

പതിനെട്ടാം വയസ്സിൽ വീട്ടിൽ നിന്നുമിറങ്ങേണ്ട സാഹചര്യത്തിലാണ് നളിനി വിവാഹിതയാകുന്നത് . അവിവാഹിതയായ സ്ത്രീയ്ക്ക് സമൂഹത്തിൽ നിലനിൽക്കാനുള്ള പരിതസ്ഥിതികൾ അക്കാലത്തില്ലാതിരുന്നതിൽ വിവാഹം അവർക്ക് നിലനിൽപ്പ് കൂടിയാണ്. മണ്ണുമ്മടയിലെ പരിചയത്തിൽ നിന്നാണ് നളിനി സുബ്രഹ്മണ്യനെ കണ്ടുമുട്ടി വിവാഹം കഴിക്കുന്നത്.യഥാർത്ഥത്തിൽ വിവാഹമായിരുന്നില്ലെങ്കിൽ കൂടി ഭാര്യാഭർതൃ ബന്ധത്തിലൂടെ ആണ് അവർ മുന്നോട്ടുപോയത്.വീട്ടിൽ അച്ഛനുമായുണ്ടായ വഴക്കിന് ശേഷം തിരികെ പോകാൻ കഴിയാതെ നിൽക്കുമ്പോഴാണ് സുബ്രഹ്മണ്യനെ കാണുന്നതും വീട്ടുകാർ അവരെ ഭാര്യ ഭർത്താക്കന്മാരായി അംഗീകരിക്കുകയും കൂടി ചെയ്തതോടെ അതിൽത്തന്നെ തുടർന്നു

തന്റെ അതുവരെയുള്ള കഷ്ടതകളിൽ നിന്നുള്ള മോചനം ആയാണ് വിവാഹത്തെ നളിനി കണ്ടത് .എന്നാൽ ഭർത്താവിൽ നിന്നും അമ്മായിയമ്മയിൽ നിന്നും നേരിട്ട പീഡനങ്ങൾ നരക തുല്യമായിരുന്നു .വിവിധ ജോലികൾ ചെയ്തിരുന്ന സുബ്രഹ്മണ്യൻ കാൻസർ ബാധിതനായാണ് മരിക്കുന്നത്.മൂന്നുവർഷത്തെ ദാമ്പത്യ ജീവിതത്തിനൊടുവിൽ 24ാം വയസ്സിൽ വിധവയായതോടെ കുടുംബത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം നളിനിയുടെ കൈകളിലായി . കടുത്ത ദാരിദ്രാവസ്ഥയും കുടും

ബത്തിന്റെ ദയനീയവസ്ഥയും കണക്കിലെടുത്താണ് ഒടുവിൽ വേശ്യാവൃത്തിയിലേക്ക് അവർ കടക്കുന്നത്.

## 2.7 ലൈംഗികവൃത്തി - സാഹചര്യങ്ങളുടെ സമ്മർദ്ദം

അന്നത്തെ കാലത്ത് കഠിനാധ്വാനം ചെയ്താലും ഒരു സ്ത്രീക്ക് സമ്പാദിക്കാൻ കഴിയുന്ന പണത്തിന് പരിധി ഉള്ളതിനാലാണ് വേശ്യാവൃത്തി തിരഞ്ഞെടുക്കാൻ നളിനി നിർബന്ധിതയാകുന്നത്. ദാരിദ്രത്തിനും പട്ടിണിയ്ക്കും മുൻപിൽ സ്വന്തം ശരീരം വിൽക്കുക എന്നത് ഏതൊരു ലൈംഗികത്തൊഴിലാളിയുടെയും നിസ്സഹായവസ്ഥയെ ചൂണിക്കാണിക്കുന്നു. ഗ്രാമത്തിൽ നിന്നും ദൂരെ ആയതിനാൽ തിരിച്ചറിയപ്പെടുമോ എന്ന ഭയവും ഇല്ലാതിരുന്നതിനാൽ പരിചയക്കാർ വഴി അവർ വേശ്യസ്ത്രീയായി മാറുകയായിരുന്നു.

ആദ്യമായി തന്നെ സമീപിച്ച വ്യക്തിയിൽ നിന്നുതന്നെ വേശ്യാവൃത്തിയുടെ കയ്പേറിയ യാഥാർത്ഥ്യം നളിനി തിരിച്ചറിയുന്നുണ്ട്. പോലീസ് ഓഫീസർ ആയ അയാൾ ആദ്യം മാന്യമായി പെരുമാറുകയും എന്നാൽ പിറ്റേദിവസം അതേ വ്യക്തി തന്നെ അവരെ ഒറ്റിക്കൊടുക്കുകയും ചെയ്തു .'പുരുഷന് ഒരേസമയം സുന്ദരനും ക്രൂരനും ആവാൻ കഴിയുമെന്ന് പാഠം ആദ്യത്തെ ക്ലൈന്റിൽ നിന്നു തന്നെ പഠിച്ചു' എന്നാണ് അവർ ഇതിനെക്കുറിച്ച് പറയുന്നത്.ഇതിന്റെ പേരിൽ ഉദ്യോഗസ്ഥരുടെ മർദ്ദനങ്ങൾക്ക് ഇര ആവുകയും അതിനിടയിൽ അതേ ഉദ്യോഗസ്ഥൻ തന്നെ അവരെ രക്ഷിച്ചു വീണ്ടും ഉപയോഗിച്ച ശേഷം വിട്ടയയ്ക്കുകയുമാണ് ചെയ്യുന്നത്.ഇവിടെ പോലീസ് ഉദ്യോഗസ്ഥരിൽ നിന്നുള്ള മോശം അനുഭവവും ലൈംഗിക തൊഴിലാളികളോടുള്ള ചൂഷണവും ഇവർ ചോദ്യം ചെയ്യുന്നു.

## 2.8 കമ്പനി വീട്

പൂർണ്ണമായും വേശ്യാവൃത്തിയിലേക്ക് കടന്നതോടെ നളിനി മറ്റു ലൈംഗികത്തൊഴിലാളികളുടെ ഒപ്പം താമസിച്ചു .വേശ്യവൃത്തിക്കായി സ്ത്രീകൾ വീടെടുത്ത് താമസിക്കുന്ന ഇടങ്ങളെയാണ് കമ്പനിവീട് എന്ന് പറയപ്പെട്ടിരുന്നത്. ഇത്തരം വേശ്യാലയങ്ങളിൽ ധാരാളം ലൈംഗികത്തൊഴിലാളികളും ബ്രോക്കർമാരും ഗുണ്ടകളും ഉണ്ടായിരുന്നു. ബ്രോക്കർമാർ മുഖേനയാണ് അവർ ക്ലൈന്റുകളെ അതായത് ആവശ്യക്കാരെ ബന്ധപ്പെട്ടിരുന്നത്.അതോടൊപ്പം ഇവർക്ക് വേണ്ട സുരക്ഷ ഗുണ്ടകൾ ഏർപ്പെടുത്തി. ചുറ്റുമുള്ള പുരുഷന്മാരോട് യാതൊരു തടസ്സവും ഇല്ലാതെ സ്നേഹം പ്രകടിപ്പിക്കാനുള്ള ബന്ധം അവർക്കിടയിൽ നിലനിന്നിരുന്നു. സ്വവർഗ്ഗാനുരാഗിയാ

യ മാനുക്കയെ  കുറിച്ച് നളിനി സൂചിപ്പിക്കുന്നുണ്ട്.ഇത്തരം സുഹൃദ് ബന്ധങ്ങൾ കൈപ്പേറിയ ജീവിത സാഹചര്യങ്ങൾക്കിടയിലെ  ഏക ആശ്വാസം.

വ്യത്യസ്ത ബ്രോക്കർമാർ വഴി പല കമ്പനിവീടുകളിൽ താമസിച്ചു പ്രവർത്തിച്ച നാളുകളെക്കുറിച്ചും അവിടുന്ന് കിട്ടിയ മോശം അനുഭവങ്ങളെക്കുറിച്ചും ഇതിൽ ഉൾപ്പെടുത്തുന്നുണ്ട്.പല ക്ലൈന്റുകളും പണത്തോടൊപ്പം വസ്ത്രങ്ങളും മദ്യവും വാങ്ങി കൊടുക്കുക പതിവായിരുന്നു . വേശ്യസ്ത്രീ ആയതിനാൽ തന്നെ സാഹചര്യം അറിഞ്ഞുകൊണ്ടും സ്നേഹം നടിച്ചുകൊണ്ടും അടുത്തെത്തുന്ന ധാരാളം മനുഷ്യർ സമീപിക്കുമ്പോഴും  സ്നേഹത്തേക്കാൾ ഉപരി അവരിൽ നിന്നും ലഭിക്കുന്ന സംരക്ഷണവും സത്യസന്ധതയും ആണ് നളിനിയിൽ സുരക്ഷിതത്വം കൊണ്ടുവരുന്നത്.. ചിലർ നളിനിയിൽ അനുരക്തരാവുകയും വേശ്യാവൃത്തി ഉപയോഗിച്ച് അവരുടെ ഭാര്യയായി ജീവിക്കാനും നിർബന്ധിച്ചു കൊണ്ടിരുന്നു.  എന്നാൽ ലൈംഗികത്തൊഴിലാളിയായ ഒരു  ഒരു സ്ത്രീക്ക് സാധാരണ ജീവിതം സ്വപ്നം കാണുവാൻ മാത്രമാണ് കഴിയുക എന്ന പൂർണ്ണ ബോധ്യത്തോടെ തന്റെ ജോലി അവർ നിർവ്വഹിക്കുന്നു.

ഒരു നിവൃത്തിയും ഇല്ലാത്ത സാഹചര്യത്തിൽ കുട്ടികൾക്ക് വേണ്ടിയാണ് വേശ്യാവൃത്തിയിലേക്ക് ഇറങ്ങിയതെങ്കിലും  കുടുംബവും അവരുടെ തൊഴിലിന്റെ പേരിൽ മാറ്റിനിർത്തുകയാണുണ്ടായത് . ആദ്യകാലങ്ങളിൽ പണം സ്വീകരിച്ചിരുന്നെങ്കിലും  ഭർത്താവിന്റെ  സഹോദരൻ ഗൾഫിൽ പോയി സമ്പാദിച്ചതിനാൽ തുടർന്നും നളിനിയുടെ  പണം സ്വീകരിക്കേണ്ടതില്ലെന്നു കുടുംബം തീരുമാനിച്ചത്. ബന്ധം പൂർണമായി വേർപ്പെടുന്നത് വേദന ഉണ്ടാക്കുന്നുണ്ടെങ്കിലും തന്റെ അസാന്നിധ്യത്തിലും മക്കൾ ആഗ്രഹിച്ച ജീവിതം നയിക്കുകയാണെന്ന ചിന്തയിൽ അവർ ആശ്വസിക്കുന്നു. ഉത്തരവാദിത്വം ഒഴിഞ്ഞതോടെ തൊഴിൽ നിർത്തുന്നതിന്റെ സാധ്യതകളെ കുറിച്ച് നളിനി ആലോചിക്കുവാൻ തുടങ്ങി.

## 2.9 രണ്ടാം വിവാഹവും താളപ്പിഴകളും

ആദ്യവിവാഹം ദുരിതപൂർണ്ണമായതിനാലും ഉത്തരവാദിത്വങ്ങൾ കഴിഞ്ഞതിനാലും ജീവിതം വഴിമുട്ടി നിൽക്കുമ്പോഴാണ്  മംഗലാപുരം സ്വദേശിയായ കോയക്കയുടെ വിവാഹം അഭ്യർത്ഥന നളിനിയെ തേടിയെത്തുന്നത്.അയാൾ തന്റെ രണ്ടു ഭാര്യമാരെയും ഉപേക്ഷിച്ച ശേഷമാണ് നളിനിയെ വിവാഹം കഴിക്കുന്നത്.എന്നാൽ യഥാർത്ഥത്തിൽ രണ്ടാം ഭാര്യയെ അയാൾ ഉപേക്ഷിച്ചില്ലായിരുന്നു .അവർ പ്രസവശുശ്രൂഷയ്ക്ക് പോയ വേളയിലാണ് നളിനിയെ മൂന്നാം ഭാര്യയായി കോയക്ക സ്വീകരിക്കുന്നത്.തുടക്കത്തിൽ സന്തോഷമായി പോകുകയും പിന്നീട് ആ ബന്ധത്തിലും

അസ്വാരസ്യങ്ങൾ രൂപപ്പെട്ടതോടെ അവിടെയും ദുരിതപൂർണമായ ജീവിതമാണ് നളിനിക്ക് ഉണ്ടാകുന്നത്.ആ ബന്ധത്തിൽ ഒരു പെൺകുട്ടി ഉണ്ടാകുകയും സീനത്ത് എന്ന പേര് വിളിക്കുകയും ചെയ്തു.ബന്ധം നിർത്തുമ്പോഴും കുട്ടിയുടെ സംരക്ഷണമാണ് ചോദ്യമായി നിലനിന്നത്. ഇടയ്ക്ക് ഭർത്താവിന്റെ കുടുംബം സഹായിച്ചെങ്കിലും അവിടെയും അവഗണന നേരിട്ടതിനാൽ കുട്ടിയെ നോക്കാൻ ആളെ നിർത്തി വേശ്യാവൃത്തിക്ക് പോയ സാഹചര്യങ്ങളെയും അവർ വിവരിക്കുന്നുണ്ട്. അത്തരം അവസ്ഥയിലും സഹായിച്ച വ്യക്തികളെ നളിനി ഓർക്കുന്നു.കുട്ടിയെ നോക്കുന്നതിനും ചിലവിനും കഴിയാതെ വന്നപ്പോൾ സെക്സ് വർക്കർ എന്ന നിലയ്ക്ക് ജീവിതം ശരിക്കും മടുത്ത കാലത്തെക്കുറിച്ച് നളിനി പറഞ്ഞു വെക്കുന്നുണ്ട്.

## 2.10 നളിനി ജമീലയാകുന്നു

ലൈംഗികതൊഴിലിൽ തുടരുന്ന അവസരത്തിലാണ് നളിനി വീണ്ടും ദാമ്പത്യത്തിൽ ആകുന്നത്.കുട്ടിയുടെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് വേണ്ട സഹായങ്ങൾ ചെയ്ത അയാൾ ആദ്യം ജയരാജ് എന്ന പേരിൽ പരിചയപ്പെടുകയും പിന്നീട് ഷാഹുൽഹമീദ് എന്ന തൻറെ യഥാർത്ഥ പേര് വെളിപ്പെടുത്തുകയും ചെയ്തു അതോടൊപ്പം നളിനി, 'ജമീല 'എന്ന പേര് സ്വീകരിക്കുകയും ചെയ്തു. മതം മാറിയില്ലെങ്കിലും ഭാര്യ മുസ്‌ലിം ആണെന്ന് അദ്ദേഹത്തിന്റെ ബന്ധുക്കളെ മുൻപിൽ ബോധ്യപ്പെടുത്താൻ ആണ് ഇങ്ങനെ ചെയ്തത്.

ഏകദേശം 12 വർഷത്തോളം ഈ ബന്ധത്തിൽ മകളുമായും നല്ലൊരു അടുപ്പമാണ് ഷാഹുൽഹമീദിന് ഉണ്ടായിരുന്നത്. അത്യാവശ്യം സാമ്പത്തിക സ്ഥിതി ഉണ്ടായിരുന്നെങ്കിലും ആഗസ്മികമായി നേരിട്ട സാമ്പത്തിക പ്രതിസന്ധിയും അതോടൊപ്പം രോഗബാധയും നളിനിയെ തളർത്തി. ലിവറിൽ നീരും ട്യൂമറുമായി കഷ്ടപ്പെടുന്ന വേളയിലാണ് ഭർത്താവിനു മറ്റു ബന്ധങ്ങൾ ഉണ്ടെന്ന് അവർ തിരിച്ചറിയുന്നതും ഭർതൃവീട് ഉപേക്ഷിച്ച് ഇറങ്ങുന്നത്.

## 2.11 വീണ്ടും ലൈംഗികവൃത്തിയിലേക്ക്

പ്രായപൂർത്തി ആകാത്ത മകളെയും കൊണ്ട് തെരുവിലേക്ക് ഇറങ്ങിയെങ്കിലും ആരോഗ്യസ്ഥിതി വഷളായതിനാൽ ജോലി ചെയ്യാൻ കഴിയാത്തതിനാൽ അവർ അഭയം പ്രാപിച്ചത് ആറ്റിങ്കര പള്ളിയിലാണ് .തന്റെ ജീവിതം ഇങ്ങനെ ആയിത്തീർന്നെങ്കിലും മകൾക്ക് സുരക്ഷിതമായ ജീവിതം ഉറപ്പുവരുത്തണം എന്ന ലക്ഷ്യത്തോടെയാണ് നളിനി ജീവിച്ചത്.അതിനാൽ തന്നെ അവിടെ തന്റെ സുരക്ഷയെക്കാൾ ഏറെ മകളുടെ സുരക്ഷിതത്വത്തിനാണ് അവർ വില കൽപ്പിച്ചത്.

പല രാത്രികളിലും ഉറങ്ങുന്ന മകൾക്ക് കാവലിരുന്ന് നേരം വെളുപ്പിക്കുന്ന സാഹച ര്യത്തെ അവർ ഓർക്കുന്നു.അക്കാലത്ത് ധാരാളമാളുകൾ പള്ളിയെ ആശ്രയിച്ച് ജീവി ക്കുകയും ഭിക്ഷാടനം നടത്തുകയും ചെയ്തിരുന്നു.

തന്റെ ആരോഗ്യസ്ഥിതി വെച്ച് ജോലി ചെയ്യുവാനോ ചികിത്സയ്ക്കോ പണം ഉണ്ടായിരുന്നില്ല.അതേസമയം തന്നെ മകളെ വിവാഹം കഴിക്കാമെന്ന് അഭ്യർ ത്ഥനയോടെ പള്ളിയിലെ അംഗമായ അബ്ദുൽ റസാഖ് മുന്നോട്ടു വരുന്നുണ്ടെങ്കി ലും നളിനി അത് നിരാകരിക്കുന്നുണ്ട്. ഈ സന്ദർഭങ്ങളിൽ ഭർത്താവും കുടുംബ വും ഇടയ്ക്ക് സന്ദർശിക്കുമ്പോഴും വേണ്ടവിധ സഹായങ്ങൾ നിർവഹിക്കുന്നില്ല. മകളുടെ സുരക്ഷയ്ക്കായി പലരെയും ആശ്രയിക്കുമ്പോഴും അവർക്ക് അവഗണന യാണ് ഉണ്ടാകുന്നത്.ഇതിനിടയിൽ ഒരു സുഹൃത്ത് പറഞ്ഞത് അനുസരിച്ച് ഒരു തങ്ങളുടെ വീട്ടിൽ നളിനിയും മകളും താമസമാക്കി എന്നാൽ രോഗബാധിതരെ അവിടെ കൊണ്ടുവന്ന് അവരുടെ പെൺകുട്ടികളെ പീഡിപ്പിക്കുകയായിരുന്നു തങ്ങ ളുടെ ഉദ്ദേശം എന്ന് തിരിച്ചറിഞ്ഞ നളിനി മകളെയും ആയി മറ്റൊരിടത്തേക്ക് താമ സം മാറുന്നു.അപ്പോഴും സ്ഥിരമായ ഒരിടത്തേക്ക് അവർക്ക് നിൽക്കാൻ സാധിക്കു ന്നില്ല രോഗാവസ്ഥയും ഗുരുതരമായതോടെ തൽക്കാലത്തേക്ക് സീനത്തിന് ബന്ധ ങ്ങളുടെ വീട്ടിൽ കുട്ടിയെ നോക്കാനായി ഏൽപ്പിക്കുന്നു.

ചികിത്സയ്ക്കായി പല സാഹചര്യങ്ങളും മറികടക്കേണ്ടതായി നളിനിയ്ക്ക് വരുന്നുണ്ട് .ആരോരും ഇല്ലാത്തവരെ സഹായിക്കുന്ന ഡോക്ടർ മെഡിക്കൽ കോളേജിൽ ഉണ്ടെന്നറിഞ്ഞ് അവിടെ ചികിത്സ ആരംഭിക്കുകയും എന്നാൽ തിരികെ എത്തിയതോടെ സത്യം പുറത്താക്കുകയും ചെയ്യുന്നു. എന്നിരുന്നാലും നളിനി യുടെ നിസ്സഹായ അവസ്ഥ മനസ്സിലാക്കി ഡോക്ടർ വീണ്ടും ചികിത്സ തുടരുകയും ചെയ്തു രോഗം ഭേദമായി.ആശുപത്രിയിൽ നിന്നിറങ്ങിയശേഷം ഷാഹുലിന്റെ പല ബന്ധുക്കളുടെ വീട്ടിലായി മാറിമാറി അവർ നിന്നു. പലപ്പോഴും രോഗബാധിത യാണെന്ന പരിഗണന പോലും ഇല്ലാതെ അവിടെ നിന്നും ഇറങ്ങേണ്ടതായി വന്നു. ഒടുവിൽ നളിനിയുടെ നിസ്സഹായ കണ്ട് ഷാഹുലിന്റെ ബന്ധുക്കൾ ഇടപെടുകയും ചെയ്തു. പള്ളിയിൽ വച്ച് നിക്കാഹ് കഴിഞ്ഞതിനാൽ ഭാര്യയോടും മകളോടും ഉള്ള ഉത്തരവാദിത്വം കാണിക്കാൻ ഷാഹുൽ നിർബന്ധത്തിന് ആകുന്നു എന്നാൽ അ വിടെയും വേണ്ട പരിഗണന അല്ല ലഭിക്കുന്നത്.ആരോഗ്യം മെച്ചപ്പെട്ടതോടെ വീണ്ടും ലൈംഗികവൃത്തിയിലേക്ക് ഇറങ്ങാൻ നളിനി തയ്യാറാകുമ്പോൾ മകളുടെ ഭാവിയെ കുറിച്ചുള്ള ആശങ്ക ഉണ്ടാകുന്നുണ്ട്. അങ്ങനെ അവർ തിരുവനന്തപുരത്തെ മരുമക ളുടെ സംരക്ഷണത്തിൽ സീനത്തിന് ഏൽപ്പിക്കുന്നു. 1999 കാലഘട്ടത്തിൽ വീണ്ടും ലൈംഗിക തൊഴിലാളിയിൽ നളിനി മാറുന്നത്.പതിയെ അമ്മയുടെ തൊഴിലിനെ പ

റ്റി മകൾക്കും ധാരണ ഉണ്ടാകും എന്നാൽ അതിനെ എതിർക്കാനോ അംഗീകരിക്കാനോ അവൾ തയ്യാറാകുന്നില്ല.വർഷങ്ങളായി ലൈംഗിക തൊഴിലാളിയായി തുടർന്ന നളിനി എന്നാൽ ആദ്യമായാണ് ലൈംഗിക തൊഴിലാളികൾക്കുള്ള സംഘടനയിൽ അംഗമാകുന്നത്.നാലാം അധ്യായത്തിലേക്ക് കടക്കുമ്പോഴാണ് ലൈംഗിക തൊഴിലാളുകൾ നേരിടുന്ന പ്രശ്നങ്ങൾക്കെതിരെ പ്രതികരിക്കുന്ന സാഹചര്യങ്ങളെ കുറിച്ച് അവർ വ്യക്തമാക്കുന്നത്.

## 2.12 ജ്വാലാമുഖി

ലൈംഗിക തൊഴിൽ ചെയ്യുന്നവരുടെ സംഘടനയായ ജ്വാലാമുഖിയിൽ അംഗമാകുന്നത് ഈ സന്ദർഭത്തിലാണ് തൃശ്ശൂരിലെ അഞ്ചേരിയിൽ പ്രവർത്തിക്കുന്ന ജ്വാലാമുഖിയുടെ ഓഫീസിലേക്ക് അതിന്റെ മുഖ്യപ്രവർത്തകരായ ശാരദ ലളിത തുടങ്ങിയവരാണ് നളിനിയെ പരിചയപ്പെടുത്തുന്നത്.ലൈംഗിക വൃത്തിയിൽ ഏർപ്പെടുന്നവരിലൂടെ പകരുന്ന എയ്ഡ്സ് എച്ച്ഐവി തുടങ്ങിയ രോഗങ്ങളെ കുറിച്ചുള്ള ക്ലാസുകളെക്കുറിച്ചും അവരുടെ അനുഭവങ്ങളെക്കുറിച്ചും പോലീസ് ഇടപെടലുകളെക്കുറിച്ചും സ്വതന്ത്രമായ ചർച്ച ചെയ്യാനുള്ള ഇടമായി അത് മാറി ഇവിടെ നിന്നുമാണ് ലൈംഗിക തൊഴിലാളികൾ അനുഭവിക്കുന്ന ചൂഷണങ്ങളേയും അവഗണനകളെയും പ്രതിരോധിക്കാനും അവരുടെ സംരക്ഷണം ഉറപ്പുവരുത്തുവാനും സംഘടന മുന്നിട്ടിറങ്ങിയത്.ഇതിലൂടെ നളിനി തന്നെ ആശയങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ലൈംഗിക തൊഴിൽ ചെയ്യുന്നവരെ പോലീസ് പിടിക്കുന്നതിനെതിരെ കേസ് കൊടുക്കുവാനും ജാമ്യം നിൽക്കാൻ അവർ തന്നെ മുന്നിട്ടിറങ്ങണമെന്നും നളിനി ആഹ്വാനം ചെയ്തു ഇത്തരത്തിൽ തന്റെ തൊഴിൽ ചെയ്യാനുള്ള അവകാശവും സ്വാതന്ത്രവും സംരക്ഷണവും ഉറപ്പുവരുത്തുവാനായി ഇവർ മുന്നിട്ടിറങ്ങി അതിനായി മുനിസിപ്പാലിറ്റിയുടെ മുന്നിൽ പൊതു മീറ്റിംഗ് രൂപീകരിച്ചു.

അതുവരെ സമൂഹം അവഗണനയോടെയും നോക്കി കണ്ട ലൈംഗികത തൊഴിലാളികളുടെ ആദ്യത്തെ പൊതുസമ്മേളനം ആയിരുന്നു അവിടെ നടന്നത് അതിനാൽ തന്നെ സമൂഹത്തിന് അവരുടെ മേൽ പുറം തിരിയാൻ കഴിയാത്ത അവസ്ഥ ഉണ്ടായി സമൂഹത്തിലെ മറ്റു തൊഴിലുകൾ പോലെ തന്നെ ഒന്നായ ലൈംഗികതൊഴിലിൽ അത് ചെയ്യുന്നവർ മാത്രം കുറ്റക്കാർ ആകുന്ന പ്രതിവിധി മലയാളിയുടെ സദാചാരബോധത്തിൽ നിന്നും ഉടലെടുത്തതാണ്.തുടർന്ന് അടുത്തവട്ടം കളക്ടർ ധർണ്ണ നടത്തുകയും ചെയ്തു. അക്കാലത്ത് ആദ്യമായാണ് ലൈംഗിക തൊഴിലാളികൾ പൊതുസമൂഹത്തിനു മുന്നിൽ പ്രതിഷേധിക്കുന്നത്.ഇത് അന്നുവരെയുള്ള പൊതു ധാരണകളെ പൊളിച്ചു എഴുതാൻ സഹായിച്ചു.1999 കാലത്തെ ഒരു

യോഗത്തിൽ ദേവദാസികളുടെ സാമൂഹ്യപദവി എന്ന വിഷയത്തിൽ നളിനി സംസാരിക്കുകയുണ്ടായി .പ്രാചീനകാലം മുതൽ നിലനിന്നിരുന്ന ദേവദാസ സമ്പ്രദായത്തിൽ നിന്നും അച്ചികൾ ,കൂത്തിച്ചികൾ എന്നീ അവഹേളനസൂചക പേരുകളായി മാറി .എന്നാൽ കാലഘട്ടം മാറിമറിഞ്ഞിട്ടും ഇതൊക്കെ ഇപ്പോഴും തുടരുകയും.അവർ അർഹിക്കുന്ന പരിഗണന ലഭിക്കാതെ പകരം ചൂഷണങ്ങളും മറ്റുമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.ലൈംഗിക ആരോഗ്യത്തെക്കുറിച്ചും എച്ച് ഐ വി എയ്ഡ്സ് തുടങ്ങിയ ലൈംഗിക രോഗങ്ങളുടെ പ്രതിരോധത്തെക്കുറിച്ചും ആണ് ഇത്തരം പ്രവർത്തനങ്ങളിലൂടെ ജ്വാലാമുഖി ലക്ഷ്യം വെച്ചത്.

സംഘടനയുടെ പ്രവർത്തനങ്ങൾക്കും തൊഴിലിനും ഇടയിലാണ് നളിനി അപകടത്തിൽ പെട്ട് ആശുപത്രിയിലാകുന്നത് ക്ലൈണ്ടിനെ കാത്തുനിൽക്കുന്നതിനിടയിൽ അപരിചിതരിൽ നിന്നും ഒളിക്കുന്നതിനിടയാണ് കിണറ്റിൽ വീഴുന്നത് രക്ഷിച്ച് ആശുപത്രിയിൽ എത്തിക്കുമ്പോൾ നളിനിയുടെ ക്ലൈന്റുകൾ ആയ പോലീസ് ഉദ്യോഗസ്ഥർ അവർക്ക് വേണ്ടപ്പെട്ട ആളെ സഹായിക്കാൻ കഴിയാതെ നിസ്സഹായരായി നിൽക്കുന്ന അവസ്ഥയെ നളിനി വിവരിക്കുന്നുണ്ട്.പലപ്പോഴും തൊഴിലിൽ അടങ്ങിയിരിക്കുന്ന അപകടങ്ങളെ അഭിമുഖീകരിക്കേണ്ടതായി അവർക്ക് വരുന്നുണ്ട് .പലപ്പോഴും നാട്ടുകാരോ പോലീസുകാരോ ഇത്തരത്തിൽ അവരെ ചോദ്യം ചെയ്യുമ്പോൾ ഭയപ്പെടാതെ തൻറെ കാര്യങ്ങൾ സംസാരിച്ചു നേടിയെടുക്കാൻ അവർക്ക് കഴിയുന്നുണ്ട്.അതിലൂടെ തൻറെ ജോലി ശക്തമായി ചെയ്യുവാനും അതിനെ ചോദ്യം ചെയ്യുന്നവരെ ഭയം കൂടാതെ ശക്തമായി എതിർക്കുവാനും അവർക്ക് കഴിയുന്നു.

അതുപോലെ സ്ത്രീകളെ ക്രൂരമായി ബലാത്സംഗം ചെയ്തു കൊല്ലുന്ന സംഘങ്ങളുടെ മുൻപിൽ അകപ്പെട്ട അവസ്ഥയെയും നളിനി വിവരിക്കുന്നുണ്ട്.ബ്രഹ്മകുളം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ സംഘങ്ങൾ ലൈംഗിക തൊഴിലാളികളെ ആണ് ലക്ഷ്യം വയ്ക്കുന്നത് അപകടം മനസ്സിലാക്കിയ നളിനി വളരെ വേഗം അവിടെ നിന്ന് രക്ഷപ്പെടുകയും ചെയ്തു എന്നാൽ ഒരാഴ്ചയ്ക്കുശേഷം അതേ സ്ഥലത്ത് വെച്ച് ഒരു പെൺകുട്ടി കൊല്ലപ്പെട്ടു ഏർപ്പെടുന്ന മാനസിക വിഭ്രാന്തിയുള്ള പെൺകുട്ടിയെ ഇതേസംഘം ദുരുപയോഗം ചെയ്തു കൊല്ലുകയായിരുന്നു ഇതിനെതിരെ പ്രതിഷേധിച്ചിട്ടും എന്നാൽ മരിച്ചത് ലൈംഗിക തൊഴിലാളി ആയതിനാൽ യാതൊരു നടപടിയും ഉണ്ടാകാത്ത അവർ ചോദ്യം ചെയ്യുന്നുണ്ട്.സമാന രീതിയിൽ ലൈംഗിക തൊഴിലാളികളെ അമിത പണം നൽകി ഒട്ടേറെ പേർക്ക് പീഡിപ്പിക്കാൻ നൽകുന്ന സംഘങ്ങളുടെ മുൻപിൽ നളിനെ അകപ്പെടുന്നുണ്ട് അന്നും തലനാരിഴക്ക് അവർ രക്ഷപ്പെടുന്നത്. ഇവിടെ ലൈംഗിക തൊഴിലാളികൾ മാത്രമല്ല അപകടങ്ങൾ

ഇരയാകുന്നത്.അവർക്കു മുൻപിൽ അകപ്പെടുന്ന ഏതൊരു സ്ത്രീയെയും ഇത്തരത്തിൽ ദുരുപയോഗം ചെയ്യുവാൻ അവർ മടിക്കില്ല എന്ന യാഥാർത്ഥ്യം കൂടി തിരിച്ചറിയേണ്ടതുണ്ട്.തങ്ങളുടെ ഉപജീവനത്തിനാണ് ഇത്തരം ഒരു തൊഴിൽ തിരഞ്ഞെടുത്തു എങ്കിലും അവിടെയും ചൂഷണങ്ങളാണ് നേരിടേണ്ടി വരുന്നത്.പുരുഷാധിപത്യ സമൂഹത്തിൽ വേശ്യാവൃത്തിയിൽ ഏർപ്പെടുന്ന സ്ത്രീ ചോദ്യം ചെയ്യപ്പെടുകയും അതേസമയം ഇത്തരമൊരു സമൂഹത്തിൽ സ്ത്രീകളോ കുട്ടികളോ സുരക്ഷിതരല്ല എന്ന സാഹചര്യവും ഉടലെടുക്കുന്നു. വേശ്യ സ്ത്രീയെ ചോദ്യംചെയ്യുന്ന അതേ പുരുഷന്മാർ തന്നെയാണ് സ്ത്രീകളെയും കുട്ടികളെയും ചൂഷണം ചെയ്യുന്നത് എന്ന പച്ചയായ യാഥാർത്ഥ്യം കൂടെ വെളിപ്പെടുന്നുണ്ട്.

## 2.13 ദു:ഖത്തിലാഴ്ത്തിയ മരണങ്ങൾ

ലൈംഗിക തൊഴിൽ ചെയ്യുന്ന സ്ത്രീകൾ എത്രത്തോളം അപകടം നിറഞ്ഞ ജീവിതം ആണ് മുന്നോട്ടുകൊണ്ടുപോകുന്നത് എന്നത് അമ്മു എന്ന പെൺകുട്ടിയുടെ ജീവിതത്തിലൂടെ നളിനി പറഞ്ഞു വയ്ക്കുന്നുണ്ട് തൻറെ ജീവൻ അപകടത്തിൽ ആണെന്ന് പല രീതിയിൽ അവർ മറ്റുള്ളവരെ അറിയിച്ചിട്ടും രക്ഷിക്കാൻ കഴിയാത്ത കുറ്റബോധം നളിനിയിൽ നിലനിൽക്കുന്നുണ്ട് ആദിവാസി സ്ത്രീയായ അമ്മുവിൻറെ ജീവിതം യാതനകളും കഷ്ടതകളും കൊണ്ട് നിറഞ്ഞിരുന്നു ധാരാളം ദുരൂഹതകൾ ബാക്കിയാക്കിക്കൊണ്ട് അമ്മ കൊല്ലപ്പെടുമ്പോഴും നീതി ലഭ്യമാകാൻ ഉള്ള സാമ്പത്തിക അവസ്ഥ പോലും ഇല്ലാത്ത ബന്ധുക്കൾ മറ്റു വഴിയില്ലാതെ അന്വേഷണം അവസാനിപ്പിക്കുകയായിരുന്നു.ജീവിതത്തിൽ എന്തുമാത്രം നിസ്സഹായയാണ് ഒരു ലൈംഗിക തൊഴിലാളി എന്ന ഈ സംഭവത്തിൽ നിന്ന് തന്നെ വ്യക്തമാണ് കൊലപാതകത്തിന് കാരണമായ തെളിവുകൾ ഉണ്ടായിട്ടും തൻറെ ജീവനു ഭീഷണി ഉണ്ടെന്ന് പലരോടും പറഞ്ഞിട്ടും ലൈംഗിക തൊഴിലാളി ആയതിനാൽ നീതി നിഷേധിക്കപ്പെടുന്നു സാമൂഹികപരമായും രാഷ്ട്രീയപരമായും പ്രവർത്തനങ്ങൾ നടത്തിയെങ്കിൽ പോലും ഒരു ലൈംഗിക തൊഴിലാളികളുടെ സമൂഹത്തിൻറെ സമീപനം എങ്ങനെ ഇത്തരം സംഭവങ്ങളിൽ നിന്നും വ്യക്തമാണ്.

പോലീസുകാരുടെ ആക്രമത്തിന് ഇരയായി മരിച്ച സാബിറ എന്ന സഹപ്രവർത്തകരെ കുറിച്ച് നളിനി പറയുന്നുണ്ട് ലൈംഗിക തൊഴിലാളികളുടെ പ്രശ്നങ്ങളെ കുറിച്ചും ആവശ്യങ്ങളെ കുറിച്ചും സംസാരിക്കാൻ ലഭിക്കുന്ന വേദികൾ ഒട്ടും പാഴാക്കാതെ ശക്തമായ പ്രവർത്തിച്ച വ്യക്തിയാണ് സാബിറ കോഴിക്കോട് വെച്ച് പോലീസ് അറസ്റ്റ് ചെയ്തു മർദ്ദിക്കുകയും രാത്രി മുഴുവൻ പീഡിപ്പിക്കുകയും ചെയ്തു അവർ പഴുത്ത മാറിടം ഓപ്പറേഷൻ ചെയ്യുകയും ആറുമാസത്തോളം കിടപ്പിലാവു

കയും ആയിരുന്നു ഈ സംഭവത്തെ തുടർന്നാണ് ലൈംഗിക തൊഴിലാളികൾ സമ ര രംഗത്ത് എത്തുന്നത് അതിനെ തുടർന്ന് മനുഷ്യാവകാശ കമ്മീഷൻ പ്രശ്നം അന്വേഷിക്കുകയുണ്ടായി ആഘാതത്തിൽ ശാരീരികമായി തളർന്ന സാബിറ 2004 ഒക്ടോബറിൽ ആണ് മരിക്കുന്നത. മനുഷ്യൻ എന്ന പരിഗണന പോലും നൽകാതെ ലൈംഗിക തൊഴിലാളികൾക്കെതിരെ നടത്തുന്ന പോലീസുകാരോട് ചൂഷണം ഗൗര വപൂർണ്ണമായ നീതി നിഷേധവും മനുഷ്യാവകാശ ലംഘനവും ആണ്.

അമ്മുവും  സാബിറയും കൂടാതെ തങ്കമണി, രമണി തുടങ്ങിയ സ്ത്രീകളും മ രണപ്പെടുകയാണ് ചെയ്യുന്നത്. ഇവരുടെ എല്ലാം വിയോഗം നളിനിയിൽ ന ഷ്ടബോധം വരുത്തുന്നുണ്ട്. തന്റെ സഹപ്രവർത്തകർ  ആയിട്ടുള്ള ഇവരുടെ കഷ്ടത നിറഞ്ഞ ജീവിതത്തെ രക്ഷപ്പെടുത്താൻ  കഴിയാത്ത കുറ്റബോധമാണ് നളിനിക്കും മറ്റുള്ളവർക്കും ഉള്ളത്.

## 2.14 സംഘടനാപ്രവർത്തനങ്ങൾ

ഇക്കാലത്ത് തന്നെ ജ്വാലാമുഖി എന്ന സംഘടനയുടെ പരിശ്രമത്തിലൂടെ ധാ രാളം മാറ്റങ്ങൾ കൊണ്ടുവരാൻ ഇവർക്ക് സാധിച്ചിട്ടുണ്ട് തൃശൂരിലെ ആദ്യകാലസം ഘടനാ പ്രവർത്തനങ്ങളിൽ സജീവമായി നിന്നത് ഉഷ ത്രേസ്യാമ്മ ശശികല തുടങ്ങിയ വരാണ് തുടർന്ന് തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തനങ്ങൾ വ്യാപി പ്പിക്കുകയും സുഹൃത്തുക്കളായ മൈത്രേയയും ജയശ്രീയുടെ പൂർണ്ണ പിന്തുണയും ഈ അവസരങ്ങളിൽ ഉണ്ടായിരുന്നു.

തിരുവനന്തപുരത്തെ ആദ്യത്തെ സംസ്ഥാനതല കൂടിച്ചേരൽ വിവാദങ്ങൾ ക്കും ചർച്ചകൾക്കും വഴിയൊരുക്കുന്നുണ്ടെങ്കിലും എറണാകുളത്തും സമാന രീതി യിൽ അഖിലേന്ത്യ സമ്മേളനം നടത്തുകയുണ്ടായി .ഇത്തരം പൊതുയോഗങ്ങളി ലൂടെ തങ്ങളുടെ ആവശ്യങ്ങൾക്കായി പ്രതികരിക്കുവാനും സമൂഹത്തിൻറെ ശ്രദ്ധ കൊണ്ടുവരാനും അവർക്ക് സാധിച്ചു.തുടർന്ന് ലൈംഗിക തൊഴിലാളികളുടെ മിനി മം വേദനം 100 രൂപയായി നിശ്ചയിക്കുക ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽ കുക റേഷൻ കാർഡിൽ ലഭ്യമാക്കുക സൗജന്യ വൈദ്യസഹായം നൽകുക തുടങ്ങിയ ആവശ്യങ്ങളാണ് സമ്മേളനത്തിൽ ഉന്നയിച്ചത് .അതോടൊപ്പം പോലീസിന്റെയും ഗു ണ്ടകളുടെയും പീഡനം വലിയതോതിൽ തടയാനായി എന്നതും ഈ ഘട്ടത്തിൽ നേടിയെടുത്ത പ്രധാന വിജയമായി കണക്കാക്കുന്നു.

ലൈംഗിക തൊഴിലാളികളുടെ സംഘടനയായ ജ്വാലാമുഖി യിലെ അംഗമായതിനാൽ പല സന്ദർഭങ്ങളിലും അത് ശക്തിയേകുന്നുണ്ട് താൻ ജ്വാലാമുഖി ആണെന്ന് അറിയുമ്പോൾ പോലീസുകാർ അടക്കം പേടിക്കുന്ന തരത്തിലേക്ക് മാറ്റങ്ങൾ സംഭവിച്ചു എന്നത് അഭിമാനപരമായ കാര്യമായി നളിനി വ്യക്തമാക്കുന്നുണ്ട് അതേസമയം പലപ്പോഴും പോലീസുകാർ തന്നെ വിദ്വേഷത്തോടെ അറസ്റ്റ് ചെയ്യുകയും ജയിലിൽ ആക്കുകയും ചെയ്ത സംഭവങ്ങളും ഉണ്ടാകുന്നു.

## 2.15 കൂടെ നിന്നവർ

പലപ്പോഴും തൊഴിലിന്റെ അടിസ്ഥാനത്തിൽ അവർക്കു ചൂഷണങ്ങൾ നേരിടേണ്ടി വരുന്നുണ്ടെങ്കിലും പൂർണ്ണപിന്തുണ നൽകി കൂടെ നിൽക്കുന്ന സുഹൃത്തുക്കളെ കുറിച്ച് നളിനി പറയുന്നുണ്ട്. കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിൻറെ വളർച്ചയിൽ പങ്കുവഹിക്കുകയും ഡോക്ടറുമായ എകെ ജയശ്രീ എന്ന വ്യക്തിയെ അവർ പ്രത്യേകം എടുത്തു പറയുന്നു ഇന്ത്യൻ സെക്സ് വർക്കേഴ്സ് ഫോറം എന്ന സംഘടനയുടെ വളർച്ചയ്ക്കായി ജയശ്രീ നളിനിയെയും കൂടെ കൂട്ടി അതിലൂടെയാണ് ദൃഢമായ ഒരു ബന്ധം അവർ തമ്മിൽ ഉണ്ടാകുന്നത്. മറ്റ് ലൈംഗിക തൊഴിലാളികളോടും ജയശ്രീ നൽകുന്ന പിന്തുണയും അവരുടെ ആവശ്യങ്ങൾക്കായി മുന്നിട്ടു ഇറങ്ങുകയും ചെയ്യുമ്പോൾ സ്ത്രീകളുടെ വളർച്ചയ്ക്ക് സ്ത്രീകൾ തന്നെ പ്രയത്നിക്കുന്ന സുഹൃദ്ബന്ധങ്ങളെ നളിനി ഈ അവസരത്തിൽ ഓർക്കുന്നു. തൻറെ ഏതൊരു പ്രവർത്തനങ്ങൾക്കും പൂർണ്ണപിന്തുണ അറിയിക്കുകയും ആവശ്യമുള്ള അടുത്ത് അത് പ്രാവർത്തികമാക്കുകയും ചെയ്ത സുഹൃത്തുക്കളെ ആണ് അവർ നന്ദിയോടെ ഓർക്കുന്നത്.

സാമൂഹിക പ്രവർത്തകനായ മൈത്രേയൻ, പോൾസൺ എന്നീ സുഹൃത്തുക്കൾ അവരുടെ വ്യത്യസ്ത സ്വഭാവ സവിശേഷതകളിലൂടെ നളിനിയുടെ ജീവിതത്തിൽ പ്രചോദനവും നൽകുന്നുണ്ട്.ഒരു ഘട്ടത്തിൽ മകളുടെ സംരക്ഷണം മൈത്രേയന്റെ പക്കൽ നൽകുന്ന തരത്തിൽ വരെ ദൃഢമായ സുഹൃത്ത്ബന്ധമാണ് അവർക്കിടയിൽ നിലനിന്നത്.ഈ പിന്തുണ പല സാഹചര്യങ്ങളിലും അവർ പ്രകടിപ്പിക്കുന്നുമുണ്ട്. തായ്‌ലാന്റ് യാത്രയുടെ തയ്യാറെടുപ്പിനും പിന്നീട് പ്രോജക്റ്റ് നടത്തിപ്പിനും തടസ്സങ്ങൾ നേരിടുമ്പോൾ പോൾസണും മൈത്രേയനും അവരുടേതായ രീതിയിൽ പ്രതികരിക്കുവാനും ലൈംഗിക തൊഴിലാളികൾക്കായി വാദിക്കുവാനും മുന്നിട്ടിറങ്ങിയിട്ടുണ്ട് .മുന്നിൽനിന്നു നയിക്കുന്നതിനേക്കാൾ അവർക്ക് വേണ്ട ആവശ്യങ്ങൾക്കായി പോരാടനുള്ള ഊർജ്ജവും പ്രചോദനവും സാഹചര്യവും സൃഷ്ടിക്കാനാണ് ഇവർ ശ്രമിച്ചത്.

ഇവരെ കൂടാതെ സുജാത ,രാജ് തോമസ് എന്നീ സുഹൃത്തുക്കളെ കുറിച്ചും നളിനി പറയുന്നുണ്ട് .ജ്വാലാമുഖിയുടെ നടത്തിപ്പും സോഷ്യൽ വർക്കറായും പ്രവർത്തിച്ച സുജാത ഏത് കാര്യത്തിലും പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമായിരുന്നു ഇവരുടെ സമ്പർക്കം കൊണ്ടാണ് തൃശ്ശൂരിൽ നടന്ന ചർച്ചയിൽ പ്രബന്ധം അവതരിപ്പിക്കാനുള്ള ഊർജ്ജം ലഭിക്കുന്നത് പലപ്പോഴും ഒരു അധ്യാപികയെ പോലെ വേണ്ട നിർദ്ദേശങ്ങൾ തരുന്ന വ്യക്തിയായാണ് സുജാത നളിനിയുടെ ജീവിതത്തിൽ എത്തുന്നത്.ഇതുപോലെ തന്നെ പ്രോജക്ടിൽ പ്രവർത്തിച്ചിരുന്ന രാജ് തോമസ് എന്ന വ്യക്തിയും വളരെയധികം പിന്തുണച്ചിട്ടുണ്ടആത്മഹത്യ ചെയ്ത അദ്ദേഹം ജീവിച്ചിരുന്നെങ്കിൽ ആത്മകഥാ രചനയിൽ ഏറ്റവും അധികം സഹായിക്കുമായിരുന്നു എന്നും നളിനി വ്യക്തമാക്കുന്നു.

## 2.16 പുതുവെളിച്ചം

ലൈംഗിക തൊഴിലാളി എന്ന മേഖലയിൽ മാത്രം ഒതുങ്ങി നിൽക്കാതെ സമൂഹത്തിൽ എങ്ങനെ മാറ്റം കൊണ്ടുവരാം എന്ന് ചോദ്യത്തിന് ഉത്തരമായി ഇത് ധാരാളം അവസരങ്ങൾ നളിനിക്ക് മുൻപിൽ പ്രത്യക്ഷപ്പെടുന്നുണ്ട് സെക്സ് വർക്കേഴ്സിന് പ്രശ്നങ്ങൾ അവർ തന്നെ ഷൂട്ട് ചെയ്യുന്നതിന് വേണ്ടി പരിശീലനം നൽകുന്ന പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞത് ഈ സന്ദർഭത്തിലാണ്. ഗ്ലോബൽ അലൈൻസ് എഗൈൻസ്റ് ട്രാഫിക് ഇൻ വിമൻ എന്ന കൂട്ടായ്മയുടെ നേതൃത്വത്തിൽ നടന്ന ഈ മീഡിയ ആൻഡ് സോഷ്യൽ വർക്ക്ഷോപ്പ് തായ്‌ലാൻഡിൽ അരങ്ങേറുകയും നളിനിക്ക് ഇതിൽ പങ്കെടുക്കാൻ അവസരം ലഭിക്കുകയും ചെയ്യുന്നുണ്ട്.സുഹൃത്തുക്കൾ ആയ പോൾസണും ലളിതയുമാണ് ഒപ്പം എത്തിയത്. ഇത്തരം സന്ദർഭങ്ങളിൽ എല്ലാം തന്നെ ലൈംഗിക തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള അവസരങ്ങൾ നളിനിക്ക് ലഭിക്കുകയുണ്ടായി.

വീണ്ടും 2004 ൽ നളിനി ചിത്രീകരിച്ച ഡോക്യുമെൻററി കാണിക്കാനും ചർച്ച ചെയ്യുവാനും തായ്‌ലാൻഡിലേക്ക് എത്തിച്ചേരുമ്പോൾ കൂടെയുണ്ടായിരുന്നത് ജയന്തി എന്ന സുഹൃത്തായിരുന്നു ലൈംഗിക തൊഴിലാളി എന്ന ഒറ്റ കാര്യത്തിൽ ഒതുങ്ങി നിൽക്കാൻ താല്പര്യപ്പെടുന്നില്ല എന്ന നിലപാടാണ് നളിനി അവിടെ വ്യക്തമാക്കിയത്.തിരികെ പോകുമ്പോൾ ജയന്തിയുടെ സുഹൃത്തായ ഒരു കുടുംബിനി പ്രകടിപ്പിച്ച പിന്തുണയും ബഹുമാനവും അവർ ഓർക്കുന്നുണ്ട്.കേരളത്തിൽ നിന്നും ഒരു സ്ത്രീ അതും സെക്സ് വർക്കർ ഡോക്യുമെൻററി സംവിധായകൻ ആയതിൽ ഉള്ള അഭിമാനം അവരിൽ പ്രകടമായിരുന്നു.

## 2.17 മകൾ

താൻ തിരഞ്ഞെടുത്ത തൊഴിൽ വേശ്യ വൃത്തി ആയതിനാൽ അതിൽ മാത്രം ഒതുങ്ങി സമൂഹത്തിൽ നിന്നും മാറി ജീവിക്കേണ്ട യാതൊരു ആവശ്യവുമില്ല എന്ന് നളിനി ജമീലിലൂടെ പ്രവർത്തനങ്ങളിൽ നിന്നും വ്യക്തമാണ് തൻറെ സാഹചര്യം കൊണ്ട് ഈ തൊഴിലിൽ എത്തിച്ചേർന്നുവെങ്കിലും ജീവിതത്തോടുള്ള അതിയായ അധിനിവേശത്തോടെ വീണ്ടും വീണ്ടും ശക്തമായ പോരാടുന്ന സ്ത്രീത്വത്തിന്റെ പ്രതീകമായി നളിനെ കാണാൻ സാധിക്കുന്നുണ്ട് വ്യവസ്ഥാപിതമായ സാമൂഹിക ചട്ടക്കൂടുകളിൽ നിന്നും ഒതുങ്ങി ജീവിക്കാൻ അവർ താൽപര്യപ്പെടുന്നില്ല മറിച്ച് തന്റെ സാഹചര്യങ്ങളെ എങ്ങനെ മെച്ചപ്പെടുത്താം എന്നും താൻ അടങ്ങുന്ന ലൈംഗിക തൊഴിലാളികളുടെ ഉന്നമനത്തെയും സുരക്ഷയെയും ആണ് അവർ ലക്ഷ്യംവെച്ചത്.

തന്റെ അമ്മ ഒരു ലൈംഗിക തൊഴിലാളിയാണ് എന്ന ചില സൂചനകൾ ലഭിച്ചിരുന്നെങ്കിലും അത് വ്യക്തമാകുന്നത് നളിനിയുടെ ആദ്യ തായ്‌ലാൻഡ് യാത്രയിൽ നിന്നായിരുന്നു തിരികെ എത്തുമ്പോൾ മാധ്യമങ്ങളിലൂടെ ലൈംഗിക തൊഴിലാളികൾക്ക് സ്വീകരണം എന്ന തലക്കെട്ട് സംരക്ഷണം ചെയ്തതിലൂടെയാണ് പൂർണ്ണമായും മകൾക്ക് അമ്മയുടെ തൊഴിൽ വ്യക്തമാകുന്നത്.ഈ സാഹചര്യത്തിൽ മകളുടെയും തന്റെയും സ്വകാര്യത ഉറപ്പുവരുത്താൻ ബുദ്ധിമുട്ടായിരുന്നു.

താൻ കടന്നുപോയ ജീവിത സാഹചര്യങ്ങളിലൂടെ തൻറെ മകളും ജീവിക്കരുത് എന്നും ദൃഢ നിശ്ചയത്തോടെയാണ് നളിനി മകൾ സീനത്തിനെ വളർത്തുന്നത് എന്നാൽ കാലക്രമേണ തൻറെ തൊഴിൽ കാരണം സ്ഥിരമായി മകളെ എവിടെയും നിർത്താൻ കഴിയാത്ത അവസ്ഥ ഉണ്ടാവുകയും അക്കാലത്താണ് പ്രായപൂർത്തിയായ മകളെ കല്യാണം കഴിപ്പിക്കാനുള്ള ചിന്ത നളിനിയിൽ ഉടലെടുക്കുന്നത്.ഭർത്താവിൻറെ മതം സ്വീകരിച്ച ജീവിക്കുന്നതിനാൽ മുസ്‌ലിം എന്ന നിലയ്ക്ക് കല്യാണം കഴിക്കാൻ ആളുണ്ടാകും എന്ന് പ്രതീക്ഷയിലാണ് മാലിദ്വീപിൽ നിന്നും കല്യാണാലോചന വരുന്നത്.

വളരെ ആർഭാടപരമായി കല്യാണം നടത്തുന്നുണ്ടെങ്കിലും ബാപ്പ ഉണ്ടാവണം എന്ന നിർബന്ധത്തോടെ അതും നളിനി സാധ്യമാക്കുന്നുണ്ട് എന്നാൽ പിന്നീട് ഒരു വർഷമായപ്പോൾ പ്രതീക്ഷകൾ തെറ്റിച്ചു കൊണ്ട് മാലിയിലെ ഭർത്താവിന് ഉപേക്ഷിച്ച് സീനത്ത് തിരികെ നളിനോട് അടുത്തെത്തുകയാണ്.പ്രതീക്ഷിച്ച രീതിയിലുള്ള ദാമ്പത്യ ജീവിതം ആയിരുന്നില്ല അവർക്ക് കിട്ടിയിരുന്നത് അതിനാൽ തന്നെ മറ്റു വഴികൾ ഇല്ലാതെ തിരികെ എത്തിച്ചേരുമ്പോൾ സാഹചര്യവുമായി പൊരുത്തപ്പെടേണ്ടി വരുന്നുണ്ട്.

തിരികെ നളിനിക്കൊപ്പം എത്തിയ സീനത്ത് പിന്നീട് സാഹചര്യവുമായി പൊരുത്തപ്പെടുകയുംപൊതുപരിപാടികളിൽ പങ്കെടുക്കാനും പത്രക്കാരെ നേരിടാനും ഒക്കെ പ്രാപ്തിയായി ജയശ്രീയോടൊപ്പം ഉള്ള സഹവാസം ആയിരുന്നു അവർക്ക് ധൈര്യം കൊടുത്തത് അമ്മ എന്തോ അപരാധം ചെയ്തു എന്ന് കണ്ടിരുന്നതിൽ നിന്നും വ്യത്യസ്തമായി അമ്മയെ അംഗീകരിക്കുന്ന കുറെ ആളുകളുടെ സ്വാധീനം സീനത്തിൽ ഉണ്ടായി നളിനിയുടെ മോൾ എന്നു പറഞ്ഞാൽ ഉപേക്ഷിക്കപ്പെടുകയല്ല അംഗീകരിക്കപ്പെടുകയാണ് എന്ന് തിരിച്ചറിവും അവരിൽ കൊണ്ടുവരുന്നുണ്ട് ഇത്തരത്തിൽ അർഹിക്കുന്ന ജീവിതം അല്ലെങ്കിൽ കൂടി ആഗ്രഹിക്കുന്ന ജീവിതത്തിലേക്ക് അവർക്ക് എത്താൻ സാധിക്കുന്നുണ്ട്.പിന്നീട് വർഷങ്ങൾക്ക് ശേഷം മകൾ മറ്റൊരു വിവാഹം കഴിക്കുകയും മരുമകനും നളിനിയുടെ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുകയാണ് ചെയ്യുന്നത്.

## 2.18 ബംഗ്ലാദേശ് കോളനി

സ്ഥിരമായി ഒരിടത്തും നിൽക്കാൻ സാധിക്കാതെ വരുന്ന സന്ദർഭത്തിലാണ് നളിനി കോഴിക്കോട് ജില്ലയിലെ ബംഗ്ലാദേശ് കോളനിയിലേക്ക് 2004 താമസമാക്കുന്നത്. അവിടുത്തെ മദ്യനിരോധന കമ്മിറ്റിയുമായി ഉണ്ടാകുന്ന അസ്വരസങ്ങളെ കുറിച്ച് അവർ വിവരിക്കുന്നുണ്ട്.ടൗണിലേക്ക് വിവിധ ജോലികൾ ആയ താമസിക്കാൻ എത്തിയവർ മറ്റ് ഇടമില്ലാതെ കുടിൽക്കെട്ട് താമസമാക്കുകയും പിന്നീട് ചിലർ ലൈംഗിക തൊഴിലാളികളെ കൊണ്ടുവന്നു താമസിച്ചതോടെയുമാണ് ബംഗ്ലാദേശ് കോളനി രൂപപ്പെട്ടത്.പിന്നീട് മയക്കുമരുന്ന് കേസുമായി ബന്ധപ്പെട്ട് മാധ്യമങ്ങൾ അവിടെ കയറി ഇറങ്ങുമ്പോൾ മയക്കുമരുന്ന് റിപ്പോർട്ടിന്റെ പേരിൽ സെക്സ് വർക്കറായ സരോജിനിയുടെ വീട്ടിലേക്ക് ക്യാമറയായി കടന്നു ചെല്ലുന്ന അവസ്ഥ ഉണ്ടാവുകയും പ്രായപൂർത്തിയായ പെൺമക്കൾ ഉള്ള അവരുടെ വീട്ടിലേക്ക് കയറിയിറങ്ങിയ മാധ്യമ ധർമ്മത്തെയും പോലീസുകാരെയും അവിടുത്തെ കാർ കല്ലെറിഞ്ഞു ഓടിച്ച സംഭവത്തെയും നളിനി വിവരിക്കുന്നുണ്ട്.

## 2.19 പുനരധിവാസം

ലൈംഗിക തൊഴിലാളികളുടെ പുനരധിവാസം നടപ്പിലാക്കണമെന്ന് ലക്ഷ്യം പലരും മുന്നോട്ടുവയ്ക്കുമ്പോഴും യഥാർത്ഥത്തിൽ അവരുടെ സാമൂഹ്യബന്ധങ്ങൾ അന്വേഷിക്കുന്നുണ്ടോ എന്ന് നളിനി ചോദിക്കുന്നു. സെക്സ് വർക്ക് കുറ്റ വിമുക്തമാക്കണമെന്ന് ആവശ്യമാണ് ലൈംഗിക തൊഴിലാളികൾ അക്കാലത്ത് മുന്നോട്ട് വെച്ചത് പരസ്പര സമ്മതപ്രകാരം പ്രായപൂർത്തിയായവർ തമ്മിൽ ചെയ്യുന്ന ശാരീരിക ബന്ധത്തിൽ അനാവശ്യമായി സമൂഹത്തിന് നിയമത്തിനും ഇടപഴം അവകാശ

മില്ല അത്തരത്തിൽ ലൈംഗിക തൊഴിലാളികൾ ആരോഗ്യപരമായ മുൻകരുതലുകൾ അടങ്ങിയ ഡോക്ടർമാരുടെയും ഉത്തരം തൊഴിൽ ചെയ്യുന്നവർക്ക് നിയമപരിരക്ഷ ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം പോലീസുകാരുടെയും അംഗീകാരമാണ് വേണ്ടത്.കർണാടക കൽക്കത്ത മുംബൈ തുടങ്ങിയ ഇടങ്ങളിലെ റെഡ് സ്ട്രീറ്റുകളെക്കാളും ബ്രോത്തലുകളെക്കാളും മെച്ചമായ സ്ഥിതിയാണ് കേരളത്തിലെ ലൈംഗിക തൊഴിലാളികൾക്കുള്ളത്.ലൈംഗികതൊഴിലാളികളുടെ സംഘടനയായ ജ്വാലാമുഖി ഇത്തരം തൊഴിൽ ചെയ്യുന്നവർക്ക് ആരോഗ്യപരമായ സാമൂഹ്യപരമായും ഉള്ള ബോധവൽക്കരണവും പരിരക്ഷയും നൽകുകയും പലപ്പോഴും ചതികളിലൂടെയും മറ്റും ലൈംഗിക തൊഴിലാളി ആകേണ്ടി വന്ന വർക്ക് അതിൽ നിന്നും മാറി പുതിയൊരു ജീവിതംകണ്ടെത്താനുള്ള സാഹചര്യവും സഹായവും ഇവർ ഉറപ്പുവരുത്തുന്നുണ്ട്. അതിനാൽ തന്നെ ആരുടെയും നിർബന്ധപ്രകാരമല്ല ലൈംഗിക തൊഴിലാളിയായി ഇവർ സമൂഹത്തിൽ നിലനിൽക്കുന്നതും ജ്വാലാമുഖിയിൽ അംഗമാകുന്നതും.

പലപ്പോഴും ലൈംഗിക തൊഴിലിനെയും ലൈംഗിക ചൂഷണത്തെയും ഒരുപോലെ കാണുന്ന സമീപനമാണ് സമൂഹത്തിൽ ഉള്ളത് എന്നാൽ ലൈംഗിക തൊഴിൽ ചെയ്യുന്നതിനാൽ അല്ല സമൂഹത്തിൽ ലൈംഗിക ചൂഷണങ്ങളും പീഡനങ്ങളും നിലനിൽക്കുന്നത് എന്ന യാഥാർത്ഥ്യം അംഗീകരിക്കാൻ സമൂഹം തയ്യാറാകുന്നില്ല.അവിടെയും മനുഷ്യരുടെ സദാചാരബോധം ആണ് മുന്നിട്ടുനിൽക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള പീഡനങ്ങളും അക്രമങ്ങൾക്കും കാരണക്കാരാകുന്നത് മനുഷ്യരുടെ ക്രൂരമായ ചിന്താഗതി തന്നെയാണ്

ഇന്നും ഇത്തരം അതിക്രമങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോഴും ഒരു വിഭാഗത്തെ മാത്രം കുറ്റാരോപിതരാകുന്നത് സമൂഹത്തിൻറെ പൊള്ളയായ സമീപനമാണ്.

## 2.20 മാധ്യമബന്ധം

കേരളത്തിലെ ലൈംഗിക തൊഴിലാളി എന്ന നിലയിൽ പൊതുമധ്യത്തിൽ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതോടൊപ്പം ചാനൽ ചർച്ചകളിലും പങ്കെടുത്ത നളിനി ജമീല ഈ അവസരങ്ങളിൽ എല്ലാം തന്നെ വ്യവസ്ഥാപിത സാമൂഹ്യ തെറ്റിദ്ധാരണകൾ കൂടി പൊളിച്ചെഴുതാൻ വിനിയോഗിക്കുകയുണ്ടായി.

ലൈംഗിക തൊഴിലാളികൾക്ക് ആയി പ്രവർത്തിക്കുന്ന ജ്വാലാമുഖി എന്ന സംഘടനയുടെ ആദ്യഘട്ടത്തിൽ മാധ്യമങ്ങൾ എതിർപ്പ് പ്രകടിപ്പിച്ചുവെങ്കിലും പിന്നീട് അവരുടെ അനുഭവങ്ങൾ സമൂഹത്തിൽ എത്തിക്കാൻ തുനിഞ്ഞിറങ്ങുകയാണ് ഉണ്ടാ

യത്.വിവിധ ഭാഷകളിലായി ജ്വാലാമുഖിയുടെ പ്രവർത്തനങ്ങൾ പത്രങ്ങളിലും മാസികങ്ങളിലും അച്ചടിച്ച് വന്നത് അവരുടെ പ്രവർത്തികളെ ഒന്നുകൂടി സമൂഹത്തിന്റെ പലകോണുകൾക്ക് എത്തിക്കാൻ സഹായിച്ചു.തമിഴിലെ നക്കീരൻ എന്ന പത്രം ഇതിലൊന്നാണ് .കൂടാതെ മലയാളത്തിലെ വാർത്താചാനൽ ആയ ഏഷ്യാനെറ്റിലെ നാട്ടരങ്ങ്,അകത്തളം, സൺ ടിവിയുടെ കഥയല്ല നിജം തുടങ്ങിയ ചാനലുകളിലും അഭിമുഖത്തിനും ചർച്ചയ്ക്കും അവസരം ലഭിച്ചതിലൂടെ ഒരുകാലത്ത് വെളിപ്പാട് അകലെ നിന്നിരുന്ന ലൈംഗിക തൊഴിലാളികൾക്ക് ,അവരും സമൂഹത്തിന്റെ ഭാഗമാണെന്ന് ഉറച്ച പ്രസ്താവനയുടെ പൊതുമദ്ധ്യേ നിൽക്കാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായിച്ചു.

നളിനി ജമീലയുടെ ഒരു ലൈംഗിക തൊഴിലാളിയുടെ ആത്മകഥ എന്ന പുസ്തകം പുരുഷാധിപത്യ സമൂഹത്തിന്റെ വ്യവസ്ഥാപിത ചട്ടക്കൂടുകളെ പൊളിച്ചെഴുതുക മാത്രമല്ല കാലാകാലങ്ങളായി ലൈംഗിക തൊഴിലാളികൾ നേരിടുന്ന ചൂഷണങ്ങളേയും മനുഷ്യവകാശ ലംഘനങ്ങളെയും ചോദ്യം ചെയ്യുവാൻ കൂടി ശ്രമിക്കുന്നു. എഴുത്തുകാരി ഒരു സെലിബ്രിറ്റിയോ പൊതുപ്രവർത്തകയോ അല്ല, തന്റെ ജീവിതത്തിൽ ജനങ്ങളുടെ ആദരവും ആരാധനയും നേടിയെടുത്ത വ്യക്തിയല്ല തന്റെ ജീവിതാനുഭവം പങ്കുവെക്കുന്നതിന് അർഹതയുള്ളതോ ന്യായീകരിക്കുന്നതോ ആയ ഒരു മഹത്തായ നേട്ടവും അവർക്ക് അവകാശപ്പെടാനും കഴിയില്ല. മറിച്ച്, ഒരു ലൈംഗികത്തൊഴിലാളിയും പറയാൻ ഒരു ജീവിതമുള്ള ഒരു മനുഷ്യനാണെന്നും അവരുടെ കഥയും സമൂഹം അറിയണമെന്ന തിരിച്ചറിവ് എഴുത്തിൽ കൊണ്ടുവരുന്നു.

ഇവിടെ അവരുടെ തൊഴിലിനേക്കാൾ സാഹചര്യങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പൊതുചർച്ചയുടെ മുഖ്യധാരയിൽ ഒരിക്കലും പ്രത്യക്ഷപ്പെടാത്ത ലോകത്തിന്റെ യാഥാർത്ഥ്യങ്ങളെ രേഖപ്പെടുത്തുന്ന ഒരു സാമൂഹിക ഗ്രന്ഥമാണ് ഈ പുസ്തകം. ലൈംഗികത്തൊഴിലാളികളുടെയും അവരുടെ ക്ലയന്റുകളുടെയും മാത്രമല്ല ലൈംഗികത്തൊഴിലാളികൾ അവരുടെ നിയമത്തിന്റെ ഭാഗമായി ഇടപെടുന്നവരുടെയും ജീവിതത്തിലേക്ക് ഇത് വെളിച്ചം വീശുന്നു. ലൈംഗികത്തൊഴിലാളികളെയും അവരുടെ ദുരവസ്ഥയെയും കുറിച്ചുള്ള വ്യാപകമായ അഭിപ്രായങ്ങളെ അസ്വസ്ഥമാക്കുന്ന ഒരു സമൂലമായ നിലപാട് നളിനി ജമീല തന്റെ പുസ്തകത്തിൽ സ്വീകരിക്കുന്നു. വേശ്യ എന്ന പദവി നിരസിക്കുകയും സ്വയം ഒരു ലൈംഗികത്തൊഴിലാളി എന്ന് വിളിക്കുകയും ചെയ്യുന്ന നളിനി ജമീല, സ്ഥാപനത്തെ ഒരു വ്യവസ്ഥയായിട്ടല്ല, മറിച്ച് ഒരു തൊഴിലായി കണക്കാക്കി ആദ്യ ആക്രമണം നടത്തുന്നു. സ്ഥാപനത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ മാനങ്ങളെ അവർ അംഗീകരിക്കുകയും പുരുഷാധിപത്യ ഘടനകളെയും കൺവെൻഷനുകളെയും ശക്തമാ

യി ആക്രമിക്കുകയും ചെയ്യുന്നു. എന്നാൽ തന്റെ തൊഴിലിനെ സാധൂകരിക്കാനുള്ള ശ്രമങ്ങളിലും സ്വാതന്ത്ര്യത്തിന്റെ സന്തോഷകരമായ ഉറപ്പിലുമാണ് അവർ സ്വയം വേറിട്ടു നിൽക്കുന്നത്.

സ്വന്തം അനുഭവങ്ങളും പ്രതിനിധീകരിക്കുന്നവരുടെ ആശങ്കകളും ഉന്നയിക്കുമ്പോൾ നളിനി ജമീല ഭാഷ തേടുന്നു. ഈ പ്രക്രിയയിൽ, മൗനം പാലിച്ച,പാർശ്വവൽക്കരിക്കപ്പെട്ട, അടിസ്ഥാന മനുഷ്യാവകാശങ്ങൾ പോലും നിഷേധിക്കപ്പെട്ട, അടിച്ചമർത്തപ്പെട്ട ഒരു വിഭാഗത്തിന് ശബ്ദം നൽകുന്നു. ഇന്ത്യയിലെ ലൈംഗികത്തൊഴിലാളികളുടെ, ഇതുവരെ സംസാരശേഷിയില്ലാത്ത ദശലക്ഷക്കണക്കിന് ആളുകൾക്കുള്ള ഒരു ഭാഷയുടെ കണ്ടുപിടുത്തം കൂടിയാണിത്, അവരിൽ പലരും നിയമപരമായ പൗരന്മാരായി ഔദ്യോഗിക രേഖകളിൽ പോലും ഉൾപ്പെടുത്തിയിട്ടില്ല. അവർക്ക് ഐഡന്റിറ്റികളോ വിലാസങ്ങളോ ഇല്ല, അവർ വെയിലിൽ ഒളിക്കാൻ നിർബന്ധിതരാകുന്നു. അതുകൊണ്ടാണ് ഇത് ഒരു ധാർമ്മിക വിഷയമല്ല, മറിച്ച് ഒരു സാമൂഹിക വിഷയമാണെന്നു കണക്കാക്കേണ്ടത്. ഈ പുസ്തകം കേരളം മുഴുവൻ വ്യാപകമായി പ്രചരിച്ചതും മാധ്യമങ്ങളുടെ ശ്രദ്ധ ആകർഷിച്ചതുമാണ്.

രാജ്യത്തിനകത്തും പുറത്തുമുള്ള അക്കാദമിക സമൂഹം സൂചിപ്പിക്കുന്നത് പോലെ, പ്രാരംഭ ജിജ്ഞാസ ജനിപ്പിക്കുന്നതിനേക്കാൾ കൂടുതൽ പുസ്തകത്തിൽ ഉണ്ട്. ലൈംഗികത്തൊഴിലാളിയുടെ ആത്മകഥയുടെ രാഷ്ട്രീയപ്രാധാന്യം കാണാതെ, പൊതു ധാർമ്മികതയെക്കുറിച്ചും ലൈംഗികത്തൊഴിലാളിയെ മറ്റാരെയും പോലെ അവകാശമുള്ള മനുഷ്യനായി അംഗീകരിക്കേണ്ടിവരുന്നതിന്റെ അസ്വസ്ഥതയെക്കുറിച്ചും ആശങ്കപ്പെടുന്നവർ, ഒരുപക്ഷേ അറിയാതെ തന്നെ നീതിയുടെ വേഷം ധരിച്ച് പുരുഷാധിപത്യപരവും അടിച്ചമർത്തൽപരവുമായ അജണ്ടകൾക്ക് വഴങ്ങുകയാണ്.

# അധ്യായം മൂന്ന്

## ആമേൻ - ആഖ്യാനവും അനുഭവസത്തയും

# അദ്ധ്യായം മൂന്ന്

# 'ആമേൻ' - ആഖ്യാനവും അനുഭവസത്തയും

സമൂഹത്തിന്റെ വെള്ളപ്പരപ്പിലാണെങ്കിലും അൽപ്പം ഉയർന്നു നിൽക്കുന്ന വെള്ളത്താമര പോലെയാണ് കന്യാസ്ത്രീജീവിതം, എന്നാൽ പുറമേ കാണുന്നതു പോലെ ആത്മീയതയും വിശുദ്ധിയും മാത്രമാണോ ആ ജീവിതം? ഇതുവരെ നാം അറിയാത്ത പൊതുസമൂഹത്തിന് അജ്ഞമായ കന്യാസ്ത്രീജീവിതത്തിന്റെ പൊളിച്ചെഴുത്താണ് സന്യാസസമൂഹം വിട്ടു പുറത്തു വന്ന സിസ്റ്റർ ജെസ്മിയുടെ ആത്മകഥ . പുരുഷാധിപത്യസമൂഹത്തിലെ ഏതൊരു വിഷയത്തിലും കാണുന്നത് സ്ത്രീകൾ നിശബ്ദരാക്കപ്പെടുകയും ചൂഷണങ്ങൾക്കു വിധേയരാക്കപ്പെടുകയും ചെയ്യുന്ന പ്രവണതയാണ്. അതിനെ സാമൂഹ്യപദവി ഒരു പരിധിവരെ മാത്രമേ തടയുന്നുള്ളൂ. അത്തരം സാഹചര്യങ്ങൾക്കെതിരെ പ്രതികരിക്കുന്നവരെ ആക്രമിക്കുന്ന രീതി പ്രാചീനകാലം മുതൽ നിലനിൽക്കുന്നു . ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ഇതിനു മാറ്റം സംഭവിച്ചിട്ടില്ല എന്നത് യാഥാർഥ്യമാണ്. കാലം മാറുമ്പോഴും സ്ത്രീകൾ അനുഭവിക്കുന്ന ചൂഷണങ്ങൾക്കും അറുതി വരുന്നില്ല .

ഉത്തരാധുനിക കാലഘട്ടത്തിൽ മറ്റെല്ലാ മേഖലകളിലും പോലെ സാഹിത്യത്തിലും മാറ്റങ്ങൾ സംഭവിച്ചു. പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും ഉപാധിയായി ആത്മകഥകൾ മാറിയത് ഈ സന്ദർഭത്തിലാണ് . ജെസ്മി എന്ന സ്ത്രീ സന്യാസസമൂഹത്തിനകത്തു നടക്കുന്ന അനീതികളെയും ഇരട്ടത്താപ്പുകളെയും എതിർപ്പുകളെയും ആണ് തന്റെ ആത്മകഥയിലൂടെ സമൂഹത്തിനു മുമ്പിൽ തുറന്നെഴുതിയത് .

## 3.1 ശീർഷകത്തിന്റെ പ്രസക്തി

'ആമേൻ' എന്ന വാക്ക് എബ്രായ ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്, അതിനർത്ഥം 'അങ്ങനെയാകട്ടെ' അല്ലെങ്കിൽ 'ശരിക്കും' എന്നാണ്. പ്രാർത്ഥനകളുടെയോ പ്രസ്താവനകളുടെയോ അവസാനം സമ്മതമോ സ്ഥിരീകരണമോ പ്രകടിപ്പിക്കാൻ ഇത് സാധാരണയായി ഉപയോഗിക്കുന്നു. ജൂത , ക്രിസ്ത്യൻ , ഇസ്ലാമിക ആചാരങ്ങളിൽ ഒരു സമാപനപദമായോ ഒരു പ്രാർത്ഥനയ്ക്കുള്ള പ്രതികരണമായോ ഇത് ഉപയോഗിക്കുന്നു .ആമേൻ എന്ന വാക്കിന്റെ പൊതുവായ ഇംഗ്ലീഷ് വിവർത്തനങ്ങളിൽ 'തീർച്ചയായും', 'സത്യമായും', 'അത് സത്യമാണ്', 'അങ്ങനെയാകട്ടെ' എന്നിവ ഉൾപ്പെടുന്നു. ശക്തമായ സമ്മതം പ്രകടിപ്പിക്കാൻ ഇത് സംഭാഷണപരമായും ഉപയോഗിക്കുന്നു. സിസ്റ്റർ ജെസ്മി തന്റെ ആത്മകഥയ്ക്ക് ആമേൻ എന്ന

ശീർഷകം നൽകുന്നതിലൂടെ താൻ കടന്നുപോയ വേദനാജനകമായ സാഹചര്യങ്ങളെ സത്യസന്ധതയോടെ ആവിഷ്ക്കരിക്കുന്നു.

ഡൽഹിയിൽ നിന്നും എറണാകുളത്തേക്കുള്ള ട്രയിൻ യാത്രയിലൂടെയാണ് ജെസ്മി തന്റെ ആത്മകഥ ആരംഭിക്കുന്നത്. പ്രച്ഛന്നവേഷത്തിൽ ഒരു ഒളിച്ചോട്ടം എന്ന ആദ്യ അധ്യായ ശീർഷകത്തിൽ നിന്നു തന്നെ താൻ അഭിമുഖീകരിക്കുന്ന അവസ്ഥയെ അവർ വ്യക്തമാക്കുന്നുണ്ട്. ഡൽഹിയിലെ മഠത്തിൽ നിന്നും രക്ഷപ്പെട്ടു തന്റെ സുരക്ഷയ്ക്കായി തിരുവസ്ത്രം മാറ്റി സാധാരണ വേഷത്തിൽ ആണ് ജെസ്മി യാത്ര ചെയ്തത്. വളരെയധികം ഭയപ്പെട്ടു കൊണ്ടും ജാഗരൂകയായും കാണപ്പെട്ട അവരുടെ ഫോണിലേക്കു വന്നു കൊണ്ടിരിക്കുന്ന കോളുകളുടെ എണ്ണവും വർദ്ധിച്ചു കൊണ്ടിരുന്നു.തന്റെ 33 വർഷത്തെ സന്യാസജീവിതത്തിൽ നിന്നും സന്യാസസമൂഹത്തിന്റെ അനീതികളിൽ നിന്നുമുള്ള വിടുതൽ കൂടിയാണ് ഈ യാത്ര. എറണാകുളത്തെ സുഹൃത്തിനെ വിളിച്ച് താമസ സൗകര്യം ഉറപ്പു വരുത്തിയ ശേഷം ജെസ്മി തന്റെ പൂർവകാലങ്ങളെ കുറിച്ച് ഓർക്കുന്നു… ദൈവവിളി ലഭിച്ച ദിവസങ്ങളിലേക്ക്.

## 3.2 കുട്ടിക്കാലം

തൃശ്ശൂർ ജില്ലയിലെ ചിറക്കേക്കാരൻ സി.വി.റാഫേലിന്റെയുംകൊച്ചന്നത്തിന്റെയും മകളായി 1956 നവംബർ 6നാണ് ജെസ്മി ജനിക്കുന്നത്. മേമി റാഫേൽ എന്ന പൂർവ്വനാമത്തിൽ അറിയപ്പെട്ട ജെസ്മി പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം 1973ൽ സെന്റ് മരിയ കോളേജിൽ പ്രീഡിഗ്രി പഠനത്തിനായി എത്തിച്ചേർന്നതോടെയാണ് സന്യാസജീവിതത്തെ കുറിച്ച് ചിന്തിക്കുന്നത്. കോളേജിൽ നടത്തിയ ധ്യാനത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടു കൊണ്ടാണ് കന്യാസ്ത്രീയാകണമെന്ന തീരുമാനത്തിൽ അവർഎത്തിച്ചേർന്നത്. ഇക്കാര്യം വീട്ടിൽ അറിയിക്കുമ്പോൾ എതിർപ്പുകൾ നേരിടേണ്ടി വരുന്നുണ്ടെങ്കിലും ക്രമേണ എല്ലാവരും ജെസ്മിയുടെ തീരുമാനത്തെ അംഗീകരിക്കുന്നു. തന്റെ തറവാട്ടിൽ നിന്നും ചുരുക്കം ചിലർ മാത്രമാണ് സന്യാസജീവിതം തിരഞ്ഞെടുത്തുള്ളതെന്നും അങ്ങനെയുള്ളവരുമായി കുടുംബം യാതൊരുവിധ ബന്ധവും നിലനിർത്തില്ല എന്ന വസ്തുതയും അവർ മനസ്സിലാക്കി. എന്നിരുന്നാലും തന്റെ പാത ഇതാണ് എന്ന ദൃഢനിശ്ചയത്തോടെ ജെസ്മി മുന്നോട്ടു പോകുന്നു...അതോടൊപ്പം പഠനത്തിൽ ഉന്നത വിജയം കരസ്ഥമാക്കിക്കൊണ്ടു കത്തോലിക്കാ സഭയുടെ കീഴിലുള്ള ബോർഡിംഗ് സ്കൂളിൽ ടീച്ചറായി നിയമിക്കപ്പെടുകയും കൂടാതെ രണ്ടു വർഷ പ്രീഡിഗ്രിക്ക് ഉയർന്ന മാർക്കോടെ പാസാകുകയും ചെയ്യുന്നു.

വൈകാതെ അമല കോളേജിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ ചേരുന്ന ജെസ്മി കന്യാസ്ത്രീ ആകാനുള്ള അതിയായ ആഗ്രഹത്താൽ ആസ്പരന്റായി പാലക്കാട് കോളേജിൽ എത്തിച്ചേർന്നു. അവിടുത്തെ രണ്ടു വർഷ പഠനകാലം വളരെ നല്ല അന്തരീക്ഷവും ആത്മാർത്ഥതയും സ്നേഹവും ഉള്ള അധ്യാപകരാലും സുഹൃത്തുക്കളാലും നിറഞ്ഞുനിന്നു അക്കാലത്തെ വിവിധ പരിപാടികളിൽ പങ്കെടുത്തതിനെ കുറിച്ചും സഹപാഠികളെ കുറിച്ച് അവർ വിവരിക്കുന്നുണ്ട്.

അക്കാലത്തു തന്നെ കോളേജിലെ സ്വവർഗ്ഗാനുരാഗ കഥകളെക്കുറിച്ചും വ്യക്തിപരമായി താൻ അനുഭവിച്ച പ്രശ്നങ്ങളെക്കുറിച്ചും എഴുത്തുകാരി പങ്കുവയ്ക്കുന്നുണ്ട്. വനിതാകോളേജ് ആയതിനാൽ പെൺകുട്ടികൾക്കിടയിൽ അതിരറ്റ ബന്ധം ഉണ്ടായിരുന്നു. യാഥാർത്ഥ്യത്തിൽ സൗഹൃദം മാത്രമായിരുന്നവയെ പോലും അത്തരത്തിൽ വ്യാഖ്യാനിക്കപ്പെടുകയും ചെയ്തിരുന്നു. ജെസ്മിയും തന്റെ സഹപാഠിയായ പെൺകുട്ടിയും തമ്മിലുള്ള സൗഹൃദത്തെയും സ്വവർഗ്ഗാനുരാഗമായി വ്യാഖ്യാനിക്കാൻ ഇടവരുകയും കൂടാതെ അവരുടെ വ്യക്തിപരമായ കത്ത് ഇടപാടുകളെ അവരുടെ സ്വകാര്യത മാനിക്കാതെ സൂപ്രണ്ട് സിസ്റ്റർ പരിശോധിക്കുകയും ചെയ്തു .ഇക്കാര്യം സൂപ്രണ്ട് നിരാകരിച്ചതോടെ കാര്യങ്ങൾ കൂടുതൽ വഷളാകുകയാണ് ഉണ്ടായത് .ഈ സംഭവം തന്റെ സന്യാസം സ്വീകരിക്കുന്ന പാതയെ സാരമായി ബാധിച്ചതായി ജെസ്മി വ്യക്തമാക്കുന്നുണ്ട് .

## 3.3 കന്യാസ്ത്രീ മഠത്തിലേക്ക്

ഡിഗ്രിക്ക് ശേഷം ബിരുദാനന്തര ബിരുദത്തിനായി തിരികെ അമല കോളേജിൽ എത്തിയ ജെസ്മിക്ക് പുതിയ നിയമപ്രകാരം മറ്റു കന്യാസ്ത്രീകൾക്കൊപ്പം ആസ്പിരന്റായി മഠത്തിൽ കഴിയാൻ അവസരം ലഭിക്കുന്നു വർഷങ്ങളുടെ കാത്തിരിപ്പിന് ശേഷം 1977 ആഘോഷപൂർവ്വം മഠത്തിന് ആവൃത്തിയിൽ പ്രവേശിച്ച നിമിഷത്തെ ജെസ്മി ഭക്തിയോടെ ഓർക്കുന്നു ഈ സഹവാസം കന്യാസ്ത്രീകളുമായി അടുക്കാൻ അവരെ സഹായിച്ചു എങ്കിലും പ്രതീക്ഷകൾക്ക് വിപരീതമായി നിരാശാജനകമായ സംഭവങ്ങളും ദർശിക്കേണ്ടതായി അവർക്ക് വരുന്നുണ്ട്.

പുറംലോകത്ത് ഭക്തിയുടെയും ത്യാഗത്തിന്റെയും സഹാനുഭൂതിയോടെയും എല്ലാം കാണപ്പെടുമ്പോഴും മഠത്തിനുള്ളിൽ അരങ്ങേറുന്ന അനീതികളെയും അഭിപ്രായവ്യത്യാസങ്ങളെയും മറയില്ലാതെ പങ്കുവയ്ക്കാൻ അവർ ശ്രമിക്കുന്നുണ്ട് മഠത്തിലെ ചില കന്യാസ്ത്രീകൾ പ്രാർത്ഥനയിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്നതും എപ്പോഴും ജോഡികളായി കാണപ്പെടുന്നതും സന്യാസത്തോടുള്ള തൻറെ കാഴ്ചപ്പാട് മാറ്റുന്നതായിരുന്നു. ഇതുകൂടാതെ മഠത്തിലെ നിവാസികൾ രണ്ടു ചേരിയാ

യി തിരിഞ്ഞു. അതിനാൽ പുതിയതായി വരുന്നവർക്ക് ഏതെങ്കിലും ഒരു ഭാഗം പിടിക്കാതെയും സ്വസ്ഥമായി താമസിക്കാൻ കഴിയാതെയും വരുന്നു ഇതെല്ലാം ജെസ്മി ഉദ്ദേശിച്ച സന്യാസ ജീവിതത്തെക്കാൾ എത്രയോ വിദൂരമായിരുന്നു എന്ന് അവർ തിരിച്ചറിയുന്നു.

പഠനത്തിനുശേഷം അമല കോളജിൽ തന്നെ ടീച്ചറായി നിയമനം ലഭിച്ചതോടെയാണ് മാനേജ്മെന്റുമായുള്ള പ്രശ്നങ്ങൾ ആരംഭിക്കുന്നത്. മുതിർന്ന സിസ്റ്റർ ആയ ക്ലൗഡിയയുടെ അനിഷ്ടത്തിന് പാത്രം ആയതോടെ വിവിധ രീതിയിലുള്ള ശിക്ഷ നടപടികൾക്ക് തീർന്നു. ടീച്ചറായ ജോലിയെ പ്രവേശിക്കേണ്ട തീയതി തെറ്റായി നൽകിയതിനാൽ അവർ വൈകി പ്രവേശിക്കുകയും വിട്ടു പോയ ദിനങ്ങൾ കൂടി ഒപ്പുവയ്ക്കാൻ നിർബന്ധിക്കുന്നു. അധ്യാപനത്തിലേക്കുള്ള ആദ്യ ദിനങ്ങൾ തെറ്റിലൂടെ ആയതിനാൽ ജെസ്മിക്ക് അത് ദു:ഖം ഉണ്ടാക്കുന്നുണ്ട്.

സഭയിൽ നിന്നും മഠത്തിൽ നിന്നും വിവിധ രീതിയിലുള്ള എതിർപ്പുകളും പ്രശ്നങ്ങളും ജെസ്മിക്ക് അഭിമുഖീകരിക്കേണ്ടതായി വരുന്നുണ്ട്. .കന്യാസ്ത്രീ ആകുന്നതിന്റെ അവസാന ചടങ്ങുകളും പൂർത്തീകരിച്ചുകൊണ്ട് തന്റെ അധ്യാപന ജോലിയിലേക്ക് തിരികെയെത്തുന്ന ജെസ്മി തന്റെ സഹപ്രവർത്തകരിൽ നിന്നും നേരിടുന്ന പ്രശ്നങ്ങൾ അവരെ ഗുരുതരമായി ബാധിക്കുന്നുണ്ട്.

സീനിയർ സിസ്റ്റർ എന്ന നിലയിൽ സഭാജീവിതം മുഴുമിക്കും മുമ്പേതന്നെ സഭയിൽനിന്നും എം ഫിൽ ചെയ്യാൻ ആവശ്യപ്പെട്ടതിൽ പ്രകാരം ജെസ്മി കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ കീഴിൽ എം ഫിൽ ചെയ്യുകയും ക്ലാസുകൾക്ക് ശേഷം കോഴ്സും പ്രോജക്റ്റും കൃത്യമായി പൂർത്തീകരിക്കുകയും ചെയ്യുന്നു.അക്കാലത്ത് തന്നെ മരണക്കിടക്കയിൽ ഉള്ള പിതാവിനെ കാണാൻ അനുവാദം ചോദിക്കുമ്പോൾ അതും നിഷേധിക്കുന്നതിനാൽ മരിക്കുന്നതിനുമുമ്പ് പിതാവിനെ ഒരു നോക്കു കാണാനോ ശുശ്രൂഷിക്കായി കുടുംബസമേതം ഇരിക്കുവാനോ അവർക്ക് സാധിക്കുന്നില്ല. പണ്ടുകാലത്ത് സിസ്റ്റേഴ്സിന് അവരുടെ മാതാപിതാക്കൾ മരിക്കുമ്പോൾ കാണാൻ സാധിക്കുന്നില്ല എന്ന പ്രാകൃതമായ നിയമങ്ങൾ വെച്ചുകൊണ്ടാണ് ഉത്തരം കാര്യങ്ങൾ ഇത്രയും വർഷം കഴിഞ്ഞിട്ടും അവരത് മനപ്പൂർവ്വം പാലിക്കുന്നത് അതിനാൽ തന്നെ ഒരേ സഭയിൽ തന്നെ പുരുഷന്മാർക്കും സ്ത്രീകൾക്കും നേരിടേണ്ടിവരുന്ന വിഭാഗീയതയെ കുറിച്ച് ഇവിടെ പറയുന്നുണ്ട് പുരോഹിതർക്ക് അവരുടെ ഇഷ്ടത്തിന് അനുസരിച്ച് അവർ പണം സമ്പാദിക്കുവാനോ അവരുടെ കുടുംബത്തോടൊപ്പം വിശേഷദിവസങ്ങൾ ആസ്വദിക്കാനും കഴിയുന്നു എന്നാൽ

കന്യാസ്ത്രീകൾക്ക് അവരുടെ കുടുംബത്തോടൊപ്പം ചെലവഴിക്കുന്നതിനും ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യുന്നതിന് വിലക്കുകൾ ഏർപ്പെടുത്തുന്നുണ്ട്.

എംഫിൽ കോഴ്സിന് ശേഷം തിരക്കി അധ്യാപക ജോലിയിൽ തുടരവേ എംഫിലിന് ഒന്നാം റാങ്ക് ലഭിച്ചതായി അറിയുകയും അത് അധികാരികളെ അറിയിക്കുമ്പോൾ വളരെ മോശമായുള്ള രീതിയിലുള്ള പ്രതികരണമാണ് അവരുടെ അടുത്ത് നിന്ന് ലഭിക്കുന്നത്അതോടൊപ്പം കോളേജിലെ മറ്റ് അധ്യാപികമാർ എം കോഴ്സിനായി പോകുമ്പോൾ അവരുടെ കൂടെ ഉത്തരവാദിത്വം ജെസ്മിയുടെ പക്കൽ ഏൽപ്പിക്കുകയും അവർക്കത് നിരാകരിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു്.

ധാരാളം ജോലികൾ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും അത് കൃത്യമായി ചെയ്യാൻ സാധിക്കാതെ നിശ്ചിത സമയത്തിനുള്ളിൽ മഠത്തിൽ കയറണമെന്നും മറ്റു കാര്യങ്ങൾ ചെയ്യണം എന്നും അവരെ നിർബന്ധിക്കുകയുണ്ടായി.പ്രിൻസിപ്പലിന്റെ അനിഷ്ടത്തിന് പാത്രമായി വരികയായാൽ അവരോട് നിർദ്ദേശപ്രകാരം ലീവ് അനുവദിച്ചു തരികയും ഒഴിവുസമയങ്ങൾ ധാരാളം ലഭിച്ചതിനാൽ മഠത്തിലെ ടിവി ഉപയോഗിക്കാം എന്ന് വിചാരിക്കുമ്പോൾ അതിലും വിലക്കുകൾ ഏർപ്പെടുത്തിയതായി ജാസ്മി അറിയുന്നു എല്ലാ ജോലികളിൽ നിന്നും ഒരു സിസ്റ്ററെ വിച്ഛേദിച്ചു മാറ്റി നിർത്തുക എന്നത് ഒരുതരം ശിക്ഷാരീതിയാണെന്ന് പ്രമാണ രേഖയിൽ വായിച്ചതായി അവർ ഓർക്കുന്നു എല്ലാ സിസ്റ്റേഴ്സിനോടും കോളേജിലെ അറ്റൻഡർമാരോടും ജാസ്മിയുമായി യാതൊരുവിധ ബന്ധവും വയ്ക്കരുത് എന്നും അധികാരികൾ പറഞ്ഞു വെച്ചിരിക്കുന്നു.

ഇതോടൊപ്പം വളരെ ഗൗരവമായ ശിക്ഷാരീതികൾ കൂടി നടത്തുന്നത് ജെസ്മി വെളിപ്പെടുത്തുന്നുണ്ട് മുതിർന്ന സിസ്റ്റർ ജെസ്മിയെ ശാരീരികമായ അസുഖങ്ങൾ ഉണ്ടെന്ന് കാണിച്ച് ആശുപത്രിയിലാക്കുവാൻ ശ്രമിക്കുന്നുണ്ടായിരുന്നു ശാരീരികമായി വളരെയധികം ആരോഗ്യവതിയായി കാണപ്പെട്ടതിനാൽ മനശാസ്ത്രജ്ഞനെ കാണിക്കാൻ അവർ തീരുമാനിക്കുന്നുണ്ട് ജാസ്മിയുടെ മാനസികനില തകരാറിൽ ആണെന്ന് കാണിച്ചു അവരെ നിശബ്ദതയാക്കാനാണ് അധികാരികൾ ശ്രമിച്ചത് ഈ ശ്രമവും വിഫലമായതോടെ നേരത്തെ ഉള്ളതിനേക്കാൾ കൂടുതൽ പ്രശ്നങ്ങൾ നേരിടേണ്ടതായി വരുന്നുണ്ട്.

എന്തുകൊണ്ടാണ് അധികാരികൾ അവരെ മനോരോഗ ചികിത്സയ്ക്ക് പ്രേരിപ്പിക്കുന്നത്? ജെസ്മിയുടെ തുറന്നുപറച്ചിലുകളും നേർവഴികളും അധികാരികളുടെ രഹസ്യങ്ങൾ വെളിവാക്കുമെന്ന് അവർ ഭയപ്പെട്ടു. കൂടാതെ സന്യാസ സമൂഹത്തിന് വ്യവസ്ഥാപിതമായ ചട്ടക്കൂടുകൾക്ക് വെളിയിലായിരുന്നു ജെസ്മിയുടെ പ്രവർത്ത

നങ്ങൾ ഇതെല്ലാം കൊണ്ട് നിരന്തരം സന്യാസ സമൂഹത്തിന്റെയും മാനേജ്മെന്റി ന്റെയും അനിഷ്ടത്തിന് അവർ മാത്രമായി മാറുന്നു.

എംഫിലിനു ശേഷം പി.എച്ച്.ഡിക്ക് ശ്രമിക്കുമ്പോഴും അതിനെ എതിർത്തുകൊണ്ടും അനുവാദം നൽകാതെയും പെട്ടെന്ന് തന്നെ പി.എച്ച്.ഡി റദ്ദ് ചെയ്തുകൊണ്ട് നീണ്ട കാലം പ്രാർത്ഥനയ്ക്ക് അവധിയെടുക്കാൻ അധികാരികൾ നിർബന്ധിച്ചു. മറ്റു മാർ ഗ്ഗമില്ലാതെ പി.എച്ച്.ഡി. ഉപേക്ഷിച്ചു കൊണ്ടാണ് ജെസ്മി ലീവ് നിർബന്ധിതയാകു ന്നു. അതോടൊപ്പം അനുസരണ വ്രതത്തിന്റെ ഭാഗമായി മറ്റു കന്യാസ്ത്രീകളോട് മാപ്പു പറയണമെന്ന് നിബന്ധനയും അവർ പാലിച്ചു മേലധികാരികൾ അവരുടെ വിധി ന്യായങ്ങളിലും ശിക്ഷണത്തിലും കാണിക്കുന്ന ഇരട്ടത്താപ്പും വഞ്ചനാത്മകത യും സഭക്കുള്ളിൽ നീതി നിഷേധത്തെയും സൂചിപ്പിക്കുന്നു . അധികാരികൾക്കിടയി ലും സ്വാധീനമുള്ള കന്യാസ്ത്രീകൾക്ക് പ്രത്യേക പരിഗണനയും അതേസമയം നിസ്സാര അനുസരണക്കേടോ ലൈംഗിക ചപലതകളോ കാണിക്കുന്ന സ്വാധീനം ഇല്ലാത്ത കന്യാസ്ത്രീകൾക്ക് കനത്ത ശിക്ഷ നൽകുകയും ചെയ്തിരുന്നു.

## 3.4 സഹപ്രവർത്തകരുമായുള്ള അഭിപ്രായവ്യത്യാസം

ജെസ്മി അധ്യാപികയായ കോളേജിന്റെ സുവർണ്ണ ജൂബിലി ആഘോഷ ങ്ങൾക്കായി പുതിയ പദ്ധതികളുടെ ചർച്ചയിൽ പ്രവേശന സമയത്ത് ഡൊണേഷൻ വാങ്ങുക എന്ന നിർദ്ദേശം മുന്നോട്ടുവയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ വർ ഷങ്ങളായി പ്രവേശനത്തിനു നിയമനത്തിനോ വേണ്ടി കോളേജ് ഒരിക്കലും കോഴ വാങ്ങിയിട്ടില്ല എന്നത് അഭിമാനകരമായ കാര്യമായതിനാൽ ജെസ്മി ഈ ആശ യത്തെ എതിർക്കുന്നു.ഇക്കാര്യം എതിർത്ത ഏക വ്യക്തി എന്ന നിലയിൽ സഹപ്രവ ർത്തകരുടെ കണ്ണിലെ കരടായി അവർ കാണപ്പെട്ടു. എതിർപ്പ് വകവയ്ക്കാതെ കോഴ സ്വീകരിക്കുന്നതിന് അനുകൂലമായ തീരുമാനം മാനേജ്മെൻറ് സ്വീകരിക്കുക യും മാനേജ്മെൻറ് ആവശ്യപ്പെട്ട തുക നൽകാൻ കഴിയാതെ അവസരം നഷ്ടമായ ധാരാളം വിദ്യാർത്ഥികളുടെ അവസ്ഥ നിസ്സഹായതയോടെ നോക്കി കാണാൻ മാത്രമാണ് അവർക്ക് കഴിഞ്ഞത് .കോഴയുടെ കാര്യം വാർത്തകളിൽ ഇടം പിടി ക്കുകയും അധികാരികളിൽ നിന്നും നടപടികൾ ഉണ്ടായപ്പോൾ മാത്രമാണ് മാനേജ് മെന്റ് കാര്യത്തിന്റെ ഗൗരവം തിരിച്ചറിയുന്നത്.

സഭയ്ക്കുള്ളിൽ നിന്നുള്ള ചൂഷണം ജെസ്മിയുടെ പ്രമോഷന്റെ ഭാഗമായി റിഫ്ര ഷർ കോഴ്സിനായി അവസരം ലഭിക്കുകയും അധികാരികളുടെ നിർദ്ദേശപ്രകാരം കർണാടകയിലെ ധാർവാർ സർവ്വകലാശാലയിൽ എത്തിച്ചേരുകയും ചെയ്യുന്നു. അവിടെ ഉള്ള അച്ഛന്മാരുടെ സ്ഥലം നിർദ്ദേശിച്ചത് മഠത്തിലെ കന്യാസ്ത്രീകൾ

തന്നെയാണ് അതും പ്രകാരം സ്ത്രീകളെ വളരെ അപൂർവമായി മാത്രം നോക്കുന്ന വിശുദ്ധിയിലും ബ്രഹ്മചര്യത്തിലും ശ്രദ്ധേയനായ ഒരു പുരോഹിതന്റെ അടുത്ത് എത്തിച്ചേരുന്നു.ശാരീരികമായ അവശതകൾ ഉണ്ടെങ്കിൽ പോലും അത് വകവയ്ക്കാതെ ആണ് അധികാരികൾ അവരെ യാത്രയ്ക്ക് പറഞ്ഞുവിടുന്നത്. യാത്ര ചെയ്ത് ജസ്മി പുരോഹിതന്റെ അടുത്ത് എത്തിച്ചേരുമ്പോൾ തുടക്കം മുതൽ അയാളുടെ പെരുമാറ്റത്തിൽ അസ്വഭാവികത കാണുകയും ചെയ്തിരുന്നു. ഒരു പുരോഹിതന്റെ പെരുമാറ്റത്തിന് നേർവിപരീതമായാണ് അദ്ദേഹം പ്രവർത്തിച്ചത്.സ്ത്രീപുരുഷബന്ധത്തെക്കുറിച്ചും സ്ത്രീകളുമായി അവിഹിതബന്ധം പുലർത്തുന്ന പുരോഹിതനെ കുറിച്ചും അദ്ദേഹം വിവരിച്ചു നൽകുവാൻ എന്ന വ്യാജേന തന്റെ മുറിയിലേക്ക് ക്ഷണിച്ചുവരുത്തുകയും അദ്ദേഹം ചെയ്തു.ജെസ്മിയുടെ അനുവാദമില്ലാതെ അവരെ കയറി പിടിക്കുകയും തന്റെ നഗ്നത അവരെ പ്രദർശിപ്പിക്കുകയാണ് ആ പുരോഹിതൻ ചെയ്യുന്നത്. ശേഷം തിരികെ അവരെ റെയിൽവേ സ്റ്റേഷനിൽ എത്തിക്കുകയും അയാൾ ചെയ്യുന്നുണ്ട്. ഈ സംഭവത്തെ പശ്ചാത്താപത്തോടെ അല്ലാതെ ജെസ്മിക്ക് ഓർക്കാൻ കഴിയുന്നില്ല.

ജീവിതത്തിൽ ഇത്തരത്തിലുള്ള ചെറിയ പീഡനങ്ങൾ പോലും പ്രതീക്ഷിക്കാത്ത ഇടമായിരുന്നു സന്യാസജീവിതം എന്നാൽ ഇത്തരം സംഭവങ്ങൾ മഠത്തിനുള്ളിൽ കന്യാസ്ത്രീകൾ എത്രമാത്രം സുരക്ഷിതരാണെന്ന് വസ്തുതയെ ചോദ്യം ചെയ്യുന്നു.ജെസ്മിയുടെ ഓരോ പ്രവർത്തികളും അധികാരികളെ കൂടുതൽ ചൊടിപ്പിക്കുകയാണ് ഉണ്ടായത്. അഡ്മിഷന്റെ പേരിൽ പ്രിൻസിപ്പൽ നടത്തിയ അഴിമതികളെ എതിർത്തുകൊണ്ട് വിദ്യാർഥിനികൾക്ക് അഡ്മിഷൻ തയ്യാറാകിൽ അതിൻറെ പേരിൽ നിരന്തരമായ ചോദ്യം ചെയ്യിലുകളും ശിക്ഷാരീതികളും മഠത്തിൽ നിന്നും നേടേണ്ടതായി വന്നിട്ടുണ്ട്.അനുസരണ വ്രതത്തിന്റെ ഭാഗമായി മഠത്തിൽ നിന്നും ചോദ്യം ചെയ്യാനായി എത്തിയ മദർ പ്രൊവിൻഷ്യൽ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുകയും അതിൽ കഴമ്പില്ലാത്തതിനാൽ അധികാരികളുടെ ഉദ്ദേശം നടക്കാതെ വരികയും ചെയ്യുന്നുണ്ട് മഠത്തിനുള്ളിൽ തന്നെ മറ്റു കന്യാസ്ത്രീകളോട് കാണിക്കുന്ന അനീതിയും ഉപദ്രവവും സമൂഹത്തിലെ തിന്മകളെക്കാൾ ഗുരുതരമാണ്.

തിരഞ്ഞെടുക്കപ്പെട്ട കന്യാസ്ത്രീകളുടെ ഔദ്യോഗിക സമ്മേളനമായ പ്രൊവിൻഷ്യൽ സിസ്റ്റർ ജെസ്മിയും അംഗമായിരുന്നു നിയമങ്ങൾ മാറ്റുന്നതിനും പുതിയവരൂപീകരിക്കുന്നതിനും കൗൺസിലിനെയും തിരഞ്ഞെടുക്കുന്നതിനും മറ്റും അധികാരമുള്ളത് ഈ വിഭാഗത്തിലാണ് ഓരോ മൂന്നുവർഷം കൂടുമ്പോഴും ഫിനാക്സിസ് അംഗങ്ങളെ വോട്ട് വഴി തിരഞ്ഞെടുക്കുകയും ജൂനിയർ സിസ്റ്റേഴ്സിൽ നിന്നും

അതിലേക്ക് ഒരു അംഗത്തെ തിരഞ്ഞെടുക്കുകയും ആണ് പതിവ് അവിടത്തെ രീതി യനുസരിച്ച് ജൂനിയർ സിസ്റ്റർ ചർച്ച സമയത്തു വളരെ അഭിപ്രായങ്ങൾ അടക്കി മൗനം പാലിച്ചാൽ മാത്രമേ അടുത്ത സീസലേക്ക് തിരഞ്ഞെടുക്കുകയും ചെയ്യുകയു ള്ളൂ തന്നെ അഭിപ്രായങ്ങൾ പല വേളകളിലും പ്രകടിപ്പിച്ചതിനാൽ പിന്നീട് ഒരിക്കലും തിരഞ്ഞെടുക്കുന്നില്ല. ചെറിയ സിസ്റ്റർമാർ അഭിപ്രായം മറച്ചുവെച്ചുകൊണ്ട് അട ക്കമുള്ളവരായി നടിക്കണമെന്ന് അധികാരികളുടെ ധാർഷ്ട്യം ഈ സംഭവത്തിൽ വ്യ ക്തമാണ്.

## 3.5 അവസരങ്ങൾ നഷ്ടപ്പെടുന്നു

ജെസ്മി പ്രാർത്ഥനയ്ക്കായി അവധി എടുത്തതിനാൽ പി എച്ച്ഡി പാതിവഴിയിൽ ഉപേക്ഷിക്കേണ്ടതായി വന്നിരുന്നു.വീണ്ടും അതേ ഗൈഡിന്റെ കീഴിൽ പി എച്ച്ഡി തുടരാൻ തീരുമാനിക്കുകയും ഗവേഷണ വിദ്യാർത്ഥിയായി അവസരം ലഭിക്കുകയും ചെയ്യുന്നു. പുതിയ എന്നാൽ ഗവേഷണത്തിന് ലഭിക്കുന്ന സ്കോളർഷിപ്പ് സഹപ്രവ ർത്തകരുടെ അശ്രദ്ധമൂലം നഷ്ടപ്പെടുന്നു

യുജിസി അധ്യാപകരുടെ ഗവേഷണത്തിനുള്ള സ്കോളർഷിപ്പ് ആയ എഫ് .ഐ .പി അർഹതയുള്ള അധ്യാപികയായ ജസ്മിയും ഉണ്ടായിരുന്നു .ഈ ആവശ്യത്തിനായി പ്രിൻസിപ്പൽ മുഖേന കമ്മിറ്റി രൂപീകരിക്കുകയും അതിൻറെ ഉത്തരവാദിത്വമുള്ള സിസ്റ്റർ ചെയ്ത തെറ്റുകൾ കാരണം റാങ്കിങ്ങിൽ ക്രമക്കേട് സംഭവിക്കുകയും ചെയ്യുന്നുമെറിറ്റിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കാൻ പ്രിൻസിപ്പൽ വിസമ്മതി ച്ചതോടെ എഫ് ഐ പി ക്കുള്ള അവസരം മറ്റുള്ളവർക്കും നഷ്ടമാകുന്നുണ്ട്.പ്രിൻസി പ്പലിന്റെ കർക്കശമായ പെരുമാറ്റം കാരണം സ്കോളർഷിപ്പ് നഷ്ടമാവുകയും ജസ്മി ക്ക് അർഹതയുള്ള സ്കോളർഷിപ്പ് ലഭിക്കാതെ വരികയും ചെയ്യുന്നു സ്കോളർഷി പ്പ് ലഭിച്ചതിനാൽ പിഎസ്പിക്ക് സ്കോളർഷിപ്പ് കൊടുക്കേണ്ടതില്ല എന്ന പ്രതി എന്ന തീരുമാനമാണ് കമ്മിറ്റി എടുത്തത് എന്ന് പ്രിൻസിപ്പൽ മുഖ്യാന അറിയാൻ സാധി ക്കുന്നു സഹർപ്രവർത്തകരുടെ ശ്രദ്ധ ഇല്ലായ്മയും അധികാരികളുടെ കടുംപിടു ത്തവും ജസ്മിയുടെയും മറ്റുള്ളവരുടെയും അവസരങ്ങൾ നഷ്ടപ്പെടുത്തുകയും അവരുടെ പ്രയത്നങ്ങളെ നിസ്സാരവൽക്കരിക്കുകയുമാണ് ചെയ്തത്.കമ്മിറ്റിയുടെ തീരുമാനമാണ് ഇതെല്ലാം എന്ന പ്രസ്താവനയെ അംഗീകരിക്കാൻ അവർ തയ്യാറാ കുന്നില്ല കമ്മിറ്റി നിയമമനുസരിച്ച് അല്ല കാര്യങ്ങൾ നടത്തുന്നതെങ്കിൽ ഞാൻ തീർച്ച യായും അതിന്റെ തീരുമാനങ്ങൾക്കെതിരെ കേസ് കൊടുക്കും (പുറം 110) എന്ന് തിരിച്ചടിക്കുന്നു.തന്റെ അവസരം നഷ്ടമായതിനാൽ തിരികെ അധ്യാപന ജോലിയിൽ പ്രവേശിക്കുക മാത്രമായിരുന്നു ഏക പോംവഴി.എതിർത്തു പറഞ്ഞതിനാൽ

പ്രിൻസിപ്പലിന്റെ അനിഷ്ടത്തിന് ഇടവരുകയും ജെസ്മിയെ അവർ മനപ്പൂർവ്വം ഒഴി വാക്കുകയും ചെയ്തിരുന്നു .പിന്നീട് ജെസ്മി തന്നെ പ്രിൻസിപ്പലിനോട് മാപ്പ് ചോദിച്ച് രമ്യതയിലാകുന്നു.

ജെസ്മി അധ്യാപികയായി ജോലി ചെയ്യുന്ന സ്ഥാപനത്തിലെ മേധാവികൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ കാരണവും അവർ ബുദ്ധിമുട്ട് അനുഭവിക്കു ന്നുണ്ട്.മഠത്തിലെ പോലെതന്നെ കോളേജിലും പ്രിൻസിപ്പലും വൈസ് പ്രിൻസിപ്പ ലും രണ്ട് വിഭാഗങ്ങളെ തിരഞ്ഞിരുന്നു അതിനാൽ തന്നെ പല കാര്യങ്ങളിലും അ ഭിപ്രായ വ്യത്യാസങ്ങൾ വന്നുകൊണ്ടിരുന്നുനിലവിലുള്ള പ്രിൻസിപ്പൽ വിരമിക്കുക യും പുതിയ പ്രിൻസിപ്പലായി അധികാരം നൽകുകയും ചെയ്തു അതോടൊപ്പം സിസ്റ്റർ ജെസ്മി വൈസ് പ്രിൻസിപ്പലായി മാറുകയും ചെയ്തുപരസ്പര ശത്രുക്ക ൾ ആയ രണ്ട് വിഭാഗങ്ങളിലെ ഒരു വിഭാഗത്തിന്റെ അംഗമായ പ്രിൻസിപ്പൽ തൻറെ തീരുമാനങ്ങൾക്ക് അനുസരിച്ചാണ് പ്രവർത്തിച്ചിരുന്നത്പ്രിൻസിപ്പലിന്റെ പല തെറ്റു കളും കോളേജിന് സാരമായി ബാധിക്കുന്നു.ഔദ്യോഗിക കാര്യങ്ങളെസംബന്ധിച്ച് അവർ ഒരുപാട് രഹസ്യങ്ങൾ സൂക്ഷിച്ചിരുന്നു. യുജിസിയിൽ നിന്നും നൽകുന്ന ഏതെങ്കിലും പ്രോജക്ട് ഗവൺമെന്റിന് സർക്കുലറുകളും വളരെ സ്വകാര്യമായി വെക്കുകയും ചെയ്തിരുന്നു അതിനാൽ തന്നെ യൂണിവേഴ്സിറ്റിയിൽ നിന്നോ യു ജിസിയിൽ നിന്നുള്ള പ്രധാനപ്പെട്ട ഉത്തരവുകൾ ഒന്നും തന്നെ കോളേജിന് തക്ക സമയത്ത് ലഭ്യമായിരുന്നില്ല.

### 3.6 പ്രതിഷേധം

കാലം എത്ര കഴിഞ്ഞിട്ടും സന്യാസ സമൂഹത്തിൽ നിലനിൽക്കുന്ന അടിസ്ഥാന രഹിതമായ ചില നിബന്ധനകളെക്കുറിച്ച് ജെസ്മി പറയുന്നുണ്ട്. പല കാര്യങ്ങളിലും അന്ധമായ അനുസരണം കന്യാസ്ത്രീകൾക്കിടയിൽ നിലനിൽക്കുന്നു അത് അവ രുടെ വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്ന രീതിയിലുള്ള നിയമങ്ങൾ ആകുന്നു ഇവിടെയും കന്യാസ്ത്രീകൾക്കും പുരോഹിതന്മാർക്കും വ്യത്യസ്ത രീതിയിലുള്ള നിയമങ്ങളാണ് സന്യാസ സമൂഹത്തിൽ പാലിക്കുന്നത് സന്യാസ സമൂഹങ്ങളിൽ ഒളി ഞ്ഞും തെളിഞ്ഞും നിലനിൽക്കുന്ന സ്ത്രീവിരുദ്ധതയും അനീതികളെയും ജെസ്മി ചോദ്യം ചെയ്യുന്നുണ്ട്.

'ഇന്ന് സ്ത്രീകളെ നിസ്സാരവൽക്കരിക്കുന്ന പാരമ്പര്യം സഭയിൽ തുടർന്നുകൊണ്ടിരി ക്കുന്നു സ്ത്രീയുടെ പദവി ഉദ്ധരിക്കാൻ വേണ്ട ശ്രമങ്ങൾ രേഖകളിൽ നടക്കു ന്നുണ്ടെങ്കിലും വളരെ വിരളമായ അത് നമ്മുടെ ബോധ്യങ്ങളിലും പ്രവർത്തികളിലും നിലവിളിക്കുന്നുള്ളൂ. കന്യാസ്ത്രീകളെ വെച്ച് നോക്കുമ്പോൾ പുരോഹിതന്മാർക്കാ

ണ് അധികസ്വാതന്ത്ര്യം സഭയും നൽകുന്നത് പ്രാദേശിക പള്ളികളിൽ ഇപ്പോഴും സ്ത്രീ പുരുഷ വിവേചനം ഉണ്ട് എന്നതാണ് ഇതിൻറെ ലളിതമായ ഉത്തരം.'' പുരോഹിതന്മാർക്ക് സാധാരണ വേഷത്തിൽ യാത്ര ചെയ്യുവാനും സിനിമയ്ക്ക് പോകുവാനും വിവാഹം തുടങ്ങിയ സൽകർമ്മങ്ങൾക്ക് പങ്കെടുക്കുവാനും മദ്യം സേവിക്കാനും കഴിയുന്നു. അവരുടെ സാമ്പത്തിക അവസ്ഥ വളരെ ഭദ്രമാണ് പക്ഷേ ഇതൊന്നും കന്യാസ്ത്രീകൾക്ക് ലഭ്യമാകുന്നില്ല വിശുദ്ധമായ പല ചടങ്ങുകളിലും പുരുഷന്മാർക്കാണ് പ്രാധാന്യം കൂടുതൽ ഉള്ളത്.

സന്യാസത്തിന്റെ മറവിൽ തെളിഞ്ഞു നിൽക്കുന്ന പുരുഷാധിപത്യവും സ്ത്രീവിരുദ്ധതയും ജെസ്മി ചൂണ്ടിക്കാണിക്കുന്നുണ്ട് . .കാലങ്ങൾക്കുശേഷം സെന്റ് മരിയ കോളേജിന്റെ പ്രിൻസിപ്പലായി ചെസ്മി അധികാരമേൽക്കുമ്പോൾ തന്റേതായ രീതിയിൽ കോളേജിന്റെ ഉന്നമനത്തിനായി അവർ പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പം കാലാകാലങ്ങളായി കോളേജിൽ നിലനിന്നിരുന്ന ശത്രുതകളെ പൊളിച്ചെഴുതാനും അവർ ശ്രമിക്കുന്നു.ഒരു സ്ഥാപനത്തിൻറെ മേധാവി ആയിരുന്നിട്ടുകൂടി സഹപ്രവർത്തകയിൽ നിന്നും പ്രതീക്ഷിച്ച അത്ര പിന്തുണ പലപ്പോഴും സിസ്റ്റർ ജസ്മിക്ക് ലഭ്യമായിരുന്നില്ല .മുൻ പ്രിൻസിപ്പലും മാനേജ്മെൻറ് നടത്തിയിരുന്ന അനധികൃതമായ കോഴ വാങ്ങലിന്റെയും ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടി വരുന്നത് ജെസ്മിക്കാണ്. മുൻ പ്രിൻസിപ്പലിന്റെ ഉത്തരവ് അനുസരിച്ച് വലിയൊരു തുക ഡെപ്പോസിറ്റിൽ നിന്നും പിടിച്ചെടുത്തിട്ടുണ്ടായിരുന്നു എന്ന് അവർ അറിയുന്നു. മുഴുവൻ തുകയും തിരികെ നൽകണം എന്ന വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും ആവശ്യം വളരെ അധികം ഗുരുതരാവസ്ഥയിലേക്ക് എത്തിച്ചു.

ലൈംഗിക തൊഴിലാളിയായ നളിനി ജമീലയുടെ ഒരു ലൈംഗിക തൊഴിലാളിയുടെ ആത്മകഥ എന്ന പുസ്തകം പ്രകാശനം ചെയ്യുവാൻ സിസ്റ്റർ ജെസ്മിയെ ക്ഷണിക്കുമ്പോൾ അവരത് സ്വീകരിക്കുകയും ഇക്കാര്യം സഭയിൽ അറിയിക്കുകയും ചെയ്തിരുന്നു. 'പാപത്തെ വെറുത്ത് പാപിയെ സ്നേഹിയ്ക്കാൻ'പഠിപ്പിയ്ക്കുന്ന ബൈബിളിൽ വിശ്വസിയ്ക്കുന്ന സിസ്റ്റർ ജെസ്മി, നളിനി ജമീലയുടെ ആത്മകഥാ പ്രകാശനം നടത്താമെന്നേറ്റതും സഭയെ ചൊടിപ്പിച്ചു. അനുസരണ വ്രതത്തിന്റെ പേരിൽ ആ ചടങ്ങിൽ പങ്കെടുക്കാൻ സഭ അവരെ അനുവദിക്കുന്നില്ല.'അവരും ഞാനും വായിക്കുന്ന ഒരേ ബൈബിളിനെ കുറിച്ച് ഓർത്ത് ഞാൻ അത്ഭുതം കൂറി'. ( പുറം 131)

സിസ്റ്റർ ജെസ്മി പ്രിൻസിപ്പൽ ആയിരുന്നു കോളേജിന്റെ പ്രവർത്തനങ്ങളിൽ ഒന്നായ ഫിലിം ഫെസ്റ്റിവലിന്റെ ഒരുക്കങ്ങൾ കോളേജിൽ നടക്കുന്നു.ചലച്ചിത്ര മേള

മായി ബന്ധപ്പെട്ട മാസികയിൽ അച്ചടിച്ചു വരുന്ന ലേഖനം മഠത്തിൽ അഭിപ്രായവ്യ ത്യാസങ്ങൾ കൊണ്ടുവരുന്നു.കുട്ടികളിലേക്ക് ചലച്ചിത്രവും മറ്റു കലകളും എത്തിക്കു ക എന്ന ലക്ഷ്യത്തോടെയാണ് ചലച്ചിത്ര മേളകൾ കോളേജിൽ അരങ്ങേറിയത്. എന്നാൽ ഇതേ ചലച്ചിത്രമേളകളെ മുൻനിർത്തി ചില അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ജസ്മിക്കുമേൽ ഉന്നയിക്കുകയുണ്ടായി.

ഒന്നാമതായി സെൻറ് മരിയ കോളേജിലെ പ്രിൻസിപ്പൽ സ്ഥിരമായി ബ്ലൂ ഫിലിം കാണുകയും അറ്റൻഡർ പെൺകുട്ടികളെ അത് കാണുവാൻ നിർമ്മിക്കുകയും ചെയ്യുന്നു എന്ന് മാത്രമല്ല അവരുമായി സിസ്റ്റർ ലൈംഗിക വൈകൃതങ്ങളിൽ ഏർപ്പെടുന്ന ഏർപ്പെടുന്നുണ്ട് തുടങ്ങിയ ആരോപണങ്ങൾ അവർക്കുമേൽ ഉന്നയി ക്കപ്പെട്ടു.മറ്റൊരു ഘട്ടത്തിൽ ഒരു പെൺകുട്ടിയോട് വസ്ത്രം അഴിക്കുവാൻ സിസ്റ്റ ർ ആവശ്യപ്പെട്ടതായി പറഞ്ഞുകൊണ്ട് ഊമക്കത്തുകൾ മാനേജ്മെന്റിന് ലഭിക്കുന്നു.

ഇത്തരം ആരോപണങ്ങൾ ഊമക്കത്തുകൾ വഴിയാണ് പ്രചരിച്ചത്. തന്റേതല്ലാ ത്ത കാരണത്താൽ വീണ്ടും മഠത്തിന്റെ അധികാരികളുടെചോദ്യം ചെയ്യലുകൾക്ക് വിധേയ ആവേണ്ടതായി ജെസ്മിക്ക് വരുന്നുണ്ട്. പിന്നീട് രണ്ടു ആരോപണങ്ങ ളുടെയും സത്യാവസ്ഥ വെളിപ്പെടുകയും പ്രവർത്തിച്ച വ്യക്തികളെ തിരിച്ചറിയുക യും ചെയ്യുന്നു. പല രീതികളിൽ സിസ്റ്റർ ജസ്മിയെ അധികാരത്തിൽ നിന്നും സഭ യുടെ പ്രവർത്തനങ്ങളിൽ നിന്നും മാറ്റി നിർത്താൻ മറ്റുള്ളവർ ശ്രമിക്കുന്നുണ്ട്. പ്രിൻ സിപ്പൽ ആയ ജെസ്മിക്കെതിരെ ആരെങ്കിലും റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ അധികാരികൾ അത് പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തിരുന്നത്. ഈ ഒരു സാഹ ചര്യത്തിൽ മൂന്ന് വർഷത്തോളം പ്രിൻസിപ്പലായി അവർ അധികാരത്തിലിരുന്നു . തന്റെ മേൽ ആരോപിച്ച പല വസ്തുതകളെയും ശക്തമായി എതിർക്കുകയും ചെയ്തതിലൂടെ ജെസ്മിയെ മറ്റു രീതികളിൽ നിശബ്ദയാക്കാൻ സഹപ്രവർത്തകർ തീരുമാനിക്കുന്നുണ്ട്. സഭയിൽ നിന്നും സഹപ്രവർത്തകരിൽ നിന്നും ഇത്രയധികം എതിർപ്പുകൾ ഉണ്ടാകുമ്പോഴും കോളേജുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുവാനുള്ള ജെസ്മിയുടെ ശ്രമത്തിനിടയിലാണ് ശാരീരികമായ ബുദ്ധിമുട്ടുകളും അവരെ അലട്ടുന്നുണ്ട്. തന്നെ ബാധിച്ച തൈ റോയ്ഡ് രോഗത്തെക്കുറിച്ചും അവർ സംസാരിക്കുന്നു. ഈ അവസരവും അധികാ രത്തിൽ നിന്നു മാറ്റാനുള്ള വഴിയായാണ് സഹപ്രവർത്തകരും സഭാധികാരികളും കണ്ടത്. പ്രിൻസിപ്പലായി ജെസ്മി അധികാരത്തിൽ ഇരിക്കുമ്പോൾ തന്റെ അധികാ രപരിധിയിൽ വരുന്ന പല കാര്യങ്ങളും അവരെ അറിയിക്കുകയോ അവരുടെ തീരു മാനമില്ലാതെ നടത്തുകയും ചെയ്തിരുന്നു. അതോടൊപ്പം വിദ്യാർത്ഥികളുടെ

വിലപ്പെട്ട രേഖകളും മറ്റും വളരെ നിസ്സാരമായി കൈകാര്യം ചെയ്യുന്ന സന്ദർഭങ്ങൾക്കും അവർ സാക്ഷ്യം വഹിക്കുന്നു.

ജെസ്മിയുടെ പോരാട്ടത്തെ വകവയ്ക്കാതെ അവരെ പ്രിൻസിപ്പൽ കസേരയിൽ നിന്നും മാറ്റുകയാണ് എന്ന തീരുമാനം ലോക്കൽ സുപ്പീരിയർ അറിയിക്കുമ്പോൾ തന്നെ കന്യാസ്ത്രീ ജീവിതത്തിൽ നിന്നുകൂടി മാറ്റുമോ എന്ന് പ്രതികരണമാണ് ജെസ്മിയിൽ നിന്നുണ്ടാകുന്നത്. അധികാരത്തിൽ നിന്നും മാറ്റുന്നതിന്റെ കാരണമായി വളരെ മോശമായ ലൈംഗിക ചുവയുള്ള പ്രയോഗങ്ങൾ ജെസ്മി ഉപയോഗിക്കുന്നു എന്നീ അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് അവർ ഉന്നയിക്കുന്നത്. അതോടൊപ്പം ജെസ്മിയെ മാനസികാരോഗ്യത്തിന് ചികിത്സിക്കണം എന്ന് അഭിപ്രായം കൂടെ അധികാരികൾ മുന്നോട്ടുവയ്ക്കുന്നു .ജെസ്മിയുടെ മാനസികനില തകരാറിലാണ് എന്ന വ്യാജേന അവരെ അധികാരത്തിൽ നിന്നും മാറ്റി നിർത്തുവാൻ സഭ വീണ്ടും ശ്രമിക്കുമ്പോഴും അത് വിഫലമാകുന്നു.

എന്നിരുന്നാലും നിരന്തരമായ നിർബന്ധത്തിനു വഴങ്ങുക അല്ലാതെ മറ്റു മാർഗങ്ങൾ ജെസ്മിക്ക് ഉണ്ടായിരുന്നില്ല പ്രിൻസിപ്പൽ സ്ഥാനത്തു നിന്നും നീക്കം ചെയ്യപ്പെട്ട ജെസ്മിയെ നീണ്ട ധ്യാനത്തിനായി പറഞ്ഞു വിടുകയും അതോടൊപ്പം ഡോക്ടറെ കാണിക്കാൻ കൂടാതെ കുടുംബം അവരെ ചികിത്സയ്ക്ക് വിടാൻ സമ്മതിക്കുന്നു എന്ന് കള്ളം പറഞ്ഞുകൊണ്ട് ജെസ്മിയെ തെറ്റിദ്ധരിപ്പിക്കുന്നു ചെയ്യുന്നു എന്നാൽ സത്യാവസ്ഥ മനസ്സിലാക്കുന്ന ജസ്മി താൻ അകപ്പെട്ടിരിക്കുന്ന ഗുരുതരമായ അവസ്ഥയിൽ നിന്നും രക്ഷപ്പെടാൻ തീരുമാനിക്കുകയും പെട്ടെന്ന് തന്നെ വീട്ടിലേക്ക് പുറപ്പെടുകയും ചെയ്യുന്നു. ഇതാണ് അഭേദ്യമായ ആ കോട്ടയിൽ നിന്നും രക്ഷപ്പെടാനുള്ള തന്റെ ആദ്യ ശ്രമം എന്ന് ജെസ്മി പറയുന്നുണ്ട്.

വീട്ടിലെത്തിയ ജെസ്മിയെ അവരുടെ അമ്മ സുരക്ഷിതമായി അവിടെ പാർക്കുകയും മഠത്തിൽനിന്നും സുപ്പീരിയർ അസിസ്റ്റന്റും അവരെ കാണാൻ ശ്രമിക്കുകയും ചെയ്തിരുന്നു. എന്നാൽ മഠത്തിൽ നിന്നും മദർ ജനറൽ ജസ്മിയുടെ സഹോദരനെ ചർച്ചയ്ക്ക് ക്ഷണിക്കുകയും ജസ്മിക്ക് യാതൊരു മരുന്നും നൽകില്ല എന്നും ഉപാധികൾ ഇല്ലാതെ അവർ മാപ്പ് നൽകുന്നു എന്നും സഹോദരന് ഉറപ്പുനൽകി. കുടുംബവും തന്നെ കയ്യൊഴിയും എന്ന അവസ്ഥയിൽ മറ്റു മാർഗങ്ങളില്ലാതെ തിരികെ മഠത്തിൽ പോകാൻ മാത്രമാണ് അവർക്ക് കഴിഞ്ഞത്.

ജെസ്മിയെ കോളേജിൽ തിരിച്ചെടുക്കുകയും പ്രിൻസിപ്പലിന്റെ കസേരയിൽ ഇരുത്തുകയും ചെയ്തു വ്യക്തിപരമായ പ്രാർത്ഥനയ്ക്കായി താൻ ഒരു മാസത്തെ സമയം ആവശ്യപ്പെട്ടിരുന്നത് അവർ അംഗീകരിച്ചിരുന്നു.ഡൽഹിയിൽ പ്രവർത്തിക്കുന്ന

ജസ്മിയുടെ ബന്ധുവായ ഒരു പുരോഹിതനെ അവർ സഹായത്തിനായി സമീപി ക്കുന്നുണ്ട്.പുരോഹിതന്റെ ആവശ്യപ്രകാരം നീണ്ട അവധിയെടുത്ത് ജെസ്മി ഡൽഹിയിൽ എത്തിച്ചേർന്നു. പോകുന്നതിനു മുമ്പ് കോളേജിലും മറ്റും ചെയ്തു തീർക്കാനുള്ള പ്രവർത്തനങ്ങൾ അവർ ചെയ്യുന്നു . അപ്പോഴും അധികാരികളിൽ നിന്നും ലഭിക്കുന്ന മോശമായ പ്രതികരണം ജെസ്മിയെ ദു:ഖത്തിലാഴ്ത്തുന്നുണ്ട്.

## 3.7 രക്ഷപ്പെടൽ

ജെസ്മിയുടെ ബന്ധുവും പുരോഹിതനുമായ ഫാദർ ജോസഫിന്റെ കീഴിയിൽ പ്രവ ർത്തിക്കാൻ ആണ് അവർക്ക് അവസരം ലഭിച്ചത്. അക്കാലത്തുതന്നെ ഗസറ്റഡ് ഓഫീസർ കൂടി ആയ ജെസ്മി പ്രിൻസിപ്പൽ പദവി ഒഴിഞ്ഞിട്ടില്ലെങ്കിലും അവരുടെ അസാന്നിധ്യത്തിൽ കോളേജ്,രേഖകളിൽ പ്രിൻസിപ്പൽ എന്നെഴുതി ഒപ്പുവ യ്ക്കുണ്ടെന്ന് അറിഞ്ഞു. ഇതിനെ ചോദ്യം ചെയ്ത് അധികാരികൾക്ക് കത്തയയ് ച്ചെങ്കിലും മറുപടി ലഭിച്ചില്ല. മതമേധാവികൾ എന്തു നിയമവും ലംഘിക്കാൻ തക്കധൈര്യമുള്ളവരാണ്.അവരുടെ അധികാരത്തിന്റെയും സമ്പത്തിന്റെയും മാന്ത്രി കവടി കറക്കി രക്ഷപ്പെടാനുള്ള ഏതെങ്കിലും പഴുതുകൾ എപ്പോഴും കണ്ടു പിടിക്കാ ൻ അവർക്ക് കഴിയുന്നു. ഈ സമയങ്ങളിലെല്ലാം രക്ഷപ്പെടാനുള്ള ആലോചനകൾ ജെസ്മി നടത്തുന്നുണ്ടെങ്കിലും ഫാദർ ജോസഫിന്റെയും മഠാധികാരികളുടെയും അറിവില്ലാതെ അത് നടപ്പിലാക്കാൻ സാധ്യമല്ല. ഉറ്റ സുഹൃത്തായ ആശയോട് കാര്യം വ്യക്തമാക്കിയപ്പോൾ പൂർണ്ണ പിന്തുണ ലഭിച്ചതോടെ രക്ഷപ്പെടലിനുള്ള തയാറെടു പ്പുകൾ ആരംഭിച്ചു. താമസസ്ഥലവും ട്രെയിൻ ടിക്കറ്റും ഉറപ്പായ സാഹചര്യത്തിൽ ത്തന്നെ ഹാദർ ജോസഫും സ്ഥലത്തില്ലാതെ വന്നതോടെ ജെസ്മി പോകാൻ ത യാറെടുക്കുന്ന വേളയിലാണ് സുഹൃത്തായ സിസ്റ്റർ അനുപമ മേരി ആത്മഹത്യ ചെയ്തതായി അറിയുന്നത്. മഠത്തിലെ കാര്യങ്ങൾ എല്ലാം നിർവ്വഹിച്ച്, തന്നെ പോകാനനുവദിക്കണമെന്ന കത്തും വാടകയും ഡയറക്ടർ ഫാദറിനു നൽകി യ ശേഷമാണ് ജെസ്മി മഠം വിടുന്നത്. സുഹൃത്തിന്റെ അടുത്ത് തങ്ങിയ ശേഷം ദിവ സങ്ങൾക്കുള്ളിൽ നാട്ടിലേക്ക് ജെസ്മി ട്രയിൻ കയറുന്നു.

എറണാകുളത്ത് ട്രെയിൻ ഇറങ്ങുമ്പോഴും തന്നെ കാത്തിരിക്കുന്ന അപകടങ്ങളെ കുറിച്ചവർ ബോധവതിയായിരുന്നു . ജെസ്മിക്ക് പിന്തുണ അറിയിച്ചു കൊണ്ട് സുഹൃത്തുക്കളും എത്തിച്ചേർന്നിരുന്നു.മഠത്തിലെത്തി താൻ സഭയിൽ നിന്നും സന്യാസ ജീവിതത്തിൽ നിന്നും വിരമിക്കുകയാണ് എന്നറിയിച്ചു കൊണ്ടുള്ള സാക്ഷ്യപത്രം ജെസ്മി അധികാരികൾക്ക് കൈമാറിയിരുന്നു.

ജസ്മി കോൺവെൻറ് വിട്ടതറിഞ്ഞ് ധാരാളം മാധ്യമങ്ങൾ അഭിമുഖത്തിനായി സമീപിക്കുകയുണ്ടായി.ഈ അവസരം താൻ അനുഭവിച്ച അനീതികളെ തുറന്നു പറയുവാനും അതോടൊപ്പം ജെസ്മിയുടെ മാനസിക നിലയെ സംബന്ധിച്ച് സഭ ഉന്നയിച്ച ആരോപണങ്ങൾ തെറ്റാണെന്ന് കാണിക്കുവാനും അവർ വിനിയോഗിച്ചു.

## 3.8 പ്രതിരോധം

മഠത്തിൽ നിന്നും അനുഭവിക്കുന്ന അനീതികളെയും ചതിക്കുഴികളെയും എതിർക്കുക എന്ന ലക്ഷ്യത്തോടെയാണ് ജസ്മി സന്യാസ ജീവിതം അവസാനിപ്പിക്കുന്നത്.അവരെന്റെമേൽ മനോരോഗ ചികിത്സ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചില്ലെങ്കിൽ അവസാനശ്വാസം വരെയും ഞാൻ മഠത്തിന്റെ ആവ്യതിക്കുള്ളിൽ കിടന്നു ക്രൂശിക്കപ്പെട്ടേനെ എന്ന് അവർ കരുതുന്നു. സഭയും കോൺഗ്രിഗേഷനും പ്രചരിപ്പിച്ച അപവാദങ്ങളിൽ നിന്നും ജെസ്മിയെ രക്ഷിച്ചത് മാധ്യമങ്ങളാണ്. കേവലം ഒരു പ്രശ്നംഎന്നതിലുപരി സമൂഹം വളരെ ഭക്തിയോടെയുംബഹുമാനത്തോടെയും കണ്ടിരുന്ന സന്യാസ സമൂഹത്തിന്റെ ഉള്ളിൽ നടക്കുന്ന സ്ത്രീവിരുദ്ധതയും അനീതികളെയും പൊതുസമൂഹത്തിനു മുൻപിൽ തുറന്നു കാണിക്കാൻ ഈ സംഭവം ഉപകരിച്ചു .ജെസ്മിയുടെ തീരുമാനത്തെ പിന്തുണച്ചുകൊണ്ട് ധാരാളം വ്യക്തികൾ മുന്നോട്ട് വന്നു .അതിൽ വിദ്യാർത്ഥികളും പുരോഹിതരും കന്യാസ്ത്രീകളും വനിതാ കമ്മീഷനും തുടങ്ങിയവരും ഉൾപ്പെടുന്നു.

മഠം വിട്ട കാര്യം അറിയിച്ചുകൊണ്ട് അധികാരികൾക്ക് കത്തയച്ചിരുന്നുവെങ്കിലും അവർ അത് സ്വീകരിക്കാത്തതിനാൽ ജെസ്മിയെ തിരിച്ചെടുക്കാം എന്ന് സഭയിൽ നിന്നും അറിയിപ്പ് ഉണ്ടായെങ്കിലും ജെസ്മി തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. അടുത്തതായി നിശബ്ദത പാലിക്കാനാണ് സഭ അവരോട് ആവശ്യപ്പെട്ടത് എന്നാൽ താൻ അനുഭവിച്ച കാര്യങ്ങളെ മറച്ചുവയ്ക്കുന്നതോടൊപ്പം തന്റെ മാനസികനില തകരാറിലാണെന്നും സ്ഥാപിക്കാൻ ശ്രമിച്ച സഭയുടെ ദുഷ്പ്രവൃത്തികളെ പൊതുസമൂഹത്തിനു മുൻപിൽ കൊണ്ടുവരാൻ ജെസ്മി ഉറച്ച തീരുമാനമെടുത്തു . തന്റെ നിലനിൽപ്പിന്റെ കൂടി ഇക്കാര്യം മാറിയിരുന്നു.

കാനോനിക നിയമത്തിൽ സന്യാസം ഉപേക്ഷിക്കുന്ന കന്യാസ്ത്രീകൾക്ക് നൽകേണ്ട സാമ്പത്തിക സഹായത്തെ കുറിച്ച് വ്യക്തമാക്കുന്നുണ്ടെങ്കിലും അതും സഭയിൽ നിന്നും ജെസ്മിക്ക് ലഭ്യമാകുന്നില്ല. ഇത് അധികാരികളുടെ ഭാഗത്തുനിന്നുമുള്ള വളരെ മോശമായ നടപടിയായി കാണുന്നു. സഭയ്ക്കുള്ളിലും പുറത്തും കന്യാ

സ്ത്രീകൾ അനുഭവിക്കുന്ന യാതനകളും അനീതികളും ഒരു പരിധിവരെ പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽ പെടുന്നില്ല. പ്രതികരിക്കാനും തുറന്നു പറയാനും ശ്രമിക്കുന്നവരെ ഒന്നെങ്കിൽ നിശബ്ദരാക്കുകയോ ഒറ്റപ്പെടുത്തുകയോ ചെയ്യുന്ന പ്രവണത ഉള്ളതിനാലാണ് ഇത്തരം വെളിപ്പെടുത്തലുകൾ നടക്കാതെ പോയത്.തങ്ങൾ അനുഭവിക്കുന്ന അസമത്വങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് മഠത്തിനെതിരെയോ കുടുംബാംഗങ്ങൾക്കെതിരെ കേസ് കൊടുക്കാനുള്ള ധൈര്യമോ സാമ്പത്തിക അവസ്ഥയോ സന്യാസ ജീവിതം സ്വീകരിച്ചവർക്ക് ഉണ്ടാകുന്നില്ല . അതുകൊണ്ട് അവർ നാലു ചുവരുകൾക്കുള്ളിൽ തന്നെ കിടന്ന് മരിച്ച മണ്ണടിയാൻ നിർബന്ധിതരാകുന്നു .സിസ്റ്റർ ജെസ്മിയെ കുറിച്ച് പല ആരോപണങ്ങളും അക്കാലത്ത് പുറത്തുവന്നിരുന്നു .താൻ പ്രതികരിക്കാത്തിടത്തോളം കാലം എല്ലാവരും അത് വിശ്വസിക്കുമെന്ന യാഥാർത്ഥ്യത്തെ അവർ വ്യക്തമാക്കുന്നു.സന്യാസ ജീവിതത്തിലും സഹപ്രവർത്തനത്തിൽ നിന്നും ജെസ്മി അനുഭവിക്കുന്ന അസമത്വങ്ങൾക്കും അനീതികൾക്കും പ്രതിഷേധമായി അവർക്ക് ത്യജിക്കേണ്ടി വന്നത് തന്റെ  പ്രിൻസിപ്പൽ സ്ഥാനവും ഗസറ്റഡ് പദവിയും യുജിസി അധ്യാപക ജോലിയും ആയിരുന്നു.എന്നിരുന്നാലും ഇത്രയും ഗൗരവമായ ഒരു വിഷയം സമൂഹത്തിൽ എത്തിക്കുന്നതിൽ തനിക്ക് ഊർജ്ജം പകർന്ന എല്ലാവരോടും ജെസ്മി കൃതജ്ഞത അറിയിക്കുന്നു.

# ഉപസംഹാരം

# ഉപസംഹാരം

സിസ്റ്റർ ജെസ്മിയുടെ 'ആമേൻ' എന്ന കൃതിയും നളിനി ജമീലയുടെ ആത്മകഥയും പ്രതിനിധാനം ചെയ്യുന്നത് സാമൂഹിക മാനദണ്ഡങ്ങളെ വെല്ലുവിളിക്കാൻ ധൈര്യപ്പെട്ട രണ്ട് സ്ത്രീകളുടെ ജീവിതമാണ് . സമൂഹത്തിലെ ഗൗരവകരമായ വിഷയങ്ങളിൽ രണ്ട് എഴുത്തുകാരും മൗനം വെടിഞ്ഞു പ്രതികരിക്കുകയും പൊതുസമൂഹത്തിനു മുമ്പിൽ തുറന്നുകാണിക്കുകയുമാണ് ചെയ്യുന്നത് . ജെസ്മിയും കോൺവെന്റ് ജീവിതത്തിന്റെ ഇരുണ്ട വശം വിശദീകരിക്കുമ്പോൾ ലൈംഗിക തൊഴിലാളി എന്ന നിലയിലുള്ള തന്റെ ജീവിതസാഹചര്യവും അവർ അനുഭവിച്ച ചൂഷണങ്ങളും പ്രതികരണങ്ങളും പ്രവർത്തനങ്ങളും ആണ് നളിനി ജമീല തന്റെ ആത്മകഥയിൽ അവതരിപ്പിക്കുന്നത് . ആത്മീയതയുടെയും സാമൂഹികപ്രവർത്തനങ്ങളുടെയും പ്രതീകമായ കന്യാസ്ത്രീമഠങ്ങൾക്കുള്ളിൽ താൻ അനുഭവിച്ച നീതിനിഷേധങ്ങളെ സഹിക്കാൻ തയ്യാറാകാതെ വന്നതോടെയാണ് ജെസ്മിയുടെ പ്രതിഷേധങ്ങൾ തുടങ്ങുന്നത് . കടുത്ത ദാരിദ്രത്തിൽ നിന്നും കുടുംബത്തെ കരകയറ്റാനുള്ള ഉപാധിയെന്ന നിലയിൽ വേശ്യയായ നളിനി ജമീല, താനും മറ്റനേകം ലൈംഗിക തൊഴിലാളികൾ അനുഭവിക്കുന്ന മനുഷ്യാവകാശലംഘനവും അധികാരികളിൽ നിന്നും നേരിടുന്ന ചൂഷണങ്ങൾക്കെതിരെയുമാണ് പ്രതിഷേധിക്കുന്നത് .

പ്രാചീനകാലം മുതൽ സാമൂഹികക്രമത്തെയും അനീതികളെയും ചോദ്യം ചെയ്യുന്നവരെ നിശ്ശബ്ദരാക്കുന്ന പ്രവണത നിലനിൽക്കുന്നതിനാൽ അത്തരം സാഹചര്യങ്ങളിലൂടെയും സിസ്റ്റർ ജെസ്മിയും നളിനി ജമീലയും കടന്നുപോകുന്നുണ്ട് .എന്നിരുന്നാലും പ്രതികൂല സാഹചര്യങ്ങളെ നേരിടുമ്പോൾ രണ്ട് സ്ത്രീകളും ശ്രദ്ധേയമായ ധൈര്യം പ്രകടിപ്പിക്കുന്നു . നിലവിലുള്ള സ്ഥിതി നിലനിർത്താൻ ശ്രമിച്ചവരാൽ നിശബ്ദരാക്കപ്പെടാനോ ഭീഷണിപ്പെടുത്താനോ വിസമ്മതിച്ചുകൊണ്ട് ഉറച്ച തീരുമാനത്തോടെയാണ് ഇവർ പൊതുമധ്യത്തിൽ നിലനിൽക്കുന്നത് .

രണ്ട് ആത്മകഥകളും രചയിതാക്കൾ കടന്നുപോയ ദുരിതപൂർണ്ണമായ ജീവിതസാഹചര്യങ്ങൾക്കൊപ്പം സ്വയം കണ്ടെത്തലിന്റെ യാത്രകൾ കൂടി ആവിഷ്ക്കരിക്കുന്നുണ്ട് . തന്റെ സ്വത്വം , ഇഷ്ടാനിഷ്ടങ്ങൾ ,വ്യക്തിത്വം തുടങ്ങിയവയിലൂടെ കടന്നുപോകുമ്പോൾ അതോടൊപ്പം വിശ്വാസം, സാമൂഹിക പ്രതീക്ഷകൾ, കാഴ്ചപ്പാടുകൾ എന്നീ സങ്കീർണ്ണമായ വലകളും ബന്ധിപ്പിക്കുന്നു.

സിസ്റ്റർ ജെസ്മിയുടെ കൃതിയിലെ പശ്ചാത്തലം ഒരു കത്തോലിക്കാ കോൺവെന്റിന്റെ പരിധിക്കുള്ളിലാണ് സജ്ജീകരിച്ചിരിക്കുന്നത്. അവരിലൂടെയാണ് സന്യാസസമൂഹത്തിലെ യാഥാർഥ്യങ്ങൾ പുറത്തുവരുന്നത് . അതേസമയം നളിനി ജമീലയുടെ ആത്മകഥ ഇന്ത്യയിലെ കേരളത്തിലെ ഒരു ലൈംഗികത്തൊഴിലാളി എന്ന നിലയിലുള്ള അവരുടെ അനുഭവങ്ങൾ പര്യവേക്ഷണം ചെയ്യുന്നു. ലൈംഗികതൊഴിലാളികളുടെ ജീവിതം പൊതുസമൂഹത്തിൽ നിലനിൽക്കുന്നതാണെങ്കിലും അവരിൽ നിന്നും ഒരാൾ അനുഭവങ്ങളും പ്രവർത്തനങ്ങളും തുറന്നെഴുതുന്നത് ആദ്യമാണ് . ഇരു കൃതികളും അവയുടെ എഴുത്തുശൈലികളിലൂടെ അവരുടെ രാഷ്ട്രീയം വ്യക്തമാക്കുന്നുണ്ട് .സിസ്റ്റർ ജെസ്മിയുടെ എഴുത്ത് പലപ്പോഴും തീക്ഷ്ണവും ആത്മാർത്ഥവുമാണെന്ന് വിശേഷിപ്പിക്കപ്പെടുമ്പോൾ, നളിനി ജമീലയുടെ ആത്മകഥ അതിന്റെ സത്യസന്ധവും ധിക്കാരപരവുമായ സ്വരമാണ് ഉപയോഗിക്കുന്നത് .

'ആമേൻ' കത്തോലിക്കാ സഭയ്ക്കുള്ളിലെ അഴിമതിയിലും ദുരുപയോഗത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ , നളിനി ജമീലയുടെ ആത്മകഥ വേശ്യാവൃത്തിയോടുള്ള സാമൂഹിക മനോഭാവങ്ങളെ വെല്ലുവിളിക്കുന്ന ഒരു ലൈംഗികത്തൊഴിലാളിയുടെ പോരാട്ടങ്ങളെയും വിജയങ്ങളെയും എടുത്തുകാണിക്കുന്നു. വ്യത്യസ്ത ജീവിത പശ്ചാത്തലങ്ങളും അനുഭവങ്ങളും ഉണ്ടായിരുന്നിട്ടും,ധൈര്യത്തിന്റെയും സഹിഷ്ണുതയുടെയും പ്രതികരണത്തിന്റെയും പൊതുവായ ബന്ധമാണ് ഇരു കൃതികളെയും യോജിപ്പിക്കുന്ന കണ്ണി.

# ഗ്രന്ഥസൂചി

# ഗ്രന്ഥസൂചി


1. ഗീത പി , പ്രണയം ,ലൈംഗികത, അധികാരം, കറന്റ് ബുക്ക്സ്, തൃശൂർ, 2006
2. ജയകൃഷ്ണൻ.എൻ (എഡി),ഫെമിനിസം,കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2011
3. നടുവട്ടം ഗോപാലകൃഷ്ണൻ,ആത്മകഥാസാഹിത്യം മലയാളത്തിൽ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 1985
4. നളിനി ജമീല,ഞാൻ ലൈംഗികത്തൊഴിലാളി ,ഡി സി ബുക്ക്സ് ,2005
5. പ്രശാന്ത്കുമാർ .എൻ,സ്ത്രീ രചനാദർശനം: ഒരു അവലോകനം,നാഷണൽ ബുക്ക്സ്, കോട്ടയം, 1998
6. മാമ്മൻ മാപ്പിള .കെ. സി ,ജീവിതസ്മരണകൾ, ഡി സി ബുക്ക്സ്, 2007
7. മ്യൂസ്മേരി ജോർജ്, ഉടലധികാരം ,ഒലിവ് പബ്ലിക്കേഷൻസ് , കോഴിക്കോട് ,2015
8. ലളിതാംബിക അന്തർജ്ജനം, ആത്മകഥക്ക് ഒരാമുഖം , കറന്റ് ബുക്ക്സ്,തൃശൂർ 1979
9. വേണുഗോപാലൻ കെ .എം(എഡി), കേരള ലൈംഗികത, ലിംഗനീതി, സൈൻ ബുക്ക്സ് , തിരുവനന്തപുരം 2006
10. ശാരദക്കുട്ടി . എസ്, പെൺവിനിമയങ്ങൾ , ഡി സി ബുക്ക്സ് , കോട്ടയം, 2007
11. സിസ്റ്റർ ജെസ്മി,ആമേൻ , ഡി സി ബുക്ക്സ് ,കോട്ടയം, 2009